# മാനന്തവാടി രൂപത ബുള്ളറ്റിൻ

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/22-24

Vol. 15 / Issue 8
August 2024

"For their sake I consecrate myself , that they also may be consecrated in truth" (John 17:19)





പരിശുദ്ധ അമ്മയുടെ
സ്വർഗ്ഗാരോപണ തിരുനാളിന്റേയും
സ്വാതന്ത്ര്യദിനത്തിന്റേയും

# മംഗളങ്ങൾ

# ബഹു. ജോസ് കുളിരാനി അച്ചന് ആദരാഞ്ജലികൾ



മാനന്തവാടി രൂപതാംഗമായ സ്നേഹ ബഹുമാനപ്പെട്ട ജോസ് കുളിരാനി യച്ചൻ 2024 ജൂലൈ 19 ന് കർത്താവിൽ നിദ്രപ്രാപിച്ചു. പരേതരായ കുളിരാനിയിൽ മത്തായി അന്നമ്മ ദമ്പതികളുടെ മകനായി 1943 ഒക്ടോബർ 9-ാം തീയതി കോട്ടയം ജില്ലയിലെ കടപ്ലാമറ്റത്ത് ജനിച്ചു. സി.ആൻ മേഴ്സി, ചിന്നമ്മ, മത്തായി, സി. ബെറ്റി എസ്. എ. ബി. എസ് എന്നിവർ സഹോദരങ്ങളാണ്. കർഷകരായിരുന്ന മാതാപിതാക്കൾ തലശ്ശേരി അതിരൂപതയിലെ എടൂർ ദേശത്തേക്ക് കുടിയേറി പാർത്തു. എടൂർ സെന്റ് മേരീസ് ഹൈസ്കൂളിൽ നിന്നും കുളിരാനിയച്ചൻ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. പൗരോഹിത്യജീവിതം സ്വപ്നംകണ്ട് വൈദിക പരിശീലനം ആരംഭിച്ച കുളിരാനിയച്ചൻ കുന്നോത്ത്, തലശ്ശേരി എന്നിവിടങ്ങളിൽ നിന്ന് വൈദിക പരിശീലനത്തിന്റെ പ്രാഥമിക പാഠങ്ങൾ പൂർത്തിയാക്കി. തുടർന്ന് ആലുവ സെന്റ് ജോസഫ്സ് സെമിനാരിയിൽ നിന്ന് ഫിലോസഫിയും തിയോളജിയും പൂർത്തിയാക്കി 1969 ഡിസംബർ 22 ന് തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത ആയിരുന്ന അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. തുടർന്ന് നടവയൽ ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി പൗരോഹിത്യ ജീവിതം ആരംഭിച്ചു. മാനന്തവാടി രൂപതയിലെ കബനിഗിരി, ബത്തേരി, മണിമൂളി, കൽപ്പറ്റ, ചെറുകാട്ടൂർ,അമ്പായ ത്തോട്, വാളവയൽ, കണിയാമ്പറ്റ എന്നീ ഇടവകകളിലും, ബൽത്തങ്ങാടി രൂപതയുടെ ഭാഗമായ ജഡ്കൽ ഇടവകയിലും, ഭദ്രാവതി രൂപതയുടെ ഭാഗമായ എൻ.ആർ.പുര ഇടവകയിലും കുളിരാനിയച്ചൻ വികാരിയായി സേവനം ചെയ്തു. 2018 മെയ് മാസം മുതൽ ദ്വാരക വിയാനിഭവനിൽ വിശ്രമജീവിതം നയിച്ചു വരുകയായിരുന്നു.

സേവനം ചെയ്ത ഇടവകകളിലെല്ലാം അജഗണത്തിന് ഇടയനായിത്തീർന്നു

കൊണ്ട് അവരിൽ ഒരാളായിത്തീരുവാൻ അച്ചന് സാധിച്ചു. സാമൂഹ്യമാധ്യമങ്ങൾ സജീവമായി ഉപയോഗിച്ചുകൊണ്ട് തന്റെ അജപാലന ശുശ്രൂഷ കൂടുതൽ കാര്യക്ഷമമാക്കുവാനും യുവജനങ്ങളിലേക്കും പുതുതലമുറയുടെ പുതുജീവിത ശൈലികളിലേക്കും ഇറങ്ങിച്ചെന്നു കൊണ്ട് സുവിശേഷവത്കരണം നവമായി അവതരിപ്പിക്കുവാനും അച്ചന് കഴിഞ്ഞിട്ടുണ്ട്. തീക്ഷണതയിൽ കുറവുവരാതെ പ്രാർത്ഥനയിൽ അടിയുറച്ചുനിന്ന് വിളിച്ചവനോട് വിശ്വസ്തനായിരിക്കുവാനും പുതുതലമുറയിലെ വൈദികർക്ക് മാതൃകയായിത്തീരു വാനും അച്ചൻ പരിശ്രമിച്ചിട്ടുണ്ട്. ആരുടെയും മുഖംനോക്കാതെ തന്റെ അഭിപ്രായം തുറന്നു പറയുവാനും ചർച്ചകളിലും കൂട്ടായ്മകളിലും നിരന്തരം ഇടപെടലുകൾ നടത്തുവാനും അച്ചൻ കാണിക്കുന്ന തീക്ഷണതയും ധൈര്യവും എല്ലാവർക്കും മാതൃക യാണ്. ലാളിത്യത്തിന്റെ മാതൃകയായാണ് അച്ചൻ അറിയപ്പെടുന്നത്. പ്രായം തളർത്താത്ത തീക്ഷണതയും പുതിയ മേഖലകൾ എത്തിപ്പിടിക്കാനുള്ള ആവേശവും അച്ചന്റെ പൗരോഹിത്യ ജീവിതത്തെ വ്യത്യസ്ത മാക്കുന്നു. ശുശ്രൂഷചെയ്ത് കടന്നുപോയ ഇടവകകളിലെല്ലാം ദൈവജനത്തിന്റെ ഓർമ്മയിൽ അച്ചന് പ്രമുഖ സ്ഥാനമുണ്ടെന്നത് ഏറെ അഭിമാനകരമാണ്.

2024 ജൂലൈ 20 രാവിലെ മൃതസംസ്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗത്തിനു രൂപതാ വികാരി ജനറാൾ മോൺ പോൾ മുണ്ടോളിക്കൽ വിയാനി ഭവൻ ചാപ്പലിൽ വെച്ച് നേതൃത്വം നൽകുകയും രണ്ടാം ഭാഗം ദ്വാരക പാസ്റ്ററൽ സെന്ററിന്റെ ചാപ്പലിൽ വെച്ച് നടത്തുകയും ചെയ്തു. തുടർന്ന് ജോസ് അച്ചന്റെ ഭൗതികദേഹം ശനിയാഴ്ച്ച ഉച്ചകഴിഞ്ഞു 1 :30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിന്റെ ചാപ്പലിൽ പൊതുദർശന ത്തിന് വെക്കുകയും ചെയ്തു. അന്നേദിവസം ഉച്ചകഴിഞ്ഞ് 2:30 ന് വിശുദ്ധ കുർബാനയോടെ മൃതസംസ്കാര ശുശ്രൂഷയുടെ മൂന്നാം ഭാഗം തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്തയായിരുന്ന ആർച്ച് ബിഷപ്പ് എമിരിറ്റസ് അഭിവന്ദ്യ ജോർജ് ഞരളക്കാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ആരംഭിച്ചു. തലശ്ശേരി അതി രൂപതാ മെത്രാ പ്പോലീത്തയായിരുന്ന ആർച്ച് ബിഷപ്പ് എമിരിറ്റസ് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം, മാനന്തവാടി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം, വികാരി ജനറാൾ മോൺ പോൾ മുണ്ടോളിക്കൽ, കമില്ലസ് സഭയുടെ പ്രോവിൻഷ്യലും കുളിരാനി അച്ചന്റെ കുടുംബാംഗവുമായ റവ ഫാ ബിജേഷ് കുളിരാനി എന്നിവർ സഹകാർമ്മികരായിരുന്നു. ബഹു കുളിരാനി അച്ചൻ സേവനം ചെയ്ത ഇടവകകളിൽ നിന്നും നിരവധി പേർ ശവസംസ്കാര ശുശ്രൂഷകളിൽ പങ്കെടുക്കുവാൻ എത്തിയിരുന്നു.

ബഹു. ജോസ് കുളിരാനി അച്ചന്റെ ദേഹവിയോഗത്തിൽ മാനന്തവാടി രൂപതാ കുടുംബം ദുഃഖം രേഖപ്പെടുത്തുകയും അച്ചന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കു കയും ചെയ്യുന്നു.



# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് 4:8)**

**Printed, Published and Edited by**
**Fr. Thankachan alias Joseph Paruvummel, Published from Bishop's House**
**Mananthavady, P.B. No. 1, Wayanad 670645.**
**Owned by the Roman Catholic Diocese of Mananthavady**
**Printed at St. Joseph's Offset Press, Mananthavady 670645**

വാല്യം 15 ആഗസ്റ്റ് 2024 ലക്കം 8

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം

സർക്കുലർ ........ 9
രൂപതാ കച്ചേരി വാർത്തകൾ........ 14
മതബോധനരംഗം........ 24
ചെറുപുഷ്പ മിഷൻലീഗ്........ 26
തിരുബാലസഖ്യം ........ 30
Department of Youth Ministry........ 31
കെ.സി.വൈ.എം........ 32
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി........ 38
കുടുംബപ്രേഷിതത്വം........ 40
സീയോൻ വാർത്തകൾ ........ 51
സാമൂഹ്യ സേവനരംഗം (WSSS)........ 52
ജീവസ് & കെ.എൽ.എം ........ 59
നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി........ 63
കത്തോലിക്കാ കോൺഗ്രസ്സ് ........ 66
ബയോവിൻ അഗ്രോ റിസർച്ച്........ 69
റേഡിയോ മാറ്റൊലി ........ 72
Mary Matha Arts & Science College........ 74
കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ........ 77
ഫെഡാർ ഫൗണ്ടേഷൻ........ 84
ബിഷപ്സ് പ്രോഗ്രാം........ 85

No: 4034/K-5/KCBC/OL/DS

## ജസ്റ്റിസ് സൺഡേ (നീതിഞായർ) 2024 ആഗസ്റ്റ് 18
## കെ.സി.ബി.സി. എസ്.സി./എസ്.റ്റി./ബി.സി. കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ക്രിസ്തുവിൽ ഏറ്റവും പ്രിയ ബഹു. വൈദികരേ, പ്രിയ സിസ്റ്റേഴ്സ്, സഹോദരി സഹോദരന്മാരേ,

ഭാരതം സ്വതന്ത്രയായിട്ട് 77 വർഷം തികയുകയാണ്. മതേതര ജനാധിപത്യ രാജ്യം ആയ നമ്മുടെ ഭാരതത്തിൽ ജാതിയുടെയും മതത്തിന്റെയും പേരിൽ വിവേചനം അനുഭവിക്കുന്ന ക്രിസ്തുമത വിശ്വാസികളായ ദളിത് ക്രൈസ്തവരുടെ അവസ്ഥ മുൻകാലങ്ങളേക്കാൾ വളരെ ദയനീയമാണ്.

ജാതിയുടേയോ മതത്തിന്റെയോ പേരിൽ ഒരു പൗരന്റെയും അവകാശങ്ങൾ നിഷേധിക്കാൻ പാടില്ല എന്ന് ഭരണഘടന ആർട്ടിക്കിൾ 25 വ്യക്തമാക്കുമ്പോൾ കഴിഞ്ഞ 76 വർഷമായി സ്വന്തം രാജ്യത്ത് ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെട്ട് കഴിയുന്നവരാണ് നമ്മുടെ സഹോദരന്മാരായ ദളിത് ക്രൈസ്തവർ.

ക്രിസ്തുമതം സ്വീകരിച്ചു എന്ന ഒറ്റ കാരണത്താലാണ് പട്ടിക ജാതി സംവരണം നിഷേധിക്കപ്പെട്ടത്.

1950 ആഗസ്റ്റ് 10ന് ഇന്ത്യൻ പ്രസിഡണ്ട് ഇറക്കിയ പ്രത്യേക ഉത്തരവിന്റെ മൂന്നാം ഖണ്ഡികയിലാണ് ഈ അവകാശനിഷേധം. ഹിന്ദുമത വിശ്വാസികളായ ദളിതർക്കു മാത്രമായി പട്ടികജാതി സംവരണം പരിമിതപ്പെടുത്തി. എന്നാൽ 1956ൽ സിക്ക് വിശ്വാസികളെയും 1990ൽ ബുദ്ധമത വിശ്വാസികളായ ദളിതരെയും ഈ പട്ടികയിൽ ഉൾപ്പെടുത്തി. കേന്ദ്ര സംസ്ഥാന സർക്കാരുകൾ പിന്നാക്ക വിഭാഗങ്ങളെ കുറിച്ച് പഠിക്കുവാൻ നിയോഗിച്ച കമ്മീഷനുകൾ എല്ലാം പട്ടികജാതിക്കാരെ പോലെ ക്രിസ്തുമതം സ്വീകരിച്ച ദളിതരും പിന്നാക്കമാണ് എന്നും അവരെയും പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ നാളിതുവരെയായി ഈ ആവശ്യം അംഗീകരിച്ചു തന്നിട്ടില്ല. ഇതിലൂടെ ഭരണ പങ്കാളിത്തവും ഉദ്യോഗ, വിദ്യാഭ്യാസ പ്രവേശനവും വിദ്യാഭ്യാസ ആനുകൂല്യവും, നിയമനങ്ങളും ലഭിക്കുന്നില്ല.

ഈ അനീതിക്കെതിരെയാണ് 1986ൽ ഗോവയിൽ കൂടിയ ഭാരത കത്തോലിക്കാ മെത്രാൻ സമിതി [CBCI] ആഗസ്റ്റ് 15 കഴിഞ്ഞ് വരുന്ന ഞായറാഴ്ച നീതി ഞായർ ആയി (ജസ്റ്റിസ് സൺഡേ) ആചരിക്കുവാൻ ആഹ്വാനം ചെയ്തത്.

ഭാരതത്തിലെ കത്തോലിക്ക സഭയിൽ രണ്ട് കോടി ജനങ്ങളിൽ ഒന്നരക്കോടി ജനങ്ങളും ദളിത് വിഭാഗത്തിൽ നിന്നും കത്തോലിക്ക വിശ്വാസം സ്വീകരിച്ചവരാണ്.

ഇവർ അനുഭവിക്കുന്ന ഈ നീതി നിഷേധം ക്രൈസ്തവ വിശ്വാസം സ്വീകരിച്ചതുകൊണ്ടു മാത്രമാണ്. അവരുടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കുവാൻ അവരോടൊപ്പം പങ്കുചേരുവാനും ഐക്യദാർഢ്യം പ്രകടിപ്പിക്കുവാനും നീതി നിഷേധത്തിനെതിരെ അവർക്കൊപ്പം നിൽക്കുവാനുമാണ് നീതി ഞായർ ആചരിക്കുന്നതിന്റെ ലക്ഷ്യം. നമ്മളോടൊപ്പം ആയിരിക്കുന്ന ഈ സഹോദരന്മാരെ കൈപിടിച്ചുയർത്തേണ്ടതും വളർത്തേണ്ടതും നമ്മുടെ കടമയും കർത്തവ്യവുമാണ്. സ്വന്തമായി കിടപ്പാടം ഇല്ലാത്തവരും വാടകവീടുകളിൽ കഴിയുന്നവരും സ്വന്തമായി ഭവനം ഇല്ലാത്ത അംഗങ്ങളും ഈ സമൂഹത്തിൽ നിരവധിയാണ്. ഒരു ഭവനത്തിൽ തന്നെ കൂട്ടുകുടുംബമായി കഴിയുന്നവരുമുണ്ട്. അതുപോലെ തന്നെ സ്ഥിരമായ തൊഴിലുകൾ ഇല്ലാത്ത അവസ്ഥ ഈ സമൂഹത്തെ കൂടുതൽ ദുരിതത്തിന് കാരണമായിട്ടുണ്ട്.

കേന്ദ്രസർക്കാർ പട്ടികജാതി സംവരണം നിഷേധിക്കുമ്പോൾ സംസ്ഥാന സർക്കാരുകളും വിവിധ ഉത്തരവുകളിലൂടെ ദളിത് ക്രൈസ്തവരെ പീഡിപ്പിച്ചു കൊണ്ടിരിക്കുന്നു. 1959 മുതൽ ലഭിച്ചുകൊണ്ടിരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഒന്നൊന്നായി നിഷേധിച്ചു കൊണ്ടിരിക്കുന്നു. കമ്മ്യൂണിറ്റി ക്വോട്ടയിലെ പ്രവേശനം ലഭിക്കുകയില്ല എന്നുമാത്രമല്ല ഫീസ് കൊടുത്തു പഠിക്കുകയും ചെയ്യേണ്ട സാഹചര്യം ആണ്. സംസ്ഥാന സർക്കാരിൽ നിന്നും 1% സംവരണം ആണ് ദളിത് ക്രൈസ്തവർക്ക് ലഭിക്കുക. അതിൽ തന്നെ എസ്.ഐ.യു.സി (സൗത്ത് ഇന്ത്യൻ യുണൈറ്റഡ് ക്രിസ്ത്യൻ) വിഭാഗത്തെ കൂടെ ഉൾപ്പെടുത്തിയിരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ പ്രവേശനത്തിനും ഇത് തന്നെയാണ് അവസ്ഥ.

കേരള പബ്ലിക് സർവീസ് കമ്മീഷൻ (PSC) മുഖേന നടത്തുന്ന തൊഴിലവസരങ്ങളിൽ ക്ലാസ് IA ഒരു ശതമാനവും (റൊട്ടേഷൻ ലിസ്റ്റിൽ 48) ക്ലാസ് IVA രണ്ട് ശതമാനവും (റൊട്ടേഷൻ ലിസ്റ്റിൽ 48ഉം 62ഉം) ആണ് ലഭിക്കുന്നത്. ഇങ്ങനെ ലഭിക്കുന്ന നാമമാത്രമായ തൊഴിലവസരങ്ങൾ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് ക്ലാസ് IVA 2290 ഒഴിവുകളും ക്ലാസ്സ് IA 872 ഒഴിവുകളുമാണ് നികത്തപ്പെടുവാനുണ്ട് എന്നാണ് വ്യക്തമാക്കിയിരിക്കുന്നത്.

സഭാ നവീകരണത്തിന്റെ ഭാഗമായി ഈ സമൂഹത്തെ ഉയർത്തുവാനും സ്ഥലമില്ലാത്തവർക്ക് സ്ഥലവും കിടപ്പാടം ഇല്ലാത്തവർക്ക് കിടപ്പാടവും കൂട്ടുകുടുംബവുമായി താമസിക്കുന്ന ഭവനങ്ങളിലെ അംഗങ്ങൾക്ക് ഭവനവും, തൊഴിൽ ഒഴിവുകളും വരുമ്പോൾ അവർക്ക് പ്രത്യേകമായ പരിഗണനയും നൽകി അവരെ ഉയർത്തിക്കൊണ്ടുവരുവാൻ കേരള കത്തോലിക്കാസഭ പ്രത്യേകമായി ശ്രദ്ധിക്കേണ്ടതുമാണ്.

മതം മാറിയതുകൊണ്ടു മാത്രം ഒരു വ്യക്തിയുടെയോ സമുദായത്തിന്റെയോ സാമൂഹികാവസ്ഥ മാറുന്നില്ല. ക്രിസ്തുമതം സ്വീകരിച്ച ദളിത് സഹോദരങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്ന സാമൂഹിക സാഹചര്യങ്ങൾ ഇതര പട്ടികജാതിക്കാരുടേതിൽ നിന്നു വിഭിന്നമല്ല. ഭാരതമൊട്ടുക്ക് ദളിത് പീഡനങ്ങളും വിവേചനപരമായ നടപടികളും തുടർക്കഥയായിരിക്കുമ്പോൾ ദലിത് ക്രൈസ്തവർക്ക് ഇരട്ട പ്രഹരമാണ് ഏൽക്കേണ്ടി വരുന്നത്. ഭരണഘടനയനുസരിച്ചുള്ള സംവരണമില്ല. നിയമ സംവിധാനങ്ങളുടെ പരിരക്ഷയുമില്ല. കേരളത്തിൽ പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ വഴി ലഭിക്കുന്ന സഹായങ്ങൾ പോലും നിഷേധിക്കപ്പെടുന്നു. ഈ സാഹചര്യങ്ങൾ നമ്മുടെ പ്രത്യേക ശ്രദ്ധ അർഹിക്കുകയും കൂട്ടായ പരിശ്രമം ആവശ്യവുമാണ്.

ദളിത് സഹോദരങ്ങൾക്ക് സഭയ്ക്കുള്ളിൽ അവസരസമത്വവും പ്രത്യേക പരിഗണനയും ആവശ്യമാണ്. 2020 ജൂലൈ 20ന് റോമിൽ നിന്ന് കോൺഗ്രിഗേഷൻ ഫോർ ക്ലർജി പുറപ്പെടുവിച്ച രേഖ (നമ്പർ 32) നിഷ്കർഷിക്കുന്നത് 'ദരിദ്രരും ഒഴിവാക്കപ്പെട്ടവരും പാർശ്വവൽക്കരിക്കപ്പെട്ടവരും ആയവർക്ക് സഭയുടെ ഹൃദയത്തിൽ സവിശേഷമായ ഒരു സ്ഥാനം ഉണ്ടായിരിക്കണം' എന്നാണ്. ഭാരതത്തിലെ സഭാ സംവിധാനങ്ങളിലുള്ള സ്ഥാനങ്ങൾ, നിയമനങ്ങളിലുള്ള പരിഗണന, സാമൂഹിക രാഷ്ട്രീയ രംഗങ്ങളിലുള്ള പങ്കാളിത്തം തുടങ്ങി എല്ലാ മേഖലകളിലും സഭ ദളിത് ക്രൈസ്തവരെ പ്രത്യേകം പരിഗണിച്ച് അവരെ സഹായിക്കുന്നതിന് ഓരോ ഇടവകയും ശ്രദ്ധിക്കണം.

ദളിത് ക്രൈസ്ത വിദ്യാർത്ഥികൾക്ക് (OEC) പ്ലസ്സ് വൺ മുതലുള്ള ഉന്നത വിദ്യാഭ്യാസ പ്രവേശനത്തിന് യാതൊരു സംവരണവും ഇതുവരെ ഏർപ്പെടുത്തിയിട്ടില്ല. കമ്മ്യൂണിറ്റി ക്വോട്ടയിലും, മാനേജ്മെന്റ് കോട്ടയിലും, അഡ്മിഷൻ കിട്ടി എയ്ഡഡ് സ്ഥാപനങ്ങളിലും സ്വാശ്രയ സ്ഥാപനങ്ങളിലും പഠിക്കുന്ന ദളിത്

ക്രൈസ്തവ വിദ്യാർത്ഥികൾക്ക് സ്റ്റൈഫന്റും ലംപ്സം ഗ്രാന്റും കൊടുക്കാൻ പാടില്ല എന്ന ഉത്തരവ് 2023 മാർച്ച് 23ന് കേരള സർക്കാർ ഇറക്കിയിരുന്നു. കേന്ദ്ര ഗവൺമെന്റ് ന്യൂനപക്ഷ വിഭാഗങ്ങൾക്കായി ഏർപ്പെടുത്തിയിരിക്കുന്ന പ്രീമെട്രിക്, പോസ്റ്റുമെട്രിക് സ്കോളർഷിപ്പുകൾ 2011 ലെ ഓർഡർ പ്രകാരം ലത്തീൻ കത്തോലിക്കർക്കും പരിവർത്തിത ക്രൈസ്തവർക്കും കൊടുക്കുവാനുള്ള നിർദ്ദേശം ഉണ്ടെങ്കിലും കഴിഞ്ഞ പത്തുവർഷമായി ഒഇസി വിഭാഗത്തിൽപ്പെട്ട ദളിത് ക്രൈസ്തവ കുട്ടികൾക്ക് (പരിവർത്തിത ക്രൈസ്തവ), സർക്കാരിൽ നിന്നും സ്റ്റൈഫന്റ്, ലംപ്സം ഗ്രാന്റ് ലഭിക്കുന്നു എന്ന കാരണത്താൽ ന്യൂനപക്ഷ സ്കോളർഷിപ്പ് ഇതുവരെയും ലഭിച്ചിട്ടില്ല. വിദ്യാഭ്യാസത്തിനും തൊഴിലിനും രാഷ്ട്രീയ അധികാരപങ്കാളിത്തത്തിനും ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന മറ്റൊരു ജനവിഭാഗം ഭാരതത്തിലില്ല. നീതിയും സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവുമുള്ള ഒരു രാജ്യത്തിനായി ആശിക്കാം. അതാകട്ടെ നമ്മുടെ ലക്ഷ്യം.

ദളിത് ക്രൈസ്തതവരോടുള്ള ഗവൺമെന്റിന്റെ അനീതിപരമായ നടപടികൾക്കെതിരേ ശക്തമായി പ്രതികരിക്കാൻ ക്രൈസ്തവസഭാ സമൂഹം മുഴുവനും മുന്നോട്ടുവരേണ്ട സമയമാണിത്. വിദ്യാഭ്യാസത്തിനും തൊഴിലിനും രാഷ്ട്രീയ അധികാര പങ്കാളിത്വത്തിനും ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെടുന്നതിനെതിരേ പ്രതികരിക്കുവാൻ ദളിത് ക്രൈസ്തവരെ ഇന്ത്യൻ പ്രസിഡന്റിന്റെ പ്രത്യേക ഉത്തരവിലൂടെ പട്ടിക ജാതി ലിസ്റ്റിൽ നിന്നും പുറത്താക്കിയ 'ആഗസ്റ്റ് 10 വഞ്ചനാദിന'മായും CBCIയുടെ ആഹ്വാന പ്രകാരം 'ആഗസ്റ്റ് 18 ജസ്റ്റീസ് സൺഡേ' (ഐക്യദാർഢ്യ ദിനമായും) ആചരിക്കാം.

കേരള കത്തോലിക്കാസഭയുടെ ദലിത് ശാക്തീകരണ പ്രവർത്തനങ്ങൾ പ്രധാനമായും നടക്കുന്നത് ദലിത് കത്തോലിക്കാ മഹാജനസഭ (DCMS) വഴിയാണ്. ഈ സംഘടനയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിന് ഏവരുടെയും സഹായ സഹകരണങ്ങൾ ആവശ്യമാണ്. കഴിഞ്ഞ അധ്യയനവർഷം (2022-2023) എസ്. എസ്. എൽ. സി,(80%), പ്ലസ്ടു (70%), ഡിഗ്രി/ പിജി (60%) തുടങ്ങിയ പരീക്ഷകളിൽ പ്രശസ്ത വിജയ കൈവരിച്ചവർക്കുള്ള ക്യാഷ് അവാർഡ് നൽകി. കെ.സി. ബി.സി, എസ്.സി/എസ്.റ്റി/ബി.സി. കമ്മീഷന്റെ നേതൃത്വത്തിൽ

ദളിത് കത്തോലിക്കാ കുട്ടികൾക്കുവേണ്ടിയുള്ള ടാലന്റ് & സ്കിൽ ഡവലപ്മെന്റ് ട്രെയിനിംഗ് പ്രോഗ്രാം (TSDTP), SSLC കഴിഞ്ഞവർക്കുള്ള എൻട്രൻസ് കോച്ചിംഗ് ക്ലാസ്സുകൾ ആരംഭിച്ചു കഴിഞ്ഞു. കലാപരമായ കഴിവുകൾ കണ്ടെത്തി വളർത്തുന്നതിനുള്ള പരിശീലനം, (സിംഫണി ആർട്സ്) എസ്.എസ്.എൽ.സി., പ്ലസ്ടു, ഡിഗ്രി ക്ലാസ് കഴിഞ്ഞവർ ക്കുള്ള പി.എസ്.സി. കോച്ചിംഗ് ക്ലാസുകൾ എന്നിവ ഉടനെ ആരംഭിക്കുന്നതാണ്. ദലിത് കത്തോലിക്കാ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി ജസ്റ്റിസ് സൺഡേയോടനുബന്ധിച്ച് ഇടവക ദിനത്തിൽ നടത്താറുള്ള സ്തോത്ര കാഴ്ച ഇടവകകളിൽനിന്നും ശേഖരിച്ച് രൂപതാ കേന്ദ്രങ്ങൾ വഴി കെ. സി. ബി. സി, എസ്.സി./എസ്.റ്റി./ബി.സി. കമ്മീഷന് അയച്ചു തരേണ്ടതാണ്. ജസ്റ്റിസ് സൺഡേ ദിനത്തിൽ ഇടവകതലത്തിൽ വിവിധ സംഘടനാംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചാ ക്ലാസുകളും സമ്മേളനവും നടത്തി ജസ്റ്റിസ് സൺഡേ ആചരണം അർത്ഥവത്താക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ്പ് ഗീവർഗീസ് മാർ അപ്രേം**
(KCBC SC/ST/BC COMMISSION)

**റൈറ്റ് റവ. ഡോ. വിൻസന്റ് സാമുവൽ**
(വൈസ് ചെയർമാൻ, KCBC SC/ ST/BC COMMISSION)

**മാർ സെബാസ്റ്റ്യൻ വാണിയപ്പുരക്കൽ**
(വൈസ് ചെയർമാൻ, KCBC SC/ST/BC COMMISSION)

പി.ഒ.സി., കേരള കത്തോലിക്കാ സഭയുടെ ആസ്ഥാനകാര്യാലയം, കൊച്ചി: 682 025

**N:B:** 2024 ആഗസ്റ്റ് 18-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുമല്ലോ.

# രൂപതാകച്ചേരി വാർത്തകൾ

**1. സ്നേഹസ്മരണ**

ബഹു. മാത്യു കാട്ടറത്ത് അച്ചന്റെ ചരമവാർഷികം ആഗസ്റ്റ് 9-ാം തിയതിയും, ബഹു. കുര്യൻ പുതനപ്ര അച്ചന്റെ ചരമവാർഷികം ആഗസ്റ്റ് 17 നും, ബഹു സെബാസ്റ്റ്യൻ പാലക്കീൽ അച്ചന്റെയും, ബഹു. ജോസഫ് മഴുവഞ്ചേരി അച്ചന്റെയും ചരമവാർഷികം സെപ്റ്റംബർ 2നുമാണ്. ഈ വൈദികരെ നമ്മുടെ ബലികളിലും പ്രാർത്ഥനകളിലും പ്രത്യേകം അനുസ്മരിക്കാം.

**2. വൈദിക സമിതി (Presbyteral Council) സെപ്റ്റംബർ 18**

വൈദിക സമിതി (Presbyteral Council) യുടെ ഒരു യോഗം 2024 സെപ്റ്റംബർ 18 ബുധനാഴ്ച രാവിലെ 10.30 നു മാനന്തവാടി ബിഷപ്സ് ഹൗസ്സിൽ ചേരുന്നതാണ്. അംഗങ്ങൾക്കു ക്ഷണക്കത്തുകൾ അയക്കുന്നതാണ്. ഏതെങ്കിലും കാരണവശാൽ കിട്ടിയില്ലെങ്കിൽ ഇതൊരറിയിപ്പായി സ്വീകരിച്ച് യോഗത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**3. ജസ്റ്റീസ് സൺഡേ - ആഗസ്റ്റ് 18**

ക്രിസ്തുമതം സ്വീകരിച്ചതിന്റെ പേരിൽ മനുഷ്യാവകാശവും പൗരാവകാശവും നിഷേധിക്കപ്പെട്ട ദളിത് ക്രിസ്ത്യാനി സഹോദരങ്ങളെ സ്മരിക്കുന്നതിനും അവർക്കു വേണ്ടി പ്രാർത്ഥിക്കുന്നതിനും അവർക്ക് നീതി ലഭ്യമാക്കുന്നതിനുമായിട്ടാണല്ലോ ജസ്റ്റീസ് സൺഡേ ആചരിക്കുന്നത്. ദളിത് ക്രൈസ്തവ സഹോദരങ്ങൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ നമുക്കും പങ്കാളികളാകാം. ആഗസ്റ്റ് 18 ന് വിശുദ്ധ കുർബാന മധ്യേ നടത്തുന്ന സ്തോത്രക്കാഴ്ച ദളിത് സഹോദരങ്ങളുടെ ഉന്നമനത്തിനായി അയച്ചുകൊടുക്കുവാൻ രൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ.

**4. ബഹു. വൈദികരുടെ വാർഷിക ധ്യാനം**

നേരത്തെ അറിയിച്ചിരുന്നതുപോലെ ഈ വർഷത്തെ വൈദികരുടെ വാർഷികധ്യാനം ആദ്യബാച്ചിന്റേത് 2024 ആഗസ്ത് 26 തിങ്കളാഴ്ച്ച വൈകുന്നേരം 7:15 മുതൽ 30 വെള്ളിയാഴ്ച വൈകുന്നേരം ആറുമണിവരെയും, രണ്ടാമത്തെ ബാച്ചിന്റേത് സെപ്റ്റംബർ 08 ഞായറാഴ്ച വൈകുന്നേരം 7:15 മുതൽ 13 വെള്ളിയാഴ്ച ഉച്ച

വരെയുമാണ്. ഓരോ ബാച്ചിലും പങ്കെടുക്കേണ്ടവരുടെ പേരുകൾ ചുവടെ ചേർക്കുന്നു. ബഹുമാനപ്പെട്ട വൈദികർ ഈ തിയതികൾ ശ്രദ്ധിക്കുകയും ധ്യാനത്തിൽ പങ്കെടുക്കാൻ വേണ്ട ക്രമീകരണങ്ങൾ മുൻകൂട്ടി നടത്തുകയും ചെയ്യുമല്ലോ. ഏതെങ്കിലും തക്കതായ കാരണത്താൽ ധ്യാനത്തിന്റെ ബാച്ച് മാറുന്ന വൈദികർ പകരക്കാരെ സ്വന്തമായി കണ്ടെത്തി വിവരം ബഹു. ജനറാളച്ചനെ മുൻകൂട്ടി അറിയിക്കേണ്ടതാണ്. ധ്യാനം നയിക്കുന്നത് തലശ്ശേരി അതിരൂപതാംഗവും വചനപ്രഘോഷണ രംഗത്തും അതുപോലെ തന്നെ സാമൂഹ്യവിഷയങ്ങളിലും സോഷ്യൽ മീഡിയയിലും സജീവ സാന്നിധ്യവുമായ ബഹു. ഡോ. ടോം ഓലിക്കരോട്ട് അച്ചനാണ്.

**ഏതാനും ചില കാര്യങ്ങൾ കൂടി ഓർമ്മിപ്പിക്കട്ടെ:**

1. ധ്യാനവിവരം മുൻകൂട്ടി ഇടവകകളിൽ അറിയിക്കേണ്ടതാണ്. ഇതുവഴി ജനങ്ങൾക്ക് അവരുടെ ആവശ്യങ്ങൾ ക്രമീകരിക്കാനും വൈദികർക്കുവേണ്ടി പ്രാർത്ഥിക്കാനുംസാധിക്കും.

2. ഒന്നാം ദിവസം വൈകിട്ട് 7.15 ന് നടക്കുന്ന ജപമാല പ്രാർത്ഥന, റംശാനമസ്കാരം എന്നിവയോടെയാണ് ധ്യാനം ആരംഭിക്കുന്നത്. ആദ്യബാച്ചിന്റെ ധ്യാനം അവസാനിക്കുന്നത് ആഗസ്ത് 30 വെള്ളിയാഴ്ചവൈകുന്നേരം ആറു മണിക്കും രണ്ടാമത്തെ ബാച്ചിന്റേത് സെപ്റ്റംബർ 13 വെള്ളിയാഴ്ച ഉച്ചഭക്ഷണത്തോടെയുമാണ്.

3. ധ്യാനത്തിനു വരുമ്പോൾ കുർബാന കണക്ക് ബുക്ക് കൊണ്ടുവരേണ്ടതാണ്. തക്കതായ കാരണത്താൽ ധ്യാനത്തിൽ സംബന്ധിക്കാൻ സാധിക്കാത്തവർ 2023 സെപ്റ്റംബർ മുതൽ 2024 ഓഗസ്റ്റ് 31 വരെയുള്ള ബൈനേഷന്റെ കണക്കുകൾ കത്തുമുഖേനയോ, വാട്സ്ആപ്പ് വഴിയോ സെപ്റ്റംബർ അവസാനത്തോടെയെങ്കിലും ബിഷപ്സ് ഹൗസിൽ അറിയിക്കേണ്ടതാണ്.

4. PPF ന്റെ വരിസംഖ്യ ധ്യാനത്തിന് വരുമ്പോൾ കൊണ്ടുവരണമെന്ന് ഓർമ്മിപ്പിക്കുന്നു.

5. വളരെ ഗൗരവതരമായ കാരണങ്ങളാൽ ധ്യാനത്തിൽ സംബന്ധിക്കാൻ സാധിക്കാത്തവർ അക്കാര്യം മുൻകൂട്ടി അറിയിക്കുകയും ഡിസംബർ 31നു മുമ്പായി എവിടെയെങ്കിലും ധ്യാനത്തിൽ സംബന്ധിച്ച് വിവരം അറിയിക്കുകയും കുർബാന കണക്കു പുസ്തകം ബഹുമാനപ്പെട്ട ജനറാളച്ചന്റെ പക്കൽ പരിശോധനയ്ക്ക് എത്തിക്കുകയും ചെയ്യേണ്ടതാണ്.

**Annual Retreat for Priests- 1 st Batch 2024**

**(26 th Aug. – 30 th Aug.)**

| | |
|---|---|
| 1 | Aikkarathazhath Joseph |
| 2 | Alukka George |
| 3 | Alumkal Joseph |
| 4 | Ambalathara Francis |
| 5 | Ambalathinkal Sebastian |
| 6 | Arumayil George |
| 7 | Chakiyath Xavier |
| 8 | Chakkittukudy James |
| 9 | Chakkittukudy Jose |
| 10 | Chelackapallil Thomas |
| 11 | Chettiyassery Joseph |
| 12 | Chittoor Joseph |
| 13 | Chozhenparambil John |
| 14 | Elemkunnel Sebastian |
| 15 | Kachirayil Thomas |
| 16 | Kakkattikalayil Sebastian |
| 17 | Kalappura Jose |
| 18 | Kalappurackal Mathew (Vipin) |
| 19 | Kallupura Johny |
| 20 | Kaliyaniyil Kuriakose |
| 21 | Kandathinkara Emmanuel |
| 22 | Kanippillil Varghese |
| 23 | Kappiarumalayil Johny |
| 24 | Kattamkottil Joseph (Saji) |
| 25 | Kavumkal Joseph |
| 26 | Kizhakkanputhupally John (Santhosh) |
| 27 | Kocharackal Jose |

| | |
|---|---|
| 28 | Kochuparackal Kurian ( Saji) |
| 29 | Kollamkunnel Varghese |
| 30 | Kollarthottam Mathew |
| 31 | Kottaram Jose |
| 32 | Kunnath Joseph (Akhil) |
| 33 | Kunnath Kuriakose |
| 34 | Kuttimakkal James |
| 35 | Kuzhikandathil Joseph |
| 36 | Madapallikunnel Antony (Siby) |
| 37 | Madapallikunnel Mathew |
| 38 | Madathil Abraham (Sunny) |
| 39 | Mampallil Anto |
| 40 | Manakunnel Thomas |
| 41 | Mankottil James |
| 42 | Mannoor Thomas |
| 43 | Maplassery Babu |
| 44 | Mavara Stanislaus |
| 45 | Mecheril Joseph |
| 46 | Moloparambil Jose |
| 47 | Moolayil Thomas |
| 48 | Moonnanal Justine |
| 49 | Moothedath Thomas |
| 50 | Mulakodiyankal Sebastian (Jofin) |
| 51 | Mulakodiyankal Varghese |
| 52 | Mulangattil Thomas |
| 53 | Mulavelikunnel Jacob |
| 54 | Mundolickal Paul |
| 55 | Munjanattu Mathew |
| 56 | Muthirakkalayil Joseph |
| 57 | Myladoor George |

| | |
|---|---|
| 58 | Nechikatu Joseph |
| 59 | Nedumkallel Joseph |
| 60 | Nilackappillil Augustine |
| 61 | Njallampuzha Thomas |
| 62 | Onampally Alex |
| 63 | Padinjarayil George |
| 64 | Painumkal Kuriakose |
| 65 | Pakkanikuzhiyil Sebastian |
| 66 | Palakkattu Antony ( Nidhin) |
| 67 | Palathadathil George |
| 68 | Pallattukunnel Augustine |
| 69 | Pannackal Mathew |
| 70 | Parunthanolil Thomas |
| 71 | Peechattu Joseph |
| 72 | Plassanal Thomas |
| 73 | Ponparackal John |
| 74 | Poothakuzhi Jacob |
| 75 | Poovathinkal Peter |
| 76 | Pudussery Martin |
| 77 | Pullamkunnel Joy |
| 78 | Pulikunnel Devasia |
| 79 | Pulikuzhiyil Abraham |
| 80 | Pulpayil Joseph |
| 81 | Punchayil Lucka |
| 82 | Punnackapadavil Sebastian |
| 83 | Puthenparambil James |
| 84 | Puthenpurayil Manuel( Siju) |
| 85 | Puthukulathil John |
| 86 | Thanniyil Augustine |
| 87 | Thayil Jose |

| | |
|---|---|
| 88 | Thekkanady Jose |
| 89 | Thekkilakattil Jose (Ajay) |
| 90 | Thekkilakattil Mathew ( Jomesh) |
| 91 | Thenpallil Sebastian |
| 92 | Thevarkunnel Don Bosco |
| 93 | Thuruthel Kuriakose ( Joy) |
| 94 | Thuruthel Thomas ( Biju) |
| 95 | Vadakkemulanjanal Michael |
| 96 | Vadayaparambil Joseph (Somy) |
| 97 | Valakodiyil Dominic |
| 98 | Valloppilly Joseph |
| 99 | Vathelil Abraham |
| 100 | Vattukulathil Mathew |
| 101 | Vattukunnel Issac |
| 102 | Vazhachalil Thomas |
| 103 | Vazhakattu Joseph |
| 104 | Vazhakkala Chacko |
| 105 | Vazhayil Kurian |
| 106 | Vettickal John |

## Annual Retreat for Priests- 2 nd Batch 2024

## (08 th Sept. – 13 th Sept.)

| | |
|---|---|
| 1 | Alackathadathil James |
| 2 | Chavaranal Thomas |
| 3 | Chembakkara James |
| 4 | Chempalayil Augustine |
| 5 | Chittarackal Varghese |
| 6 | Choorapuzha John |
| 7 | Edachilath Joseph |
| 8 | Edakudiyil Mathew |
| 9 | Elamkunnapuzha Joseph |
| 10 | Elamkunnel Joseph (Tony) |
| 11 | Elavanappara Sebastian |
| 12 | Elavunkal Johny |
| 13 | Elayidath Mani |
| 14 | Iykkarakkanayil Thomas |
| 15 | Kakkonal Thomas |
| 16 | Kalambukattu Joseph |
| 17 | Kalappurackal Abraham (Vinoy) |
| 18 | Kalapurayil Vincent |
| 19 | Kalliyattu Devasia |
| 20 | Kappiarumalayil Jose |
| 21 | Karamayil Issac |
| 22 | Karukappally Joseph |
| 23 | Karuthedath Mathew (Manoj) |
| 24 | Kassamkuttiyil Sebastian |
| 25 | Kattamkottil Thomas (Anish) |
| 26 | Kattath Thomas |
| 27 | Kavalakkadan Varghese |

| | |
|---|---|
| 28 | Keezheth Sebastian |
| 29 | Kizhakkanputhupally Varghese( Pratheesh) |
| 30 | Kizhakkumpuram George |
| 31 | Kocheril Mathew |
| 32 | Kochumalayil Varghese |
| 33 | Kochuparackal Mathew ( Tomy) |
| 34 | Koipuram Sebastian |
| 35 | Koottala Paul |
| 36 | Korandiyarkunnel Paul |
| 37 | Korattiparambil Vincent |
| 38 | Kottackal Stephen |
| 39 | Kottayil Joseph |
| 40 | Kudakkachira Joseph |
| 41 | Kulathinal James |
| 42 | Kumbakeel Kuriakose |
| 43 | Kumbalakuzhy Mathew |
| 44 | Kunnathett James |
| 45 | Kuthukallunkal Francis |
| 46 | Kuttikkattukunnel Thomas |
| 47 | Madathil Seabstian (Sunil) |
| 48 | Madathiparambil Devasia ( Arun) |
| 49 | Malayil Mathew |
| 50 | Mampallil George |
| 51 | Manthrickal Thomas |
| 52 | Mattam Gervasis |
| 53 | Meppurath Chacko |
| 54 | Moothedath Mathew (Babu) |
| 55 | Mukkattukavunkal Thomas |
| 56 | Mundackamattam Jose |

| | |
|---|---|
| 57 | Muthanikkattu Justine |
| 58 | Muthukathaniyil Varghese |
| 59 | Muthukattil Shantidas |
| 60 | Muttappallil Joseph |
| 61 | Nakkuzhikkattu Mathew |
| 62 | Nellikunnel Francis |
| 63 | Nellimalayil Emmanuel |
| 64 | Olickal Jimmy |
| 65 | Oravaranthara Vincent |
| 66 | Ousepparampil Joseph |
| 67 | Padinjarayil Mathew (Robin) |
| 68 | Painumkal George (Lal) |
| 69 | Palakatt Augustine |
| 70 | Palath Joseph |
| 71 | Parackal Varghese |
| 72 | Paruvummel Joseph |
| 73 | Periappuram Mathew |
| 74 | Perumattikkunnel Johny |
| 75 | Perumattikkunnel Mathew |
| 76 | Pinakkattu Joseph |
| 77 | Poikayil Joseph (Jerin) |
| 78 | Ponthottiyil Thomas |
| 79 | Poyikayil Kurian (Arun) |
| 80 | Pulinthanam Jose |
| 81 | Punakkattu Chandy |
| 82 | Purakkal George |
| 83 | Puthanpurayil Joseph (Sineesh) |
| 84 | Puthen Sebastian |
| 85 | Puthenpurackal Mathew (Tomy) |

| | |
|---|---|
| 86 | Puthukkattil Mathew |
| 87 | Puthukulangara Thomas |
| 88 | Thamarasseril Vincent |
| 89 | Thattuparambil Varghese |
| 90 | Thekkepera Mathew |
| 91 | Thekkethil Abraham |
| 92 | Therakam George |
| 93 | Therakam Thomas Joseph |
| 94 | Thondiparambil Sebastian ( Biju) |
| 95 | Thondiparambil Peter (Kiran) |
| 96 | Thuruthiyil Louis |
| 97 | Unnippally Sebastian |
| 98 | Uppuveettil John |
| 99 | Urumbil Joseph |
| 100 | Vadakkel Emmanuel |
| 101 | Vadassery Thomas |
| 102 | Vadayaparambil Emmanuel (Sony) |
| 103 | Valayathil Joseph |
| 104 | Vattakunnel Jude |

**അലക്സ് താരാമംഗലം**
സഹായമെത്രാൻ

## മതബോധനരംഗം

**11-ാംക്ലാസ് ട്രെയിനിംഗ്**

2024 ജൂലൈ 6, 7 തീയതികളിലായി ദ്വാരകയിൽ വച്ച് നടത്തപ്പെട്ട 11-ാം ക്ലാസ് പാഠപുസ്തക പരിശീലനത്തിൽ 34 അദ്ധ്യാപകർ പങ്കെടുത്തു. പരിശീലനത്തിന് നേതൃത്വം നല്കിയ ശ്രീ.സജി നരിവേലിൽ, ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, എന്നിവർക്കും രൂപതാമതബോധന ടീമംഗങ്ങൾക്കും നന്ദി.

**ബൈബിൾ നഴ്സറി**

നമ്മുടെ എല്ലാ ഇടവകകളിലും ആഗസ്റ്റ് മാസം മുതൽ ബൈബിൾ നഴ്സറി ആരംഭിച്ച് കുട്ടികളെ ചേർക്കുവാൻ ശ്രമിക്കുമല്ലോ.

**ക്ലാസ്സ് പരീക്ഷ**

ആഗസ്റ്റ് 11 ഞായറാഴ്ചയാണ് ക്ലാസ്സ് പരീക്ഷ നടക്കേണ്ടത്. ക്ലാസ് അദ്ധ്യാപകർ തന്നെ ചോദ്യങ്ങൾ തയ്യാറാക്കി നിർബന്ധമായും ക്ലാസ്സ് പരീക്ഷ നടത്തുകയും, അതിന്റെ മാർക്ക് രേഖപ്പെടുത്തുകയും വേണം. സിലബസനുസരിച്ചുള്ള പാഠഭാഗങ്ങൾ തീർത്ത് പരീക്ഷക്കായി കുട്ടികളെ ഒരുക്കേണ്ടതാണ്.

**രൂപതാ വിസിറ്റ്**

ഇടവകകളിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങളെ മനസ്സിലാക്കുന്നതിനും, വിലയിരുത്തുന്നതിനുമായി രൂപതാ ടീമംഗങ്ങൾ ജൂലൈ 28 ഞായറാഴ് മുതൽ ഇടവകകളിൽ സന്ദർശനം നടത്തുന്നതാണ്. വിവിധ ഫൊറോനകളിലെ സന്ദർശന തിയ്യതികളും, സന്ദർശന ദിവസങ്ങൾ ഏതാണെന്നും ബഹു. വികാരിയച്ചമാരെയും, ഹെഡ്മാസ്റ്റേഴ്സിനെയും അറിയിക്കുന്നതായിരിക്കും.

**സഭാചരിത്രക്വിസ്**

സഭാചരിത്രക്വിസ് July 28ന് ഇടവകകളിൽ നടത്തപ്പെട്ടു. സഹകരിച്ച എല്ലാവർക്കും നന്ദി.

**DCT & ACC രജിസ്ട്രേഷൻ 2023-24**

DCT (Diploma in Catechesis for Teachers) ACC (Advanced Certificate in Catechesis) DCT കോഴ്സ് പ്രധാനമായും മതാധ്യാപകർക്കുള്ളതാണ്. ACC പ്ലസ് ടു പൂർത്തിയാക്കിയ കുട്ടികൾക്കായുള്ള തുടർ വിശ്വാസപരിശീലന കോഴ്സാണ്. ഈ കോഴ്സുകളെ സംബന്ധി

ച്ചുള്ള വിവരങ്ങൾ ഇടവകകളുടെ വാട്സാപ്പ് ഗ്രൂപ്പുകളിലൂടെ അറിയിക്കുമല്ലോ. കോഴ്സുകളുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. നമ്മുടെ വെബ്സൈറ്റ് https://catechismmdy.in/panel ഇടവകയുടെ യൂസർനെയിം & പാസ്‌വേഡ് ഉപയോഗിച്ച് ലോഗിൻ ചെയ്തുകഴിയുമ്പോൾ വരുന്ന ഇന്റർഫെയ്സിൽ കാണുന്ന ആപ്ലിക്കേഷൻ മെനു ഓൺ ചെയ്തുകഴിയുമ്പോൾ കാണുന്ന DCT, ACC സെലക്ട് ചെയ്ത് open ക്ലിക്ക് ചെയ്യുക. അപ്പോൾ വരുന്ന Apply Now ക്ലിക്ക് ചെയ്ത്, New Registration എന്ന ഓപ്ഷൻ ഉപയോഗിച്ച് ആപ്ലിക്കേഷൻ ഫോം പൂർത്തിയാക്കേണ്ടതാണ്. ആപ്ലിക്കേഷൻ ഫോമിന്റെ മുകളിലായി Survey Data Bank, Not in Survey എന്നിങ്ങനെ രണ്ട് ഓപ്ഷൻ കാണാം അത് ശ്രദ്ധിച്ചതിനു ശേഷം പാരീഷ് സർവ്വേയിൽ ഉൾപ്പെട്ടിട്ടുള്ളവരാണെങ്കിൽ അവരെ survey Data Bank ൽ തന്നെവേണം രജിസ്റ്റർ ചെയ്യുവാൻ. Not in Survey എന്നുള്ളത് സർവ്വേയിൽ ഇല്ലാത്തവർക്കുവേണ്ടി മാത്രമാണെന്ന് ഓർക്കുമല്ലോ. കൃത്യമായ വിവരങ്ങൾ എല്ലാം enter ചെയ്തതിനുശേഷം verify ചെയ്ത് submit ചെയ്യേണ്ടതാണ്. സിസ്റ്റേഴ്സ് രജിസ്ട്രേഷൻ ചെയ്യുന്നുണ്ടെങ്കിൽ അവരുടെ പേരിനു മുൻപ് Sr. എന്ന് ചേർക്കുമല്ലോ. ഓഗസ്റ്റ് 10 നുള്ളിൽ ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കുമല്ലോ. 12/08/2023 ന് ശേഷം രജിസ്റ്റർ നമ്പർ ഓഫീസിൽ നിന്ന് ആഡ് ചെയ്യുന്നതാണ്. അതിനുശേഷമേ Print എടുക്കാവു എന്ന് ഓർമപ്പെടുത്തുന്നു. 20.08.2024 ന് മുമ്പായി Print ഓഫീസിൽ എത്തിക്കുവാൻ ശ്രമിക്കുമല്ലോ. രണ്ട് കോഴ്സുകൾക്കുമുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത HCC ആയിരിക്കണം. DCT യുടെ രജിസ്ട്രേഷൻ ഫീസ് 2400 രൂപയാണ്. അതിൽ 1200 രൂപ സ്കോളർഷിപ് ആയി മതബോധന കേന്ദ്രം വഹിക്കുന്നതാണ്. ACC യുടെ ഫീസ് 600 രൂപയാണ്.

**ഫാ. തോമസ് കച്ചിറയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹമുള്ളവരെ, ഫമീലിയ 2024 ഒരു പ്രവർത്തന മാസം കൂടി പിന്നിടുകയാണ്. ഓഗസ്റ്റ് മാസം വൈദികരുടെ മധ്യസ്ഥനായ വിശുദ്ധ ജോൺമരിയ വിയാനിയുടെയും പരിശുദ്ധ അമ്മയുടെ സ്വർഗാരോപണത്തിന്റെയും ഇന്ത്യൻ സ്വാതന്ത്ര്യ ദിനത്തിന്റെയുമെല്ലാം മധുരിക്കുന്ന ഓർമ്മകൾ കൊണ്ടാടുന്ന ദിനങ്ങളാണല്ലോ. ആഗോള തലത്തിൽ ലോകം മുഴുവൻ ഒളിമ്പിക്സിന്റെ ആവേശത്തിലുമാണ്. ഒളിംമ്പിക്സിന്റെ ആരവത്തോടൊപ്പം നമ്മുടെ പ്രേഷിതാരവം ഉയരുന്ന മാസമാകട്ടെ ഓഗസ്റ്റ് മാസം എല്ലാവർക്കും നന്മകൾ നേരുന്നു.

സ്നേഹത്തോടെ,

**ഫാദർ മനോജ് അമ്പലത്തിങ്കൽ**

### ദുക്റാന തിരുനാളും സഭാദിനവും

ജൂലൈ 3 ന് സെന്റ് തോമസ് ഡേയും, സഭാദിനവും ആഘോഷിച്ചു. സെന്റ് തോമസ് ദിനത്തോടനുബന്ധിച്ച് ഓൺലൈൻ ക്വിസ് മത്സരം നടത്തി. സോഫിയ സ്രാമ്പിക്കൽ കരണി 1-ാം സ്ഥാനവും, ആൽബിൻ മേക്കാട്ട് പാതിരിപ്പാടം 2-ാം സ്ഥാനവും, അൻസിയ സ്രാമ്പിക്കൽ 3-ാം സ്ഥാനവും കരസ്ഥമാക്കി.

### ഡയറക്ടേഴ്സ് സംഗമം

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത മേഖല ഡയറക്ടേഴ്സ് ജോ ഡയറക്ടേഴ്സ് സംഗമം ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുകയുണ്ടായി. സംഗമം രൂപത വികാരി ജനറാൾ മോൺ പോൾ മുണ്ടോളിക്കൽ അച്ചൻ ഉദ്ഘാടനം ചെയ്തു. ഫാ. മനോജ് അമ്പലത്തിങ്കൽ, സി. അനിലിറ്റ് എസ്. എ. ബി. എസ്, ബിനീഷ് തുമ്പിയാംകുഴിയിൽ, തങ്കച്ചൻ മാപ്പിളക്കുന്നേൽ, രഞ്ജിത്ത് മുതുപ്ലാക്കൽ എന്നിവർ നേതൃത്വം നല്കി.

### തിരുനാൾ ആഘോഷിച്ചു

ജൂലൈ 12 വി. കൊച്ചുത്രേസ്യായുടെ മാതാപിതാക്കളായ വി. ലൂയി മാർട്ടിന്റെയും, വി. സെലിൻ ഗ്വരിയുടെയും തിരുനാൾ ആഘോഷിച്ചു.

### രൂപത എക്സിക്യൂട്ടീവ്

ജൂലൈ 16ന് രൂപതാ എക്സിക്യൂട്ടീവ് യോഗം ചേർന്നു. രൂപത ടീം മീറ്റിംഗ് ജൂലൈ 16-ാം തീയ്യതി CML ദ്വാരക പാസ്റ്ററൽ

സെന്ററിൽ വച്ചു നടന്നു. ഫാ. മനോജ് അമ്പലത്തിങ്കൽ ക്ലാസു നയിച്ചു. മീറ്റിംഗിന് ബിനീഷ് തുമ്പിയാംകുഴിയിൽ, സി. അനലിറ്റ്, തങ്കച്ചൻ മാപ്പിളക്കുന്നേൽ സി. ലിന്റ cmc എന്നിവർ നേതൃത്വം നല്കി.

**ബിബ്ലിയ 2024**

എല്ലാ മാസവും അവസാന ദിനത്തിൽ ഓൺലൈൻ മത്സരം നടത്തുന്നു.

**മാസ റിപ്പോർട്ടുകൾ**

ശാഖാമാസ റിപ്പോർട്ടുകൾ എഴുതി അതാതു മാസങ്ങളിൽ രൂപത കേന്ദ്രത്തിലേയ്ക്ക് അയക്കാൻ ശ്രദ്ധിക്കുമല്ലോ.

**ശാഖാസന്ദർശനങ്ങൾ**

ഈ പ്രവർത്തന വർഷത്തെ ശാഖാ സന്ദർശനങ്ങൾ ആഗസ്റ്റ് മാസം മുതൽ ആരംഭിക്കുന്നതാണ്. റിക്കോർഡുകൾ കൃത്യത വരുത്താൻ ശ്രദ്ധിക്കുമല്ലോ.

**മേഖലാവാർത്തകൾ**

**ചുങ്കക്കുന്ന്**

പ്രവർത്തനവർഷ ഉദ്ഘാടനം നടത്തി, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തി.

**ബത്തേരി**

പ്രവർത്തനവർഷ ഉദ്ഘാടനം നടത്തി, ചേരങ്കോട് വേളാങ്കണ്ണി ദേവാലയം സന്ദർശിച്ചു, ദുക്റാന തിരുനാൾ മൂലങ്കാവ് ശാഖയിൽ ആഘോഷിച്ചു, സന്യാസ ജീവിതത്തിന്റെ 25 വർഷങ്ങൾ പൂർത്തിയാക്കുന്ന സിസ്റ്റർ സെബിനെ ആദരിച്ചു, പഠനസഹായം നൽകി, ദൈവവിളി സെമിനാർ നടത്തി.

**നടവയൽ**

അൾത്താര ബാലിക ബാലസംഗമം നടത്തി. പ്രവർത്തനവർഷ ഉദ്ഘാടനം നടത്തി, പുതിയ പുതപ്പുകൾ ശേഖരിച്ച് വിതരണം നടത്തി, യുവജന ദിനത്തിൽ യുവജനങ്ങൾക്ക് വൃക്ഷത്തൈ നൽകി ആദരിച്ചു.

**ശാഖാ വാർത്തകൾ**

**ശിശുമല**

കുട്ടികൾക്ക് ഗൈഡൻസ് സെമിനാർ നടത്തി, ത്രിദിന ധ്യാനം നടത്തി, പരിസരം ശുചീകരണം നടത്തിക്കൊണ്ട് വൃക്ഷത്തൈ നട്ടു, വിശുദ്ധ മറിയം ത്രേസ്യായുടെ ചിത്ര പ്രകാശനം നടത്തി, സാഹിത്യ ശിൽപ്പശാല നടത്തി, ലഹരിവിരുദ്ധ റാലി പ്രതിജ്ഞ എന്നിവ നടത്തി, ലഹരി വിരുദ്ധ പോസ്റ്റർ മത്സരം നടത്തി.

**കുറുമ്പാലക്കോട്ട**

രോഗീസന്ദർശനങ്ങൾ നടത്തി, പ്രവർത്തനവർഷ ഉദ്ഘാടനം നടത്തി, സാഹിത്യ ശില്പശാല നടത്തി, തിരുബാലസഖ്യ മീറ്റിംഗ് സംഘടിപ്പിച്ചു. ലഹരിക്കെതിരെ ചിത്രരചനാ മത്സരം നടത്തി.

**കല്ലോടി**

പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു, ലഹരി വിരുദ്ധ പോസ്റ്റർ മത്സരം നടത്തി, വായനാദിനത്തോടനുബന്ധിച്ച് ബൈബിൾ വായന നടത്തി.

**അരിഞ്ചേർമല**

മാതാപിതാക്കൾക്കായി സെമിനാർ നടത്തി, ലഹരിക്കെതിരെ പോസ്റ്റർ നിർമ്മാണ മത്സരം നടത്തി, പഠനോപകരണങ്ങൾ കുട്ടികളിൽ നിന്ന് കളക്ട് ചെയ്തു.

**ചുങ്കക്കുന്ന്**

പ്രവർത്തനവർഷ ഉദ്ഘാടനം ചെയ്തു, ലഹരിക്കെതിരെ റാലിയും പ്രതിജ്ഞയും നടത്തി, തിരുബാലസഖ്യ കുട്ടികൾക്കായി ക്ലാസ് നടത്തി, ശാഖ സാഹിത്യ മത്സരം നടത്തി.

**കൊട്ടിയൂർ**

പ്രവർത്തനവർഷ ഉദ്ഘാടനം ചെയ്തു, ഉന്നത വിജയം കരസ്ഥമാക്കിയ കുട്ടികളെ ആദരിച്ചു.

**പാതിരിപ്പാടം**

മാതാപിതാക്കൾക്കായി സെമിനാർ നടത്തി, പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്തു, രോഗീ ഭവന സന്ദർശനങ്ങൾ നടത്തി, ബൈബിൾ ക്വിസ് മത്സരം നടത്തി,

**കരിമ്പിൽ**

ഉന്നത വിജയം കരസ്ഥമാക്കിയവരെ ആദരിച്ചു, ഭക്ഷണ കിറ്റ് വിതരണം ചെയ്തു, ക്രിസ്റ്റീൻ ധ്യാനം നടത്തി, പ്രവർത്തന വർഷം ഉദ്ഘാടനം നടത്തി, ലഹരിക്കെതിരെ പോസ്റ്റർ നിർമ്മാണ മത്സരം നടത്തി, മാതാപിതാക്കൾക്കും കുട്ടികൾക്കുമായി സെമിനാർ നടത്തി.

**കൈയ്യൂന്നി**

വൃക്ഷത്തൈ നട്ടു, സംമ്പൂർണ്ണ ബൈബിൾ പാരായണത്തിനു തുടക്കം കുറിച്ചു, പ്രവർത്തനവർഷം ഉദ്ഘാടനം നടത്തി, യോഗാദിനത്തിൽ മത്സരം നടത്തി, ലഹരി വിരുദ്ധ പോസ്റ്റർ കവിത ഉപന്യാസം കാർട്ടൂൺ മത്സരം നടത്തി.

**പനവല്ലി**

പ്രവർത്തന വർഷ ഉദ്ഘാടനം നടത്തി, ഞായറാഴ്ചകളിൽ വചനഭാഗങ്ങൾ കുട്ടികൾ വായിച്ച് അവതരിപ്പിക്കുന്നതിന് തുടക്കം കുറിച്ചു.

**പുതിയിടംകുന്ന്**

പ്രവർത്തന വർഷം ഉദ്ഘാടനം നടത്തി, ആതുര സേവന രംഗത്തുള്ളവരെ ആദരിച്ചു. ബൈബിൾ വായന മത്സരം നടത്തി. ഭക്ഷണ കിറ്റ്, ഭവന നിർമ്മാണ സഹായം എന്നിവ നൽകി. ലഹരിക്കെതിരെ കൊളാഷ് സെമിനാർ എന്നിവ നടത്തി. പരിസ്ഥിതി കവിതാമത്സരം നടത്തി.

**വഞ്ഞോട്**

കുരുന്നുകൾ ആദ്യ അക്ഷരം കുറിച്ചു, പുസ്തക അവലോകന മത്സരം നടത്തി, ഡോക്ടർമാരെ ആദരിച്ചു, ശാഖാ സാഹിത്യ മത്സരം നടത്തി, രോഗീ സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി.

**കുഞ്ഞോം**

പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈ നട്ടു, പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്തു, ബൈബിൾ പാരായണം മത്സരം നടത്തി.

**പനച്ചിറ**

ഫലവൃക്ഷത്തൈകൾ നട്ടു, ബിബ്ലിയ എല്ലാ കുട്ടികൾക്കും കലണ്ടർ നൽകി പ്രോത്സാഹിപ്പിച്ചു, ശാഖാ പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്തു.

**ചെറുകാട്ടൂർ**

മിഷൻ ലീഗ് അംഗങ്ങൾക്കും ശാഖാഭാരവാഹികൾക്കും സെമിനാർ നടത്തി, മാതാപിതാക്കൾക്കായി സെമിനാർ നടത്തി, ഫോട്ടോഗ്രാഫി മത്സര നടത്തി, പ്രവർത്തനവർഷം ഉദ്ഘാടനം നടത്തി, 'ഒപ്പം'ഒരു കുട്ടിക്ക് ഒരു വർഷത്തേക്ക് പഠനസഹായം എന്ന പരിപാടിക്ക് തുടക്കം കുറിച്ചു, ശാഖസാഹിത്യ ശില്പശാല നടത്തി, ദുക്റാന സഭാദിനം ബൈബിൾ കലാസന്ധ്യ എന്നിവ ആഘോഷിച്ചു.

**ആഗസ്റ്റ് മാസത്തെ പ്രധാന പരിപാടികൾ**

ആഗസ്റ്റ് 3 ബലിവേദിയ്ക്കരികെ മേഖലാതലത്തിൽ സംഗമം, ആഗസ്റ്റ് 4 വിയാനി ദിനം വികാരിയച്ചന്മാർക്ക് ആദരം, സ്റ്റാറ്റസ് വീഡിയോ മേക്കിംഗ് മത്സരം, ആഗസ്റ്റ് 10 അല്മായ നേതൃ ദിനം. കുഞ്ഞേട്ടൻ അനുസ്മരണം 'കുഞ്ഞേട്ടൻ '' ഓൺലൈൻ ക്വിസ് മത്സരം. ആഗസ്റ്റ് 20 എയ്ഞ്ചൽ മീറ്റ് മേഖലാ തലത്തിൽ. 10, 11, 12 ക്ലാസിലെ കുട്ടികൾക്കായി സംസ്ഥാന തല വെബിനാർ ഓൺ ലൈൻ. സെപ്തംബർ 1 രൂപത സാഹിത്യ മത്സരം.

**തങ്കച്ചൻ മാപ്പിളക്കുന്നേൽ**
രൂപത സെക്രട്ടറി

# തിരുബാലസഖ്യം

വിശുദ്ധൻ: **വി. ജോൺ മരിയ വിയാനി** (ഓഗസ്റ്റ് 4)
തിരുനാൾ: **സ്വർഗാരോപണ തിരുനാൾ** (ഓഗസ്റ്റ് 15)
പ്രാർത്ഥന നിയോഗം: വിദ്യാഭ്യാസം നഷ്ടമാകുന്ന കുഞ്ഞുങ്ങളെ സമർപ്പിച്ച് പ്രാർത്ഥിക്കുന്നു.
സുകൃതജപം: ഈശോയെ നിർമ്മലമായ ഒരു ഹൃദയം എന്നിൽ സൃഷ്ടിക്കണമേ.

''കുഞ്ഞുങ്ങൾ കുഞ്ഞുങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കട്ടെ, കുഞ്ഞുങ്ങൾ കുഞ്ഞുങ്ങളെ സഹായിക്കട്ടെ''എന്ന ആപ്തവാക്യത്തിന്റെ വെളിച്ചത്തിൽ വിവിധ പ്രവർത്തനങ്ങളിലൂടെ ജൂലൈ മാസം മനോഹരമാക്കിയ എല്ലാ കുഞ്ഞുങ്ങൾക്കും അഭിനന്ദനങ്ങൾ.

**തിരുബാലസഖ്യത്തിന് പുതിയ രൂപത ആനിമേറ്റർ**

തിരുബാല സഖ്യ പ്രവർത്തനങ്ങൾക്ക് രൂപതാ തലത്തിൽ സഹായിക്കുന്നതിനായി സിസ്റ്റർ ആൻ ഫിലിപ്പ് എസ്. സി. വി ആനിമേറ്ററായി നിയോഗിക്കപ്പെട്ടു. സിസ്റ്ററിന് സ്വാഗതം. ആശംസകളും പ്രാർത്ഥനകളും നേരുന്നു.

**ഓഗസ്റ്റ് മാസത്തിൽ ഇടവക തലത്തിൽ ചെയ്യേണ്ട പ്രവർത്തനം:**

വി. വിയാനി പുണ്യാളനെ കൂടുതൽ അറിയാനായുള്ള പ്രവർത്തനങ്ങൾ (പ്രസംഗം, വേഷപകർച്ച, ചിത്ര രചന etc) ശാഖയിൽ ക്രമീകരിക്കുക, കുഞ്ഞുങ്ങൾക്ക് മാമ്മോദീസ നൽകിയ വൈദികനെ കുഞ്ഞുങ്ങൾക്കായി പരിചയപ്പെടുത്തുകയും, ഫോൺ വിളിച്ച് സൗഹൃദം പുതുക്കുകയും, ആശംസകൾ അറിയിക്കുകയും ചെയ്യുക, സുകൃതജപം പഠിപ്പിക്കുക, സ്വർഗാരോപണ തിരുനാൾ ആഘോഷിക്കുക, മറ്റു പ്രവർത്തനങ്ങൾ ക്രമീകരിക്കുക. ഓഗസ്റ്റ് മാസം കുഞ്ഞുങ്ങൾ പ്രവർത്തന നിരതമാകട്ടെ.

**ഫാ. മനോജ് അമ്പലത്തിങ്കൽ**
ഡയറക്ടർ, തിരുബാലസഖ്യം

## Department of Youth Ministry

**ലൈഫ് ട്രെയിനിങ്ങ് ക്യാമ്പ്**

2024 ജൂലൈ 12 വെള്ളിയാഴ്ച വൈകുന്നേരം 6 മണി മുതൽ ജൂലൈ 13 ശനിയാഴ്ച 4 മണിവരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ലൈഫ് 2021, 2022, 2023, 2024 ബാച്ചുകൾക്ക് ക്യാമ്പ് നടന്നു. 50 വിദ്യാർഥികൾ ഈ പരിശീലനത്തിൽ പങ്കുചേർന്നു. പ്രാർഥനയോടെ ആരംഭിച്ച ക്യാമ്പിന് യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, കോഡിനേറ്റർ സി. ആൻസി തോമസ് സി. എം. സി, സി. സ്നേഹ ജോസഫ് സി. എം. സി, എന്നിവർ നേതൃത്വം വഹിച്ചു. പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ. ജോസഫ് പരുവുമ്മേൽ വിദ്യാർത്ഥികൾക്ക് വേണ്ടി വിശുദ്ധ ബലി അർപ്പിച്ചു പ്രാർത്ഥിച്ചു. ലൈഫ് ട്രെയിനിങ്ങ് ആദ്യ ബാച്ച് അംഗങ്ങളായ ജോയേൽ പി ജോണി, അമൽ ജോസ്, ആശിഷ് ജോർജ് എന്നിവർ ക്യാമ്പിന് വേണ്ട സഹായങ്ങൾ ചെയ്തു.

**മീഡിയ പരിശീലനം:**

ലൈഫിലേക്ക് കടന്നുവന്ന പുതിയ വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള മീഡിയയുടെ പ്രാരംഭ പരിശീലനം നടത്തി. ആൻ മരിയ അജിൻ നിലമ്പൂർ ക്ലാസ്സിനു നേതൃത്വം നൽകി. സൂം പ്ലാറ്റ് ഫോംമിലും, വീഡിയോ നിർമ്മിച്ചു നൽകിയുമാണ് ക്ലാസുകൾ നടക്കുന്നത്. നേതൃത്വം നൽകുന്നവർക്കും പങ്കെടുക്കുന്നവർക്കും അഭിനന്ദനങ്ങൾ.

**അനുദിന പരിശീലനം**

ലൈഫ് വിദ്യാർത്ഥികൾക്ക് വേണ്ടി ഞായർ ഒഴികെ ബാക്കി എല്ലാ ദിവസവും രാവിലെ 5. 20 ന് ഗൂഗിൾ പ്ലാറ്റ്ഫോമിൽ പരിശീലനം നൽകിവരുന്നു. ഒന്നിച്ചുള്ള പ്രാർത്ഥന, മെസ്സേജ്, പരിശീലനം എന്നിവയാണ് നടക്കുന്നത്. ഒൻപതോളം വിദ്യാർഥികൾ അനുദിനവും ഗൂഗിൾ മീറ്റിൽ പങ്കുചേരുന്നു.

**അഭിനന്ദനങ്ങൾ:** ലൈഫ് ട്രെയിനിംങ് ആദ്യ ബാച്ച് അംഗങ്ങളായ ജോയേൽ പി ജോണി പ്രശാന്തിഗിരി, അമൽ ജോസ് യവനാർകുളം എന്നിവർ ഡൽഹി ഹിന്ദു കോളേജ് ഓഫ് യൂണിവേഴ്സിറ്റിയിൽ നിന്ന് BA പൊളിറ്റിക്സിലും ആശിഷ് ജോർജ് പുതിയിടം ബാംഗ്ലൂർ സെന്റ് ജോസഫ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഇക്കോണോമിക്സിലും ഡിഗ്രി വിജയകരമായി പൂർത്തിയാക്കി. മൂന്ന് വിദ്യാർത്ഥികൾക്കും ലൈഫ് കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**സി. ആൻസി തോമസ് സി. എം. സി**

ഡിപ്പാർട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

## *ഉണർന്നിരിക്കാം ലഹരിക്കെതിരെ:* പാനൽ ചർച്ച

ജൂൺ 26 അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് കെ. സി. വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ 'ഉണർന്നിരിക്കാം ലഹരിക്കെതിരെ' പാനൽചർച്ച നടത്തി. ജൂൺ 23 മുതൽ ജൂൺ 26 വരെ മാറ്റൊലി കമ്മ്യൂണിറ്റി റേഡിയോ വഴി സംപ്രേഷണം ചെയ്തു. കെ. സി. വൈ. എം പ്രവർത്തക മരിയ ജോമോൻ വലിയവീട്ടിൽ നയിച്ച ചർച്ചയിൽ റിട്ടയേർഡ് കോഴിക്കോട് നർകോട്ടിക്സ് അസിസ്റ്റന്റ്കമ്മിഷ്ണർ ജേക്കബ് ടി.പി, യുവ സംവിധായകൻ ജെസ്പിൻ ജോസഫ് പള്ളിക്കത്തൊട്ടിയിൽ, ഹർഷം പ്രോജക്ട് സർക്കാർ ആയുർവേദ ഡിസ്പെൻസറിയിൽ മെഡിക്കൽ ഓഫിസർ സ്പെഷ്യലിസ്റ്റ് ആയി സേവനം അനുഷ്ഠിക്കുന്ന ആയുർവേദ മനോരോഗ വിദഗ്ധ ഡോ. പ്രിൻസി മത്തായി BAMS, MD എന്നിവർ പങ്കെടുത്തു.

## റേഡിയോ ചിത്രീകരണം

അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തിൽ കെ. സി. വൈ. എം മാനന്തവാടി രൂപതയുടെ ലഹരി വിരുദ്ധ ക്യാമ്പയിൻ Red Ribbon Antidrugs Campaign 24 ന്റെ ഭാഗമായി 'വാൾമുനയിൽ വെച്ച മനസ്സ്' റേഡിയോ ചിത്രീകരണം നടത്തി. ജൂൺ 26, 27 ദിവസങ്ങളിൽ റേഡിയോ മാറ്റൊലിയിലൂടെ റേഡിയോ ചിത്രീകരണം പ്രക്ഷേപണം ചെയ്തു. കെ. സി. വൈ. എം മാനന്തവാടി രൂപതയുടെ ബാനറിൽ ഫാ. റോബിൻസ് കുമ്പളക്കുഴി രചിച്ചു സംവിധാനം ചെയ്ത റേഡിയോ ചിത്രീകരണത്തിന് ശ്രീ. അജിത് പോൾ പറയിടത്തിൽ (രൂപത സിൻഡിക്കേറ്റ്), ശ്രീ. ജിഷിൻ മുണ്ടക്കത്തടത്തിൽ (രൂപത പ്രസിഡന്റ്), കുമാരി അലീഷ ജേക്കബ് തെക്കിനാലിൽ (രൂപത സെക്രട്ടറി ), ശ്രീ. ജോബിൻ മാർട്ടിൻ (രൂപത കോർഡിനേറ്റർ), എന്നിവർ ശബ്ദം നൽകി. രൂപത ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ സഹ സംവിധാനം നിർവഹിച്ചു.

## കാർലോസ് വൈബ്

കാർലോസ് അകിറ്റിസിന്റെ പാതയിൽ യുവജനങ്ങളെ ഒന്നിപ്പിക്കുന്നതിനായി ആരംഭിച്ച കാർലോസ് വൈബ് പ്രോഗ്രാം

ജൂൺ 16ന് ദ്വാരക യൂണിറ്റിൽ വച്ചും, ജൂൺ17ന് തൃശ്ശിലേരി യൂണിറ്റിൽ വച്ചും, ജൂൺ 23ന് വിളമ്പുകണ്ടം യൂണിറ്റിൽ വെച്ചും ജൂലൈ 7ന് കൊമ്മയാട് യൂണിറ്റിൽ വച്ചും നടത്തി.

**സ്വർഗ്ഗീയ മധ്യസ്ഥരുടെ അനുസ്മരണം**

കെ.സി.വൈ.എമ്മിന്റെ സ്വർഗീയ മധ്യസ്ഥൻ വി. തോമസ് മൂറിന്റെയും, കെ. സി. വൈ. എം മാനന്തവാടി രൂപതയുടെ മധ്യസ്ഥൻ വി. പൗലോസ് ശ്ലീഹയുടെയും അനുസ്മരണം കല്ലോടി മേഖലയുടെ ആതിഥേയത്വത്തിൽ ജൂൺ 29 ശനിയാഴ്ച പുതിയിടംകുന്ന് സെന്റ്. ചാവറ കുര്യാക്കോസ് ഏലിയാസ് ദേവാലയത്തിൽ വച്ച് നടത്തി. വിശുദ്ധ കുർബാനയ്ക്ക് ശേഷം നടത്തപ്പെട്ട യോഗത്തിൽ കെ. സി. വൈ.എം രൂപത പ്രസിഡന്റ് ശ്രീ. ജിഷിൻ മുണ്ടക്കത്തടത്തിൽ അധ്യക്ഷത വഹിച്ചു.

**ACEFIRE 2024**

കെ. സി. വൈ. എമ്മിന്റെ സ്വർഗീയ മദ്ധ്യസ്ഥരായ വിശുദ്ധ തോമസ് മൂർ, വിശുദ്ധ പൗലോസ് ശ്ലീഹാ അനുസ്മരണ ദിനത്തോടനുബന്ധിച്ച്, കെ. സി .വൈ. എം മാനന്തവാടി രൂപത സംഘടിപ്പിച്ച ACEFIRE - 2024 ഡബിൾസ് ബാഡ്മിന്റൺ ടൂർണമെന്റ് ജൂൺ 29 ശനിയാഴ്ച മേരിമാതാ ആർട്സ് & സയൻസ് കോളേജ് മാനന്തവാടിയിൽ വെച്ച് നടത്തി. പയംമ്പള്ളി മേഖല ഡയറക്ടർ ഫാ. ജോമോൻ O.Carm ഉദ്ഘാടനം നിർവഹിച്ചു. 27 ടീമുകൾ മത്സരത്തിൽ പങ്കെടുത്തു.

**വിജയികൾ: ഒന്നാം സ്ഥാനം** : ബിജു മഞ്ഞപ്പിള്ളിൽ (അമരക്കുനി), പയസ് അക്കംതിരിയിൽ (മരകാവ്)

**രണ്ടാം സ്ഥാനം:** സഞ്ജു ഷിബി (ഒഴുക്കന്മൂല), സച്ചിൻ ടി സാജൻ (മംഗലശ്ശേരി)

**മൂന്നാം സ്ഥാനം** : ആൽവിൻ ബിജു (ആറാട്ടുതറ), ഷോൺ ടി ഫ്രാൻസിസ് (കാട്ടിക്കുളം) മേരി മാതാ ആർട്സ് & സയൻസ് കോളേജ് മാനേജർ ഫാ.സിബിച്ചൻ ചേലക്കാപ്പള്ളിൽ, അസിസ്റ്റന്റ് മാനേജർ ഫാ. അജയ് തേക്കിലക്കാട്ടിൽ എന്നിവർ സമ്മാനദാനം നിർവഹിച്ചു.

**രക്തദാന ക്യാമ്പ്**

'രക്തദാനം ജീവദാനം' എന്ന സന്ദേശം സമൂഹത്തിന് പകർന്ന് നൽകിക്കൊണ്ട് കെ. സി. വൈ. എം മാനന്തവാടി രൂപതയും, ദ്വാരക മേഖലയും സംയുക്തമായി. എസ്. എച്ച് നിർമല പ്രൊവിൻസ് ഷെയർ സോഷ്യൽ സർവീസ് സൊസൈറ്റിയോട് ചേർന്ന് രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. മാനന്തവാടി രൂപത പാസ്റ്ററൽ സെന്റർ ഡയ

റക്ടർ ഫാ. ജോസഫ് പരുവുമ്മേൽ ഉദ്ഘാടനം നിർവഹിച്ചു. രൂപതയിലെ വിവിധ യൂണിറ്റുകളിൽ നിന്നായി യുവജനങ്ങളും മുതിർന്നവരും, വൈദീകരും സന്യസ്തരും രക്തദാനത്തിൽ പങ്കാളികളായി.

**READY റീജിയണൽ ഡയറക്ടേഴ്സ് & ആനിമേറ്റേഴ്സ് മീറ്റ് 2024**

കെ. സി. വൈ. എം മാനന്തവാടി രൂപതയിലെ യുവജനങ്ങളെ മുന്നോട്ട് നയിച്ചു കൊണ്ടിരിക്കുന്ന 13 മേഖലകളിലെയും മേഖലാ ഡയറക്ടർമാരുടെയും മേഖല ആനിമേറ്റർമാരുടെയും സംഗമം Ready 2024 ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ജൂലൈ 6 ശനിയാഴ്ച്ച നടത്തി. കെ. സി. വൈ. എം രൂപത പ്രസിഡന്റ് ജിഷിൻ മുണ്ടക്കത്തടത്തിൽ അധ്യക്ഷത വഹിച്ച പരിപാടിയിൽ രൂപതാ ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ ആമുഖ സന്ദേശം നൽകി. കെ. സി. വൈ.എം പ്രസ്ഥാനത്തിന്റെ മേഖലരൂപത പ്രവർത്തനങ്ങളുടെ വിശകലനവും പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാനുള്ള ചർച്ചകളും നടത്തി.

**YOUFEST - 2024**

കെ. സി. ബി. സി ആഹ്വാനം ചെയ്ത 2024 യുവജന വർഷത്തിലെ രൂപതാതല യുവജന ദിനാഘോഷം YOUFEST - 2024 കെ. സി. വൈ. എം കൊമ്മയാട് യൂണിറ്റിൽ വെച്ച് ജൂലൈ 7 ന് നടത്തി. വിശുദ്ധ കുർബാനയിലും, കാഴ്ച്ചവെപ്പിലും, ആരാധനയിലും യുവജനങ്ങൾ സജീവമായി പങ്കെടുത്തു. രൂപത പ്രസിഡന്റ് ജിഷിൻ മുണ്ടക്കടത്തിൽ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ കെ. സി. വൈ. എം രൂപതാ ഡയറക്ടർ ഫാദർ സാന്റോ അമ്പലത്തറ ആമുഖ പ്രഭാഷണം നടത്തി. കൊമ്മയാട് സെന്റ് സെബാസ്റ്റ്യൻ പള്ളി വികാരി ഫാ. ബിനു വടക്കേൽ യുവജന ദിനാഘോഷം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. കൊമ്മയാട് യൂണിറ്റ് പ്രസിഡന്റ് ഗോഡ്വിൻ മുണ്ടങ്ങാട്ടിൽ, ദ്വാരക മേഖല ഡയറക്ടർ ഫാ. ടോണി ഏലംകുന്നേൽ എന്നിവർ ആശംസ അറിയിച്ച് സംസാരിച്ചു. പൊതു സമ്മേളനത്തിന് ശേഷം യുവജനങ്ങൾക്കുള്ള ആനിമേഷൻ പ്രോഗ്രാം കാർലോസ് വൈബ് നടത്തി.

**കരുതലിന്റെ കരസ്പർശവുമായി യുവജനങ്ങൾ**

കണ്ണിൽ കനിവും കരളിൽ കനലും കാലിൽ ചിറകുകളും ഉള്ള ക്രൈസ്തവ യുവത്വം എന്ന സന്ദേശത്തെ മുൻനിർത്തി കെ. സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ രൂപതയ്ക്ക് കീഴിലുള്ള 24 അഗതിമന്ദിരങ്ങളിലേക്കുള്ള കമ്പിളി പുതപ്പുകൾ നൽകുന്നതിന്റെ ഉദ്ഘാടനം കെ. സി. വൈ. എം

കൊമ്മയാട് യൂണിറ്റിൽ വച്ച് നടന്ന രൂപതാതല യുവജന ദിനാഘോഷത്തിൽ നടത്തപ്പെട്ടു. പുതപ്പുകൾ രൂപത ഭാരവാഹികൾ മേഖല ഭാരവാഹികൾക്ക് കൈമാറുകയും യുവജനങ്ങൾ നേരിട്ട് സ്ഥാപനങ്ങളിൽ എത്തിച്ചു നൽകുകയും ചെയ്തു. ഈ ഉദ്യമത്തിന്റെ വിജയത്തിനായി സാമ്പത്തികമായി സഹായമൊരുക്കിയവർക്ക് രൂപതാ പ്രസിഡന്റ് ജിഷിൻ മുണ്ടക്കത്തടത്തിൽ നന്ദി പറഞ്ഞു.

**ജന്മദിനാശംസകൾ**

കെ. സി. വൈ. എം മാനന്തവാടി രൂപതാ മുൻ ഡയറക്ടറും രൂപത സിൻഡിക്കേറ്റ് അംഗവുമായ ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ രൂപത കോഡിനേറ്റർ ജോബിൻ മാർട്ടിൻ തടത്തിൽ എന്നിവർക്ക് ജന്മദിനാശംസകൾ നേർന്നു.

**ആശംസകൾ**

കെ. സി. വൈ. എമ്മിന്റെ സ്വർഗീയ മദ്ധ്യസ്ഥരായ വിശുദ്ധ തോമസ് മൂറിന്റെയും, വിശുദ്ധ പൗലോസ് ശ്ലീഹയുടെയും തിരുനാൾ ആശംസകൾ, മാനന്തവാടി രൂപതയുടെ സഹായമെത്രാൻ മാർ അലക്സ് താരമംഗലം പിതാവിന് നാമഹേതുക തിരുനാൾ ആശംസകൾ, ഡോക്ടേർസ് ദിനം, ദുക്റാനദിനം, യുവജദിനം എന്നീ ആശംസകൾ അറിയിച്ചു.

**സ്വാഗതം**

കെ. സി. വൈ. എം മാനന്തവാടി രൂപതാ ജനറൽ സെക്രട്ടറിയായി സ്ഥാനമേറ്റെടുത്തിരിക്കുന്ന ജസ്റ്റിൻ തെക്കേമുറിയിലിന് കെ. സി. വൈ. എം രൂപതാകുടുംബത്തിലേക്ക് സ്വാഗതം. സിൻഡിക്കേറ്റ് അംഗമായി തിരഞ്ഞെടുക്കപ്പെട്ട മാനന്തവാടി മേഖലാ ഡയറക്ടർ ഫാ.നിധിൻ പാലക്കാട്ട്, മാനന്തവാടി സിൻഡിക്കേറ്റ് അംഗം വിദ്യ പടിഞ്ഞാറയിൽ, നീലഗിരി സിൻഡിക്കേറ്റ് അംഗം സ്നേഹ ജോൺ വാഴയിൽ എന്നിവരെ സ്വാഗതം ചെയ്തു.

**നന്ദി**

ആറുമാസക്കാലം മാനന്തവാടി രൂപതയുടെ കെ. സി. വൈ. എം ജനറൽ സെക്രട്ടറിയായി സേവനം ചെയ്ത ടിജിൻ ജോസഫ് വെള്ളപ്ലാക്കിലിന് കെ. സി. വൈ. എം രൂപതാ കുടുംബത്തിന്റെ നന്ദി.

**പത്രപ്രസ്താവന**

വന്യജീവികളുടെ നിരന്തര ആക്രമണങ്ങൾ വർധിച്ചു വരുന്ന സാഹചര്യത്തിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്തുന്നതിനായും വന്യമൃഗശല്യത്തിന് ശാശ്വത പരിഹാരം കാണണമെന്ന കാലങ്ങളായുള്ള ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനും സർക്കാർ അടിയന്തിരമായി ഇടപെടണമെന്ന് ആവശ്യ

പ്പെട്ടുകൊണ്ട് കെ. സി. വൈ. എം മാനന്തവാടി രൂപത പത്രപ്രസ്താവന ഇറക്കി.

**പ്രതിഷേധം**

ജൂലൈ 3 ദുക്റാന തിരുനാളിൽ യൂണിവേഴ്സിറ്റി പരീക്ഷകൾ നടത്തുന്നതിൽ കെ. സി. വൈ. എം മാനന്തവാടി രൂപത പ്രതിഷേധം അറിയിച്ചു.

**ആദരാജ്ഞലികൾ**

കുവൈറ്റ് ലേബർ ക്യാമ്പിലെ തീപിടുത്തത്തിൽ മരണമടഞ്ഞ പ്രിയപ്പെട്ട സഹോദരങ്ങൾക്കും, റഷ്യയിൽ തീവ്രവാദ ഭീകരതയുടെ ഇരകളായി ജീവൻ വെടിഞ്ഞ ഫാ. നിക്കോളോയി കോട്ടൽനിക്കോവിനും പ്രിയ സഹോദരങ്ങൾക്കും, യുകെയിൽ കാറപകടത്തിൽ മരിച്ച മലയാളി നഴ്സിംഗ് വിദ്യാർത്ഥിനി ഹെൽന മരിയ പാറത്താനത്തിനും, കെ. സി. വൈ. എം മുൻ സംസ്ഥാന സെക്രട്ടറിയും രൂപത കോർഡിനേറ്ററും ആയിരുന്ന സെബാസ്റ്റ്യൻ പാലംപറമ്പിലിന്റെ പിതാവ് ജോസഫ് പാലംപറമ്പിലിനും ആദരാഞ്ജലികൾ അർപ്പിച്ചു.

**മേഖല വാർത്തകൾ**

**ദ്വാരക മേഖല**

ലഹരി വിരുദ്ധ ദിനത്തോട് അനുബന്ധിച്ചു ദ്വാരക യൂണിറ്റ് മുതൽ തോണിച്ചാൽ യൂണിറ്റ് വരെ മാരത്തോൺ നടത്തി. 'കളിക്കളം ആവട്ടെ നമ്മുടെ ലഹരി' എന്ന ആപ്തവാക്യവുമായി കെ. സി. വൈ. എം ദ്വാരക മേഖലയുടെ നേതൃത്വത്തിൽ മഡ് ഫുട്ബാൾ സങ്കടിപ്പിച്ചു.

**യൂണിറ്റ് വാർത്തകൾ**

**കൈയ്യൂന്നി യൂണിറ്റ്**

ലഹരി വിരുദ്ധ സെൽ രൂപീകരിച്ചു. ലഹരി വിരുദ്ധ പ്രതിജ്ഞ നടത്തി. സാഹിത്യ രചന മത്സരവും, ചുമർപത്രിക നിർമാണ മത്സരവും നടത്തി, ഒരാഴ്ച നീണ്ട വായനവാരം സംഘടിപ്പിച്ചു. ലഹരി വിരുദ്ധ സെമിനാർ, ലഹരി വിരുദ്ധ ക്യാമ്പയിൻ എന്നിവ എരുമാട് പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥരുടെ പങ്കാളിത്തത്തിൽ നടത്തപ്പെട്ടു. പരിസ്ഥിതി ദിനത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങളുടെ ഭവനങ്ങളിൽ വൃക്ഷത്തൈകൾ നട്ടു. മേഖലാതലനറുക്കെടുപ്പിൽ യൂണിറ്റിന് ഒന്നും രണ്ടും സമ്മാനങ്ങൾ ലഭിച്ചു.

**പാതിരിപ്പാടം**

യൂണിറ്റ് പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ബഹു. സണ്ണിയച്ചന്റെ നേതൃത്വത്തിൽ യുവജനങ്ങളും ഇടവകക്കാരും ചേർന്ന് മരത്തൈകൾ നട്ടു. ജൂൺ 16 നു കുവൈറ്റിലെ മരണമടഞ്ഞ പ്രിയ

പ്പെട്ടവർക്ക് വേണ്ടി പള്ളിമുറ്റത്ത് റീത്ത് ഒരുക്കി റീത്തിൽ 50 തിരികൾ കത്തിച്ച് പ്രാർത്ഥിച്ചു.

**മണിമൂളി യൂണിറ്റ്**

സ്കൂൾ തുറന്നതോടനുബന്ധിച്ച് കുട്ടികൾക്കായി യുവജന ങ്ങളുടെ നേതൃത്വത്തിൽ പഠനോപകാരങ്ങൾ ശേഖരിച്ച് അർഹ തപ്പെട്ട കുട്ടികൾക്ക് കൈമാറി. പരിസ്ഥിതി ദിനത്തിൽ ഫലവൃ ക്ഷതൈകൾ നട്ടു.

**ചുള്ളിയാന യൂണിറ്റ്**

യൂണിറ്റിന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ സെമിനാർ നടത്തി. കെ. സി. വൈ. എം സ്റ്റേറ്റ് സെനറ്റ് മെമ്പർ ടെസിൻ തോമസ് വയലിൽ ക്ലാസുകൾ നയിച്ചു.

**ദ്വാരക യൂണിറ്റ്**

ദ്വാരക യൂണിറ്റിന്റെ നേതൃത്വത്തിൽ ലഹരിക്കെതിരെ റീൽസ് മത്സരം സംഘടിപ്പിച്ചു.

**പുതുശ്ശേരിക്കടവ് യൂണിറ്റ്**

വായനാദിനത്തിൽ ഓൺലൈൻ ക്വിസ് മത്സരം നടത്തി. വി. തോമസ് മൂറിന്റെ തിരുനാൾ ആശംസകൾ പങ്കുവെച്ചു. മാർത്തോമാ ശ്ലീഹായുടെയും, വിശുദ്ധ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെയും തിരുനാൾ ആഘോഷവും, വിവിധ ഭക്തസംഘടനകളുടെ വാർ ഷിക ആഘോഷവും നടത്തി. കെ. സി. വൈ. എം രൂപതാ ഡയറക്ടർ ഫാദർ സാന്റോ അമ്പലത്തറ ഉദ്ഘാടനം ചെയ്തു. പാരിഷ് ന്യൂസ് ബുള്ളറ്റിൻ പുറത്തിറക്കി. ഡോക്ടേഴ്സ് ദിനം, അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം, വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണം, ബാല വേല വിരുദ്ധ ദിനം എന്നീ ദിനങ്ങളിൽ സന്ദേശം പങ്കുവെച്ചു.

**നരിവാലമുണ്ട യൂണിറ്റ്**

പരിസ്ഥിതി ദിനത്തിൽ ഭാരവാഹികൾ വൃക്ഷത്തൈ നട്ടു. യൂണി റ്റിന്റെ നേതൃത്വത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽ ക്കുന്ന വിദ്യാർത്ഥികൾക്ക് പുതിയ അധ്യയന വർഷത്തേയ്ക്ക് ആവശ്യമായ പഠനോപകരണങ്ങൾ വിതരണം ചെയ്തു. ലഹരി വിരുദ്ധ മാസാചരണത്തിന്റെ ഭാഗമായി ഇടവകയിലെ യുവജന ങ്ങൾക്കായി പോസ്റ്റർ നിർമ്മാണ മൽസരം നടത്തി. Red Ribbon Anti Drug Campagin ന്റെ ഭാഗമായി ഇടവകയിലെ യുവജനങ്ങൾ ലഹരിയുടെ ഉപയോഗത്തിനെതിരായി flashmob നടത്തി. Say No to Drug Challenge ന്റെ ഭാഗമായി ഇടവകജനങ്ങൾ തങ്ങളുടെ കൈരേഖകൾ പതിപ്പിച്ചു പങ്കാളികളായി. ദുക്റാന തിരുനാളിനോ ടനുബന്ധിച്ച് ഇടവകയിലെ തോമസ് നാമധാരികളെ ആദരിച്ചു.

# കെ.സി.ബി.സി മദ്യവിരുദ്ധസമിതി

**രൂപത എക്സിക്യൂട്ടീവ് മീറ്റിംഗ്**

ജൂൺ 25 പാസ്റ്ററൽ സെന്ററിൽ ചേർന്ന എക്സിക്യൂട്ടീവ് മീറ്റിംഗിൽ അംഗങ്ങൾ എല്ലാവരും പങ്കെടുത്തു. ജൂബിലി വർഷ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ സമിതി രൂപീകരിയ്ക്കാത്ത ഇടവകകൾ എക്സിക്യൂട്ടീവ് സന്ദർശിച്ച് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുവാൻ തീരുമാനിച്ചു. ഗവൺമെന്റിന്റെ തെറ്റായ മദ്യ നയത്തിനെതിരെ പ്രമേയം പാസാക്കി. നിലമ്പൂർ, മണിമൂളി ഫൊറോനകളിൽ ഡയറക്ടറുടെ നേതൃത്വത്തിൽ സന്ദർശനം നടത്താൻ തീരുമാനിച്ചു.

**ക്ലാസുകൾ**

മുക്തി ഡി അഡിക്ഷൻ സെന്ററിൽ ലഹരി വിമോചന ക്യാമ്പിൽ 'പുന:പതനവും സങ്കീർണ്ണതയും' എന്ന വിഷയത്തെ ആസ്പദമാക്കി സമിതി ഡയറക്ടർ ക്ലാസ് നയിച്ചു.

**ജീവിതലക്ഷ്യ സർഗ്ഗശേഷി പഠന ക്യാമ്പ് സംഘടിപ്പിച്ചു**

ജൂലൈ 13ന് കെ. സി. ബി. സി മദ്യവിരുദ്ധ സമിതിയുടെയും, ജ്വാല ലഹരി വിരുദ്ധ ക്ലബ്ബിന്റെയും നേതൃത്വത്തിൽ വർദ്ധിച്ചു വരുന്ന ലഹരി കെണിയിൽ നിന്നും കുട്ടികൾ സ്വയം സുരക്ഷിതരാകാൻ മരക്കടവ് സെന്റ് ജോസഫ് ദേവാലയത്തിൽ കുട്ടികൾക്കായി ഏകദിന ക്യാമ്പ് നടത്തി. സിസ്റ്റർ റെജിൻ എം.എസ്.എം.ഐ, ശ്രീമതി. ലാലി പെരുമ്പനാനിക്കൽ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. ഇടവക വികാരി ബഹുമാനപ്പെട്ട ചെമ്പക്കര ബിജോയ് അച്ചൻ സെമിനാർ ഉദ്ഘാടനം ചെയ്തു. കൈകാരൻ ശ്രീ. ജോയ് വെട്ടുകാട്ടിൽ ആശംസകൾ അർപ്പിച്ചു. 57 കുട്ടികൾ പങ്കെടുത്ത ഈ പരിപാടിയിൽ നന്ദി അർപ്പിച്ചു കൊണ്ട് അധ്യാപകൻ ശ്രീ. തങ്കച്ചൻ സംസാരിച്ചു. രാവിലെ 9 മണിക്ക് പ്രാർത്ഥനയോടെ ആരംഭിച്ച സെമിനാർ ഉച്ചയ്ക്ക് ഒന്നരയോടെ സമാപിച്ചു.

**ലഹരി വിരുദ്ധ ദൂത്**

**1. പ്രശാന്തഗിരി ഇടവക:** ജൂലൈ 7 ഞായർ പ്രശാന്തഗിരി ഇടവകയിൽ ഇടവക വികാരി ഫാ. ബിജു പുന്നയ്ക്കപ്പടവിൽ ലഹരിവിരുദ്ധ ക്ലബ്ബ് ഉദ്ഘാടനം ചെയ്തു, സമിതിയുടെ യൂണിറ്റ് സ്ഥാപിച്ചു. സമിതി ഡയറക്ടർ ഫാ. സണ്ണി മഠത്തിൽ മാതാപിതാക്കൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ബോധവൽക്കരണ ക്ലാസുകൾക്ക് നേതൃത്വം വഹിച്ചു. പ്രധാന അധ്യാപകൻ ശ്രീ. ബിനു പൊട്ടക്കൽ, കൈക്കാരൻ

ശ്രീ. ജോസ് പുലിതൂക്കിൽ, എന്നിവർ പ്രസംഗിച്ചു. സെക്രട്ടറി ശ്രീ. ജോണി പന്നികുത്തിമാക്കൽ, സി. ഡാനി പീറ്റർ SH, മെൽബിൻ പന്നിക്കുത്തിമാക്കൽ എന്നിവർ ആശംസകൾ അറിയിച്ചു.

**2. ചോക്കാട് ഇടവക:** ജൂലൈ 14 ഞായർ ചോക്കാട് ഇടവകയിൽ സമിതി ഡയറക്ടർ വിശുദ്ധ ബലിയർപ്പിച്ച് മുതിർന്നവർക്കും കുട്ടികൾക്കും ലഹരി വിരുദ്ധ ബോധവൽക്കരണ സെമിനാർ നടത്തി. സൺഡേസ്കൂൾ പ്രധാന അധ്യാപിക ശ്രീമതി ജോളി അരുമായിൽ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. മദ്യവിരുദ്ധ സമിതി, യുവദീപം ലഹരി വിരുദ്ധ ക്ലബ്ബ്, ജ്വാലാ ലഹരി വിരുദ്ധ ക്ലബ്ബ് എന്നിവ രൂപീകരിച്ചു. കൈക്കാരൻ ശ്രീ. സണ്ണി കൊട്ടാരത്തിൽ ആശംസകൾ നേർന്നു.

**ഇടവക സന്ദർശനങ്ങൾ**

എക്സിക്യൂട്ടീവ് അംഗങ്ങളുടെ നേതൃത്വത്തിൽ ജൂലൈ 6 ന് മാനന്തവാടി ഫൊറോനയിലുള്ള ടൗൺ ചർച്ച്, കത്തീഡ്രൽ, തലപ്പുഴ, പാറത്തോട്ടം, പേരിയ, ആലാറ്റിൽ, വാളാട്, എന്നീ ഇടവകളും കരിമ്പിൽ ഇടവകയും സന്ദർശിച്ചു. രൂപതാ ഡയറക്ടറുടെ നേതൃത്വത്തിൽ മണിമൂളി, നിലമ്പൂർ ഫൊറോനകളിലുള്ള ചോക്കാട്, വള്ളികെട്ട്, പൂക്കോട്ടുംപാടം, നരിവാലമുണ്ട, പാതിരിപ്പാടം, തലഞ്ഞി, പലേമാട് എന്ന ഇടവകകൾ സന്ദർശിക്കുകയും യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഇടവക വികാരിമാരുമായി ആലോചിക്കുകയും ചെയ്തു. എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് ആവശ്യമായ മാർഗ്ഗദർശനം നൽകിയ എല്ലാ വികാരിമാരെയും നന്ദിപൂർവം ഓർക്കുന്നു. സന്ദർശനത്തിൽ പങ്കെടുത്ത എക്സിക്യൂട്ടീവ് അംഗങ്ങളായ ശ്രീ. രാജു വലിയാറ, ശ്രീ. മാത്യു ആര്യപള്ളി, ശ്രീമതി ലില്ലി പെരുമ്പനാനി, ശ്രീമതി ടെസി കറുത്തേടത്ത്, ശ്രീ. മനോജ് പാക്കാനിക്കുഴി എന്നിവർക്ക് അഭിനന്ദനങ്ങൾ.

**അനുമോദനങ്ങൾ**

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച 'റെഡ് റിബൺ ആന്റി ഡ്രഗ്സ് ക്യാമ്പയിൻ' ലഹരി വിരുദ്ധ മാസാചരണത്തിൽ മികച്ച പ്രകടനം കാഴ്ചവച്ച തരിയോട് ഇടവകയ്ക്കും, തരിയോട് ഫൊറോനക്കും സമിതിയുടെ അനുമോദനങ്ങൾ! മികച്ച ഇടവകയ്ക്കുള്ള അവാർഡ് നൽകുവാൻ സമിതിക്ക് അവസരം നൽകിയ രൂപതാ ഡയറക്ടർ ബഹു. ഫാ. സാന്റോ അമ്പലത്തറ, രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ, യുവജന സുഹൃത്തുക്കൾ എല്ലാവർക്കും നന്ദി.

**രാജു വലിയാറയിൽ**
(രൂപത പ്രസിഡന്റ്)

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സ്**

ജൂലൈ മാസത്തെ വിവാഹ ഒരുക്ക കോഴ്സിൽ 61 പേർ പങ്കെടുത്തു. ആഗസ്റ്റ് മാസത്തെ വിവാഹ ഒരുക്ക കോഴ്സ് 10,11,12,13 തിയതികളിലും,സെപ്റ്റംബർ മാസത്തെ വിവാഹ ഒരുക്ക കോഴ്സ് 14,15,16,17 എന്നീ തിയതികളിലും നടത്തപ്പെടുന്നു.

**രൂപതാ വാർത്തകൾ**

**മാതൃവേദി**

ലോക പരിസ്ഥിതി ദിനമായ ജൂൺ അഞ്ചാം തീയതി രൂപതയിലെ എല്ലാ ദേവാലയങ്ങളിലും ഫലവൃക്ഷത്തൈകൾ നട്ടു. തിരുഹൃദയ തിരുനാളിനോടനുബന്ധിച്ച് തിരുഹൃദയ സന്യാസിനികൾക്ക് ആശംസകൾ അറിയിക്കുകയും തിരുഹൃദയ സന്യാസ സമൂഹങ്ങൾ ശുശ്രൂഷ ചെയ്യുന്ന ഇടവകകളിൽ അവരെ ആദരിക്കുകയും ചെയ്തു. 1975 മുതൽ 15 വർഷത്തോളം മാതൃവേദിയുടെ രൂപത പ്രസിഡായി സേവനമനുഷ്ഠിച്ച ഡോ.വത്സലയെ ഭവനത്തിൽ ചെന്ന് ഷോൾ അണിയിച്ച് ആദരിക്കുകയും കേക്ക് മുറിച്ച് മധുരം നൽകുകയും ചെയ്തു. ആലുവയിൽ വെച്ച് നടന്ന വചന എഴുത്ത് മത്സരത്തിൽ വചനമുത്തുകൾ 2024 രൂപതയിൽ നിന്നും ഒന്നും രണ്ടും സ്ഥാനം ലഭിച്ച ജിഷ സാബു ചിറമുഖത്ത് പോരൂർ, അനു ഉള്ളോപ്പള്ളി പയ്യമ്പള്ളി എന്നിവരെ ഗ്ലോബൽ മത്സരത്തിൽ പങ്കെടുപ്പിച്ചു മാനന്തവാടി രൂപത മാതൃവേദിയുടെ മുൻ ആനിമേറ്ററായി സേവനം ചെയ്തിരുന്ന ബഹുമാനപ്പെട്ട സിസ്റ്റർ ആലീസ് SKD യെ രൂപത ടീം സന്ദർശിച്ചു. മുൻ മാതൃവേദി ടീം അംഗമായിരുന്ന ഇപ്പോൾ ചികിത്സയിൽ ആയിരിക്കുന്ന ശ്രീമതി അന്നമ്മ ടീച്ചറെ സന്ദർശിച്ചു അവർക്കുവേണ്ടി പ്രാർത്ഥിച്ചു.ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് കൊളാഷ് മത്സരം നടത്തി.ലഹരി വസ്തുക്കൾക്കടിമപ്പെട്ടവർക്ക് വേണ്ടി അമ്മമാർ ദിവ്യകാരുണ്യ ആരാധനയിൽ പങ്കെടുത്ത് പ്രാർത്ഥിച്ചു. പ്രകൃതിക്ഷോഭത്തിൽ നിന്നും സംരക്ഷണം ലഭിക്കുന്നതിനു വേണ്ടി തരിയോട് മേഖല ചെയിൻ റോസറി ചൊല്ലി പ്രാർത്ഥിച്ചു.

**നന്ദി**

കഴിഞ്ഞ വർഷങ്ങളിൽ മാതൃവേദി മേഖല ആനിമേറ്റർമാരായി സേവനം അനുഷ്ഠിച്ച സി. പ്രശാന്തി MSMI (മാനന്തവാടി), സി.റീന MSMI (കല്ലോടി), സി.സ്റ്റെല്ല CMC (നടവയൽ),സി.എൽസി പോൾ SKD (മുള്ളൻകൊല്ലി), സി.റെജി മരിയ FCC(നിലമ്പൂർ), സി. റോസ് ടോം SABS (ബത്തേരി) എന്നീ സിസ്റ്റേഴ്സിന് ഹൃദയം നിറഞ്ഞ നന്ദി.

**സ്വാഗതം**

മാതൃവേദി മേഖല ആനിമേറ്റർമാരായി ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്ന സി.ഷേർലി തോപ്പിൽ SKD(കല്ലോടി), സി.ജസ്ന FCC (നടവയൽ),സി.ജെയിൻ മുകാലയിൽ SABS (മുള്ളൻകൊല്ലി), സി.അനീറ്റ MSMI (നിലമ്പൂർ), എന്നീ സിസ്റ്റേഴ്സിന് ഹൃദ്യമായ സ്വാഗതം

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി.15 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ആഗസ്റ്റ് 23

**മേഖല വാർത്തകൾ**

**തരിയോട് മേഖല**

പരിസ്ഥിതി ദിനത്തിൽ ഇടവക വൈദികരുടെ സാന്നിധ്യത്തിൽ ദേവാലയ പരിസരം വൃത്തിയാക്കി ഫല വൃക്ഷത്തൈകൾ നട്ടു. വി.മറിയം ത്രേസ്യായുടെ തിരുനാൾ ദിനത്തിൽ ത്രേസ്യ നാമധാരികളെ ആദരിച്ചു. മേഖലാതല നേതൃത്വ പരിശീലന ക്ലാസിന് മാനന്തവാടി രൂപത മാതൃവേദി ഡയറക്ടർ. ഫാ.ബിനു വടക്കേൽ നേതൃത്വം നല്കി. 47 അമ്മമാരും ആനിമേറ്റേഴ്സും പങ്കെടുത്തു. കൂപ്പൺ വിറ്റ വകയിൽ മേഖലയ്ക്ക് ലഭിച്ച വിഹിതം തുല്യമായി വീതിച്ച് ഓരോ ശാഖകളിലും ഏറ്റവും അർഹതപ്പെട്ട രോഗികൾക്ക് കൊടുത്തു. ബത്തേരി അസംപ്ഷൻ ഒരുക്കിയ 'വിദ്യാഭ്യാസ പരിഷ്കാരവും നൂതന സാധ്യതകളും' എന്ന വെബിനാറിൽ മേഖലയിലെ അംഗങ്ങൾ പങ്കെടുത്തു.

**മുള്ളൻകൊല്ലി മേഖല**

എക്സിക്യൂട്ടീവ് കൂടി.തിരുഹൃദയ വണക്കമാസം കുടുംബങ്ങളിൽ നടത്തി.തിരുഹൃദയ തിരുനാൾ,വി.പത്രോസ്,പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ എന്നിവ ആചരിച്ചു. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് 12 യൂണിറ്റിനും അവക്കാഡോ തൈകൾ വിതരണം ചെയ്യുന്നതിന്റെ ഉദ്ഘാടനം നടത്തി.പാവപ്പെട്ട വിദ്യാർ

ത്ഥികൾക്ക് പഠനോപകരണം വിതരണം ചെയ്തു. രോഗീസന്ദർശനം നടത്തി.ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് കൊളാഷ് മത്സരം, പോസ്റ്റർ നിർമ്മാണ മത്സരം, കവിത മത്സരം എന്നിവ നടത്തി.

**കല്ലോടി മേഖല**

എക്സിക്യുട്ടീവ് മീറ്റിംഗ് കൂടി. പുതിയ ഡയറക്ടറായി ഫാ. ഫ്രാൻസീസ് നെല്ലിക്കുന്നേൽ, ആനിമേറ്ററായി സി. ഷേർലി SKD എന്നിവർ ചാർജെടുത്തു.കൊളാഷ് മത്സരം നടത്തി. I st ജെസ്ന ചതുരക്കോട്ടിൽ - കുഞ്ഞോം, 2 nd ജെസി അനൂപ് കൂമ്പുക്കൽ.

**ശാഖാ വാർത്തകൾ**

**പുതുശ്ശേരിക്കടവ്**

KCYM നടത്തിയ ഡ്രഗ്സ് സിഗ്നേച്ചറിൽ മാതൃവേദി അംഗങ്ങൾ പങ്കെടുത്തു.പരിസ്ഥിതി ദിനം ആചരിച്ചു. തിരുഹൃദയ ഗാന മത്സരം Online ആയി നടത്തി.തിരുഹൃദയരൂപം അലങ്കരിച്ചു. മാതാവിന്റെ രൂപം അലങ്കരിച്ച് പ്രാർത്ഥിക്കുന്ന ഫോട്ടോ അയക്കുക എന്ന മത്സരത്തിൽ അമ്മമാർ പങ്കെടുത്തു. ജനറൽ ബോഡി ,സിമിത്തേരി ക്ലീനിംഗ് ,കൽപ്പറ്റ സ്നേഹസദൻ സന്ദർശനം എന്നിവ നടത്തി. കൽപ്പറ്റ സ്നേഹസദനിൽ 7500/- രൂപയും 26 നൈറ്റിയും നൽകി. FCC സിസ്റ്റേഴ്സ് നടത്തുന്ന Oldage Home സന്ദർശിച്ച് 8000/- രൂപയും നൽകി.

**മരക്കടവ്**

തിരുഹൃദയ വണക്കമാസം ആചരിച്ചു. പരിസ്ഥിതി ദിനത്തിൽ പുഴയോരത്ത് മരത്തൈകൾ വച്ചു പിടിപ്പിച്ചു. ഒരു നിർധന വിദ്യാർത്ഥിക്ക് പഠനസഹായം നൽകി.അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തിൽ സെമിനാർ നടത്തി. രൂപതാ മൈനർ സെമിനാരിയിലെ വൈദികരെയും വൈദിക വിദ്യാർത്ഥികളെയും സന്ദർശിച്ചു. വിയാനി ഭവൻ സന്ദർശിച്ചു.

**ശിശുമല**

തിരുഹൃദയവണക്കമാസം, വി. മറിയം ത്രേസ്യയുടെ തിരുനാൾ, വിമലഹൃദയ തിരുനാൾ എന്നിവ ആചരിച്ചു. പൊതുയോഗവും തെരഞ്ഞെടുപ്പും അമ്മമാർക്ക് ക്ലാസ് എന്നിവ നടത്തി.പരിസ്ഥിതി ദിനത്തിൽ ഫലവൃക്ഷ തൈകൾ നട്ടു.ഡിഷ്വാഷ് നിർമ്മിച്ചു വിൽപ്പന നടത്തി. ലഹരി വിമുക്ത ദിനത്തിൽ കൊളാഷ്,പോസ്റ്റർ, നുറുങ്ങു കവിത മത്സരങ്ങൾ ലഹരി വിരുദ്ധ റാലി,രോഗീസന്ദർശനം, ഏലീശ്വാ സംഗമം, മരണവീട് സന്ദർശനം എന്നിവ നടത്തി.

**തലഞ്ഞി**

പരിസ്ഥിതി ദിനത്തിൽ പള്ളിയും പരിസരവും വൃത്തിയാക്കി. പൂന്തോട്ടം നിർമ്മാണം നടത്തി. ലഹരി വിരുദ്ധ സന്ദേശം ബീന കോട്ടേ പറമ്പിൽ നടത്തി. സെമിനാരി വിദ്യാർത്ഥികൾക്ക് ധനസഹായം നൽകി. തിരുഹൃദയ വണക്കമാസ വായന നടത്തി. മറിയം ത്രേസ്യ ക്വിസ് മത്സരം നടത്തി.

**നിലമ്പൂർ**

എക്സിക്യൂട്ടീവ് കൂടി. തിരുഹൃദയ വണക്കമാസാചരണം നടത്തി. നിർധനരായ കുട്ടികൾക്ക് പഠനോപകരണങ്ങൾ, സാമ്പത്തിക സഹായം, ഭക്ഷണം എന്നിവ നൽകി. രോഗി സന്ദർശനം നടത്തി. വൈദിക വിദ്യാർഥികൾക്കായി ഒരമ്മ 20/- രൂപ എന്ന നിലയിൽ സാമ്പത്തിക സഹായം മേഖലയിൽ എത്തിച്ചു. ലഹരി വിരുദ്ധ കൊളാഷ് നിർമ്മിച്ച് മേഖലയിൽ എത്തിച്ചു.

**കയ്യൂന്നി**

എക്സ്സിക്യൂട്ടീവ് എന്നിവ നടത്തി. പേരെന്റ്സ് ഡേ, ക്ഷീര ദിനം, പരിസ്ഥിതി ദിനം, വായനാദിനം, ലോക സംഗീത ദിനം, ഗാർഹീക ദിനം ലഹരി വിരുദ്ധ ദിനം എന്നിവ ആചരിച്ചു. തിരുഹൃദയ തിരുനാൾ, വിമലഹൃദയ തിരുനാൾ, വി. അന്തോണീസിന്റെ തിരുനാൾ എന്നിവ ആചരിച്ചു. ഭവനനിർമാണ സഹായമായി 5000/- രൂപ നൽകി.

**മാർട്ടിൻ നഗർ**

തിരുഹൃദയ തിരുനാൾ ആചരിച്ചു. പരിസ്ഥിതി ദിനത്തിൽ ദേവാലയ പരിസരത്തും റോഡിലും ഉള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്തു. രണ്ടാം ചൊവ്വാഴ്ച ഗവൺമെൻറ് ഹോസ്പിറ്റലിൽ ഭക്ഷണം പാകം ചെയ്തു കൊടുക്കുവാൻ സഹായിച്ചു. ദേവാലയവും പരിസരവും വൃത്തിയാക്കി. ലഹരി വിരുദ്ധദിനത്തിൽ ലഹരി വിമുക്ത കുടുംബം എന്ന വിഷയത്തിൽ കൊളാഷ് മത്സരം നടത്തി വിജയികളെ കണ്ടെത്തി. രോഗി സന്ദർശനം നടത്തി. രണ്ട് കുടുംബങ്ങൾക്ക് ചികിത്സ സഹായം നൽകി. ഏലീശ്വാ സന്ദർശനം നടത്തി.

**കുറുമ്പാല**

തിരുഹൃദയ വണക്കമാസാചരണം നടത്തി. എക്സിക്യൂട്ടീവ് കൂടി. പരിസ്ഥിതി ദിനത്തിൽ ദേവാലയ പരിസരത്ത് ഫലവൃക്ഷത്തൈ നട്ടു. രോഗി സന്ദർശനം നടത്തി. മേഖലാതലത്തിൽ നടന്ന ചിത്ര

രചന മത്സരത്തിലും നേതൃത്വ പരിശീലന ക്ലാസിലും പങ്കെടുത്തു. മാനന്തവാടി ജില്ലാ ആശുപത്രിയിൽ രോഗികൾക്ക് വേണ്ടിയുള്ള ഉച്ചഭക്ഷണം തയ്യാറാക്കാൻ സഹായിച്ചു. 2000/- രൂപ സംഭാവന നൽകി. ലഹരി മുക്തകുടുംബം കൊളാഷ് നിർമ്മിച്ച് മേഖലാ തല മത്സരത്തിൽ പങ്കെടുത്തു.

**ആടിക്കൊല്ലി**

വൃക്ഷ തൈകൾ നട്ട് പരിസ്ഥിതി ദിനാചരണം നടത്തി. ശരിയായ രക്ഷാകർതൃത്വവും ഇന്നത്തെ വിദ്യാഭ്യാസവും എന്ന വിഷയത്തിൽ ബോധവത്ക്കരണ ക്ലാസ്, ജനറൽ ബോഡി എന്നിവ നടത്തി.ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് കൊളാഷ്, കവിതയെഴുത്ത്, പോസ്റ്റർ നിർമ്മാണം എന്നീ മത്സരങ്ങൾ നടത്തി. രോഗികൾ, പ്രായമായവർ എന്നിവരുടെ ഭവന സന്ദർശനം നടത്തി. എക്സികുട്ടീവ് മീറ്റിംഗ് നടത്തി. തിരുഹൃദയ തിരുന്നാൾ ആചരിച്ചു. 2100/- രൂപ രോഗീ സഹായം നൽകി.

**തോമാട്ടുചാൽ**

പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈ നട്ടു. വീടുകളിലും അമ്മമാർ വൃക്ഷത്തൈ നട്ടു. എക്സിക്യൂട്ടീവ് കൂടി. പഴൂർ അഗതിമന്ദിരം സന്ദർശനം നടത്തി 5000 രൂപ സംഭാവന നൽകി. രോഗി സന്ദർശനം ഭവന സന്ദർശനം എന്നിവ നടത്തി പള്ളിയും പരിസരവും വൃത്തിയാക്കി.

**ചുങ്കക്കുന്ന്**

എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. തിരുഹൃദയം മാസാചരണം നടത്തി. തിരുഹൃദയ രൂപം അലങ്കാരമത്സരത്തിൽ പങ്കെടുത്തു . സമ്മാനങ്ങൾ നൽകി. പരിസ്ഥിതി ദിനത്തിൽ ഒരു അമ്മ ഒരു തൈ നടീൽ എന്ന പേരിൽ അമ്മമാർക്ക് വൃക്ഷത്തൈകളും പച്ചക്കറികളും വിതരണം ചെയ്തു. മഴക്കാല രോഗങ്ങളും പ്രതിവിധികളും എന്ന വിഷയത്തെ ആസ്പദമാക്കി മെഡിക്കൽ ക്യാമ്പ് നടത്തി, മരുന്ന് വിതരണം ചെയ്തു. രോഗി സന്ദർശനം, മരണവീട് സന്ദർശനം എന്നിവ നടത്തി.

**കേളകം**

അഗതി മന്ദിരത്തിൽ പൊതിച്ചോറ് നൽകി. എസ്.എസ്എൽ.സി, പ്ലസ് ടു പരീക്ഷകൾക്ക് ഫുൾ എ പ്ലസ് നേടിയ വിദ്യാർത്ഥികളെ ക്യാഷ് അവാർഡ് നൽകി ആദരിച്ചു. നിർധന വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകി.

**കുറുമണി**

പള്ളിയിൽ വൃക്ഷത്തൈ നട്ട് പരിസ്ഥിതി ദിനം ആചരിച്ചു. മേഖലാ തിരുഹൃദയ ചിത്രരചനാ മത്സരത്തിൽ പങ്കെടുത്തു. നിർധന രായ 15 കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകി. ഇടവകയിലെ ക്യാൻസർ രോഗിക്ക് 7000/-രൂപ നൽകി. ലഹരി വിരുദ്ധ കൊളാഷ് നിർമ്മിച്ച് പള്ളിയിൽ പ്രദർശിപ്പിച്ചു. മതബോധനത്തിൽ 10, പ്ലസ്ടു ക്ലാസ്സുകളിൽ ഉയർന്ന മാർക്ക് നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകി.

**താളിപ്പാടം**

എക്സിക്യൂട്ടീവ് കൂടി. പള്ളിപ്പറമ്പിൽ തൈ വയ്ക്കാൻ സഹായിച്ചു. രോഗികളായി കഴിയുന്ന വൃദ്ധരായ മാതാപിതാക്കളെ സന്ദർശിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. ലഹരിവിരുദ്ധ കൊളാഷ് മത്സരത്തിൽ പങ്കെടുത്തു.

**കൊട്ടിയൂർ**

എക്സിക്യൂട്ടീവ് കൂടി. തിരുഹൃദയ വണക്കമാസാചരണം നടത്തി. പരിസ്ഥിതി ദിനത്തിൽ പള്ളി പരിസരത്ത് വൃക്ഷത്തൈ നട്ടു. ലഹരിക്കെതിരായി കൊളാഷ് മത്സരം നടത്തി. അരയങ്ങാട് സ്നേഹ ഭവനിലേക്ക് നൽകാനുള്ള പലവ്യഞ്ജന സാധനങ്ങൾ ഭവനങ്ങൾ സന്ദർശിച്ച എക്സിക്യൂട്ടീവ് അംഗങ്ങൾ ശേഖരിച്ചു. നീണ്ടു നോക്കി ബസ്റ്റാൻഡ് അടിച്ചു വൃത്തിയാക്കി.

**കുഞ്ഞോം**

തിരുഹൃദയ വണക്കമാസാചരണം നടത്തി.പരിസ്ഥിതി ദിനത്തിൽ അമ്മമാർ തൈ നട്ടു.എക്സിക്യൂട്ടീവ്മീറ്റിംഗ് നടത്തി. പിതൃ ദിനത്തിൽ പിതാക്കന്മാരെ ആദരിക്കുകയും ആദരിക്കുന്ന ഫോട്ടോ ഗ്രൂപ്പിൽ ഇടുകയും ചെയ്തു. അഞ്ച് നിർധന വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകി.

**കൽപ്പറ്റ**

തിരുഹൃദയ തിരുനാളിൽ തിരുഹൃദയ സന്യാസിനി സമൂഹം നടത്തുന്ന സ്നേഹസദൻ സന്ദർശിക്കുകയും, സിസ്റ്റേഴ്സിനും, അവിടുത്തെ അന്തേവാസികൾക്കും ഉപഹാരങ്ങൾ നൽകുകയും ചെയ്തു. നിർധനവിദ്യാർത്ഥികൾക്ക് പഠനസഹായം നൽകി, ക്യാൻസർ, കിഡ്നി രോഗികൾക്ക് ചികിത്സസഹായം നൽകി. രോഗീസന്ദർശനം നടത്തി.

**ദീപ്തിഗിരി**

രോഗീ സന്ദർശനം നടത്തി. പള്ളിയും പരിസരവും വൃത്തി

യാക്കി. ദേവാലയ നിർമ്മാണത്തിനു വേണ്ടി പ്രത്യേക പ്രാർത്ഥന നടത്തുന്നു. ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് മേഖല നടത്തിയ കൊളാഷ് മത്സരത്തിൽ പങ്കെടുത്തു.

**കോട്ടത്തറ**

എക്സിക്യൂട്ടീവ് കൂടി. പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈ നട്ടു. അന്തോണീസ് നാമധാരികളെ ആദരിച്ചു. ലഹരി വിരുദ്ധ ദിനത്തിൽ തൊഴിലുറപ്പ് സ്ഥലത്ത് ബോധവൽക്കരണം നടത്തി . രോഗി സന്ദർശനം നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.

**മണിമൂളി**

പഠനത്തിന് സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. SH കോൺവെന്റിൽ വച്ച് നടത്തിയ 13 മണി ആരാധനയിൽ അംഗങ്ങൾ പങ്കെടുത്തു. തിരുഹൃദയ വണക്കമാസം, തിരുഹൃദയ കൊന്ത എന്നിവ ഭവനങ്ങളിൽ ചൊല്ലി. ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് നടത്തിയ കൊളാഷ് മത്സരത്തിൽ പങ്കെടുത്തു.

**മുള്ളൻകൊല്ലി**

എക്സികുട്ടീവ് കൂടി. പാവപ്പെട്ട ഒരു കുട്ടിക്ക് ഉന്നത പഠനത്തിനായി മേഖലയോട് ചേർത്ത് ധനസഹായം നൽകി. WSS ന്റെ നേതൃത്വത്തിൽ അമ്മമാർക്ക് സോപ്പുപൊടി, ഡിഷ് വാഷ് etc., പരിശീലനം നൽകി. പള്ളിവൃത്തിയാക്കി. ഭവന സന്ദർശനം നടത്തി.

**കബനിഗിരി**

തിരുഹൃദയ വണക്കമാസം നടത്തി. പരിസ്ഥിതി ദിനത്തിൽ വൃക്ഷ തൈ നാട്ടു. മാതാവിന്റെ ഗ്രോട്ടോ വൃത്തിയാക്കി. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. നിർധനരായ സ്കൂൾ കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. രോഗി സന്ദർശനം നടത്തി.

**സീതാമൗണ്ട്**

തിരുഹൃദയ വണക്കമാസാചരണം ഭവനങ്ങളിൽ നടത്തി. ലഹരി വിരുദ്ധ ദിനത്തിൽ ബോധവത്ക്കരണം നടത്തി. എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ A+ നേടിയവരെ മെമ്മന്റോ നൽകി ആദരിച്ചു.

**ഇരുളം**

വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. ഭവനസന്ദർശനം നടത്തി. പരിസ്ഥിതി ദിനത്തിൽ മാതൃവേദി അംഗങ്ങൾ അവരവരുടെ പറമ്പിൽ വൃക്ഷത്തൈകൾ നട്ടു. മേഖല മീറ്റിംഗിൽ പങ്കെടുത്തു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. പിതൃദിനത്തോ

ടനുബന്ധിച്ച് ഇടവകയിലെ പ്രായം ചെന്ന അപ്പച്ചനെ ആദരിച്ചു. സാമ്പത്തിക സഹായമായി 4500/- രൂപ രണ്ടു കുടുംബങ്ങൾക്കായി നൽകി. പള്ളിയും പരിസരവും വൃത്തിയാക്കി.

**പാലാങ്കര**

കുവൈറ്റിൽ ദുരന്തത്തിൽ പെട്ടവർക്ക് വേണ്ടി മെഴുകുതിരി കത്തിച്ചു പിടിച്ചു പ്രാർത്ഥിച്ചു. ലഹരി വിരുദ്ധ കൊളാഷ് മത്സരം, മാതാവിനെ അലങ്കരിക്കൽ മത്സരം എന്നിവയിൽ പങ്കെടുത്തു. സെമിത്തേരി വൃത്തിയാക്കി.

**വാളേരി**

എക്സിക്യൂട്ടീവ് കൂടി. വചന കവചം, ചെയിൻ റോസറി, സാന്ത മോനിക്ക എന്നിവ നടത്തി. തിരുഹൃദയ വണക്കമാസാ ചരണം നടത്തി.പള്ളിയിലെ പൂന്തോട്ടം വൃത്തിയാക്കി.പ്രായമായ പിതാക്കൻമാരെ സന്ദർശിച്ചു. പച്ചക്കറി കൃഷി ചെയ്തവർക്ക് സമ്മാനങ്ങൾ നൽകി. രോഗി സന്ദർശനം നടത്തി. പരിസ്ഥിതി ദിനത്തിൽ മരതൈ നട്ടു.

**മരകാവ്**

എക്സിക്യൂട്ടീവ് കൂടി. മേഖല എക്സിക്യൂട്ടീവിൽ പങ്കെടുത്തു. പരിസ്ഥിതി ദിനത്തിൽ വീടുകളിൽ തൈകൾ നട്ടു. ദേവാലയവും പരിസരവും വൃത്തിയാക്കി. രോഗി സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. ചൊവ്വാഴ്ചകളിൽ അമ്മമാർ മാനന്തവാടി ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണം നൽകുന്നതിന് സഹായിച്ചു. ലഹരി വിരുദ്ധ ദിനം ആചരിച്ചു പ്രതിഷേധം നടത്തി. കൊളാഷ് മത്സരത്തിൽ പങ്കെടുത്തു. ലഹരി വിരുദ്ധ കവിത, പോസ്റ്റർ എന്നിവ ഉണ്ടാക്കി.വന്യമൃഗ ശല്യത്തിനെതിരെ പ്രതിഷേധിച്ചു.

**തവിഞ്ഞാൽ**

എക്സിക്യൂട്ടീവ് കൂടി. രോഗി സന്ദർശനം നടത്തി. സോപ്പ് നിർമ്മാണ പരിശീലനത്തിൽ അമ്മമാർപങ്കെടുത്തു. ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് മേഖല നടത്തിയ കൊളാഷ് മത്സരം, നവോമി സംഗമം എന്നിവയിൽ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി.

**ദ്വാരക**

പരിസ്ഥിതി ദിനത്തിൽ വീടുകളിൽ ഫലവൃക്ഷ തൈകൾ നട്ടു. വായനാദിനത്തിൽ കത്തോലിക്കാ പുസ്തകങ്ങൾ പരിചയപ്പെടുത്തുന്ന വീഡിയോ മത്സരം നടത്തി. ലഹരി വിരുദ്ധ ദിനത്തിൽ ലഹരിക്കെതിരെയുള്ള പോസ്റ്ററുകൾ ഓരോ വീടുകളിൽ എത്തി

ക്കുകയും കടകളുടെ മുന്നിൽ പ്രദർശിപ്പിക്കുകയും ചെയ്തു. കൊളാഷ് നിർമ്മാണ മത്സരം നടത്തി.

**ബോയ്സ് ടൗൺ**

രോഗി സന്ദർശനം നടത്തി. മേഖല നവോമി സംഗമത്തിൽ 3 പേർ പങ്കെടുത്തു. ലഹരി വിരുദ്ധ ദിനം ആചരിച്ചു.

**മഞ്ഞൂറ**

രോഗി സഹായമായി 1000/-രൂപ നൽകി. ഭവന സന്ദർശനം നടത്തി. പുതിയ വികാരിയച്ചന് സ്വീകരണം നൽകി.

**കരിമ്പിൽ**

പരിസ്ഥിതി ദിനത്തിൽ തൈകൾ നട്ടു. രോഗി സന്ദർശനം നടത്തി. ചികിത്സാ സഹായം നൽകി. എക്സിക്യൂട്ടീവ് കൂടി. ജനറൽ ബോഡിയും സെമിനാറും നടത്തി. തിരുഹൃദയ വണക്കമാസ സമാപനം കുറിച്ചു. രൂപതയുടെ നേതൃത്വത്തിൽ നടത്തിയ കൊളാഷ് മത്സരത്തിൽ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി.

**പ്രശാന്തിഗിരി**

തിരുഹൃദയ രൂപം അലങ്കാരമത്സരം നടത്തി. പരിസ്ഥിതി ദിനത്തിൽ തൈകൾ നട്ടു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. മേഖല നടത്തിയ നവോമി സംഗമത്തിൽ മൂന്നുപേർ പങ്കെടുത്തു. മേഖല നടത്തിയ ലഹരി വിരുദ്ധ കൊളാഷ് മത്സരത്തിൽ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി.

**വഞ്ഞോട്**

തിരുഹൃദയ വണക്കമാസാചരണം നടത്തി. രോഗീ സന്ദർശനം നടത്തി.പള്ളിയും പരിസരവും വൃത്തിയാക്കി. എക്സിക്യുട്ടീവ് യോഗത്തിൽ ഒരോ മാസത്തെയും പ്രവർത്തനങ്ങളുടെ അജണ്ട തയ്യാറാക്കി.

**ബത്തേരി അസംപ്ഷൻ**

പള്ളിയും പരിസരവും വൃത്തിയാക്കി. ലോഗോസിന് കൂടുതൽ പേരെ പങ്കെടുപ്പിക്കാൻ തീരുമാനിച്ചു വായനാദിനത്തിൽ അമ്മമാർ ദേവാലയത്തിൽ വന്നു ബൈബിൾ വായിച്ചു. ഗാർഹിക തൊഴിലാളി ദിനത്തിൽ നിർമൽ ജ്യോതിയിൽ വെച്ച് തൊഴിലാളികളെ ആദരിച്ചു. ലോക ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് നടത്തിയ ഉപന്യാസത്തിലും കൊളാഷ് മത്സരത്തിലും പങ്കെടുത്തു.

**നടവയൽ**

തിരുഹൃദയ വണക്കമാസാചരണം നടത്തി. പരിസ്ഥിതി ദിനത്തിൽ ഫലവൃക്ഷത്തൈകൾ നട്ടു. ലഹരി വിരുദ്ധ ദിനത്തിൽ പ്ലക്കാർഡ്

നിർമ്മിച്ച് ലഹരി വിരുദ്ധ യജ്ഞത്തിൽ പങ്കാളികളായി. ലഹരി വിരുദ്ധ കൊളാഷ് മത്സരം നടത്തി, രണ്ടു പേരെ മേഖലയിലേക്ക് തിരഞ്ഞെടുത്തു. രോഗി സന്ദർശനം നടത്തി. 1500/- രൂപ രോഗിസഹായമായും, വിവാഹ സഹായമായി 1500/- രൂപയും നൽകി.

**പോരൂർ**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. ഗവൺമെന്റ് ഹോസ്പിറ്റലിൽ സേവനം ചെയ്തു. ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് മേഖലയിൽ നടത്തിയ കൊളാഷ് നിർമ്മാണ മത്സരത്തിൽ പങ്കെടുത്തു. നവോമി സംഗമത്തിൽ നാല് അമ്മമാർ പങ്കെടുത്തു.സെമിനാരി വിദ്യാർത്ഥികൾക്കുള്ള സഹായം മേഖലയിൽ ഏൽപ്പിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി.

**ടൗൺ ചർച്ച്**

ലോക പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈ നട്ടു. എക്സിക്യൂട്ടീവ് കൂടി. ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് നടന്ന കോളാഷ് മത്സരത്തിലും നവോമി സംഗമത്തിനും ആഥിധേയത്വം വഹിച്ചു. മരണവീട് സന്ദർശനം, രോഗി സന്ദർശനം എന്നിവ നടത്തി. 3000/- രൂപ പഠന സഹായം നൽകി. സ്നേഹദീപം ചാരിറ്റബിൾ ട്രസ്റ്റിന് 1000/- രൂപ നൽകി.

**യവനാർകുളം**

തിരുഹൃദയ വണക്കമാസാചരണം നടത്തി. രോഗി സന്ദർശനം നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി. മേഖല നടത്തിയ നവോമി സംഗമത്തിൽ രണ്ട് പേർ പങ്കെടുത്തു.

**വടപുറം**

പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈകൾ നട്ടു.വയോധികരായ ദമ്പതിമാരെയും തളർന്നു കിടക്കുന്ന രോഗിയേയും സന്ദർശിച്ച് രണ്ടായിരം രൂപ വീതം സഹായ ധനം നൽകി. മേഖലാ തലത്തിൽ നടത്തിയ ഗ്രോട്ടോ അലങ്കരിക്കൽ മത്സരത്തിൽ പങ്കെടുത്ത് രണ്ടാം സമ്മാനം നേടി. കൊളാഷ് നിർമാണ മത്സരത്തിൽ പങ്കെടുത്തു.

**കരിമാനി**

തിരുഹൃദയ വണക്കമാസാചരണം നടത്തി. ലോക പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈകൾ നട്ടു. സമരിറ്റൻ ഭവൻ,സ്നേഹാലയം എന്നീ അഗതി മന്ദിരങ്ങൾ സന്ദർശിച്ചു. മേഖല നടത്തിയ കൊളാഷ് മത്സരത്തിൽ പങ്കെടുത്തു.നവോമി സംഗമത്തിൽ 2 പേർ പങ്കെടുത്തു. പഠനോപകരണങ്ങൾ നൽകി.

**പുതിയിടം**

തിരുഹൃദയ വണക്കമാസാചരണം നടത്തി. തിരുഹൃദയ സിസ്റ്റേഴ്സിനെ ആദരിച്ചു, ആശംസകൾ അറിയിച്ചു. പരിസ്ഥിതി ദിനത്തിൽ ചെടികൾ നട്ടു. മേഖല നടത്തിയ നവോമി സംഗമത്തിൽ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി.

**തേൾപ്പാറ**

പരിസ്ഥിതി ദിനം ആചരിച്ചു. 50 മിനിറ്റിൽ 50 വചനം എഴുത്ത് മത്സരത്തിൽ അമ്മമാർ പങ്കെടുത്തു. ഈശോയുടെ തിരുഹൃദയ തിരുനാൾ ദിനം ആചരിച്ചു. ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് കൊളാഷ് മത്സരം നടത്തി.

**പാതിരിപ്പാടം**

പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈകൾ നട്ടു. മറിയം ത്രേസ്യായുടെ തിരുനാൾ ആചരിച്ചു. മാതൃവേദി സംഗമം നടത്തി. കൊളാഷ് നിർമ്മാണം.

**കാരയ്ക്കാമല**

പാവപ്പെട്ട കുട്ടികൾക്ക് നോട്ടുബുക്ക് വാങ്ങി നൽകി. കിടപ്പിലായ രോഗികളെ സന്ദർശിച്ചു. ലഹരി വിരുദ്ധദിനത്തിൽ കൊളാഷ് നിർമിച്ചു.

സ്നേഹാശംസകളോടെ,
**ഫാ. ജോസഫ് പരുവുമ്മേൽ**
**ഫാ. ബിനു വടക്കേൽ**

## സീയോൻ വാർത്തകൾ

ആദ്യശനി കൺവെൻഷനുവേണ്ടി ശുശ്രൂഷകർ ജൂലൈ 05 വെള്ളിയാഴ്ച്ച, രാവിലെ 10 മുതൽ രാത്രി 9.30 വരെ പ്രാർത്ഥിച്ചൊരുങ്ങി, സിയോൻ ഹാളിൽ ആവശ്യമായ ഒരുക്കങ്ങൾ ചെയ്തു. 50 ശുശ്രുഷകർ പങ്കെടുത്തു. ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് 1.30 മുതൽ 3.00 വരെ സിയോൻ പൊതുസമ്മേളനം നടന്നു.

**കൺവെൻഷൻ**

ജൂലൈ 06ന് ശനിയാഴ്ച രാവിലെ 9.00 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ കൺവെൻഷൻ ശുശ്രൂഷകൾ സാഘോഷം നടന്നു. ഡയറക്ടർ ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ കൺവെൻഷന് നേതൃത്വം നൽകി. ബഹു. റോബിൻസ് കുമ്പളക്കുഴി അച്ചൻ വചനസന്ദേശം നൽകി. ബഹു. ബേബി കുപ്പയിൽ സ്തുതി ആരാധന നയിച്ചു. ബ്രദർ ബിജു പുളിക്കൽ, സി. അനറ്റ് SKD, എന്നിവർ ഗാനശുശ്രുഷക്കും, ബഹു. സിസ്റ്റർ ആൻസി SCV, സിസ്റ്റർ സ്മിത CMC, സിസ്റ്റർ നവ്യ SH, എന്നിവർ മറ്റു ശുശ്രുഷകൾക്കും നേതൃത്വം നൽകി.

**കൗൺസിലിങ്**

ജൂലൈ 13 ശനി രാവിലെ 09.30 മുതൽ 01 മണിവരെ പൊതു കൗൺസിലിങ് ശുശ്രുഷ നടന്നു.

**ജാഗരണ പ്രർത്ഥന**

ജൂലൈ 26 വെള്ളി വൈകുന്നേരം 05 മുതൽ രാത്രി 10.30 വരെ ജാഗരണ പ്രാർത്ഥന നടത്തി.

**അഖണ്ഡ ജപമാല**

ജൂലൈ 26 വെള്ളി രാവിലെ 07 മുതൽ വൈകുന്നേരം 05 വരെ അഖണ്ഡ ജപമാല നടത്തി. സിയോൻ ചാപ്പലിൽ ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ 10.15 ന് കുരിശിന്റെ വഴിയും 11 ന് ആരാധനയും കുമ്പസാരവും, 12 മണിക്ക് വി. കുർബാനയും നടന്നുവരുന്നു. മീഡിയ കമ്മീഷൻ, സിയോൻ CRC എന്നീ യൂട്യൂബ് ചാനലുകളിലൂടെ എല്ലാ ഞായറാഴ്ചകളിലും വചന വിചിന്തനം നടത്തി.

**ഓഗസ്റ്റ് മാസത്തിലെ താമസിച്ചുള്ള ധ്യാനം**: 15 വ്യാഴം 04 മണി മുതൽ 18 ഞായർ 01 മണിവരെ For Booking: 8281132195

**ഫാ. ജിന്റോ തട്ടുപറമ്പിൽ**
ഡയറക്ടർ, സിയോൻ സി. ആർ. സി – 9544606936

# സാമൂഹ്യ സേവനരംഗം (WSSS)

**മെഗാ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി യു.എൻ വുമൺ, സ്പൈസസ് ബോർഡ് ഓഫ് ഇന്ത്യ, ദി ജെൻഡർ പാർക്ക്, സംസ്ഥാന വനിതാ ശിശുക്ഷേമ വകുപ്പ് എന്നിവരുടെ സഹകരണത്തോടെ സ്ത്രീകളുടെ ആരോഗ്യം, സുരക്ഷ, ക്ഷേമം എന്നിവ മെച്ചപ്പെട്ട രീതിയിൽ തിരികെ കൊണ്ടുവരിക എന്ന പദ്ധതിയുടെ ഭാഗമായി മെഗാ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഹാളിൽ നടന്ന മെഗാ മെഡിക്കൽ ക്യാമ്പ് യു.എൻ വുമൺ സ്റ്റേറ്റ് ടെക്നിക്കൽ കൺസൾട്ടന്റ് ഡോക്ടർ പ്രീജ രാജൻ ഉദ്ഘാടനം ചെയ്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ ഡയറക്ടർ റവ.ഫാ. മനോജ് കവളക്കാടൻ മുഖ്യ പ്രഭാഷണം നടത്തി. ജെൻഡർ പാർക്ക് റിസോഴ്സ് പേഴ്സൺ ദിവ്യ കെ, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി.എ, മുൻസിപ്പൽ കൗൺസിലർ ആലീസ് സിസിൽ എന്നിവർ സംസാരിച്ചു. സെന്റ് ജോസഫ്സ് ഹോസ്പിറ്റലിന്റെ സഹകരണത്തോടെ നടത്തിയ മെഡിക്കൽ ക്യാമ്പിൽ 240 രോഗികളെ പരിശോധിച്ചു. പരിപാടിക്ക് പ്രൊജക്റ്റ് ടീം അംഗങ്ങളായ റോബിൻ ജോസഫ്, ദീപു ജോസഫ്, ഷീന ആന്റണി, ഷില്ലി ജോസഫ്, ബിൻസി വർഗീസ്, ജിനി ഷിനു എന്നിവർ നേതൃത്വം നൽകി.

**കുടുംബശ്രീ ഭാരവാഹികൾക്കുള്ള പരിശീലനം സംഘടിപ്പിച്ചു.**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി യു.എൻ വുമൺ, സ്പൈസസ് ബോർഡ് ഓഫ് ഇന്ത്യ, ദി ജെൻഡർ പാർക്ക്, സംസ്ഥാന വനിതാ ശിശുക്ഷേമ വകുപ്പ് എന്നിവരുടെ സഹകരണത്തോടെ സ്ത്രീകളുടെ ആരോഗ്യം, സുരക്ഷ, ക്ഷേമം എന്നിവ മെച്ചപ്പെട്ട രീതിയിൽ തിരികെ കൊണ്ടുവരിക എന്ന പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ ഭാരവാഹികൾക്കുള്ള പരിശീലനം സംഘടിപ്പിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഹാളിൽ നടന്ന പരിശീലനം കുടുംബശ്രീ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ പി.കെ

ബാലസുബ്രഹ്മണ്യൻ ഉദ്ഘാടനം ചെയ്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. യു.എൻ വുമൺ സ്റ്റേറ്റ് ടെക്നിക്കൽ കൺസൾട്ടന്റ് ഡോക്ടർ പീജ രാജൻ മുഖ്യ പ്രഭാഷണം നടത്തി.

**ജെൻഡർ പാർക്ക്**

റിസോഴ്സ് പേഴ്സൺ ദിവ്യ കെ, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി.എ, കുടുംബശ്രീ ജില്ലാ പ്രൊജക്റ്റ് മാനേജർ ആഷ പോൾ എന്നിവർ സംസാരിച്ചു. പരിശീലന പരിപാടിയിൽ യു. എൻ വുമൺ സ്റ്റേറ്റ് ടെക്നിക്കൽ കൺസൾട്ടന്റ് ഡോക്ടർ പീജ രാജൻ, ജെൻഡർ പാർക്ക് റിസോഴ്സ് പേഴ്സൺ ദിവ്യ കെ എന്നിവർ ക്ലാസുകൾ എടുത്തു. പരിപാടിയിൽ ജില്ലയിൽ നിന്നും ഉള്ള 75 കുടുംബശ്രീ ഭാരവാഹികൾ പങ്കെടുത്തു. പരിപാടിക്ക് പ്രൊജക്റ്റ് ടീം അംഗങ്ങളായ റോബിൻ ജോസഫ്, ദീപു ജോസഫ്, ഷീന ആന്റണി, ഷില്ലി ജോസഫ്, ജിനി ഷിനു, ബിൻസി വർഗീസ് എന്നിവർ നേതൃത്വം നൽകി.

**ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞന്മാർ സന്ദർശനം നടത്തി.**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രത്തിന്റെ സഹകരണത്തോടെ ഈ വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും പദ്ധതി പ്രദേശങ്ങൾ സന്ദർശിക്കുന്നതിനും ഗുണഭോക്താക്കളുമായി ചർച്ച നടത്തുന്നതിനുമായി ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞന്മാർ സന്ദർശനം നടത്തി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നടന്ന ചർച്ചയ്ക്ക് ശേഷം ടീം തലപ്പുഴ കുറ്റിയോട്ട് കോളനിയിൽ സന്ദർശനം നടത്തുകയും ഗുണഭോക്താക്കളുമായി ചർച്ച നടത്തുകയും ചെയ്തു. ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രം പ്രിൽസിപ്പൽ സയന്റിസ്റ്റുമാരായ ഡോക്ടർ ആർ പ്രവീണ, ഡോക്ടർ ലിജോ ജോസഫ്, സയന്റിസ്റ്റുമാരായ എസ് ആരതി, കോഴിക്കോട് കെ.വി.കെയിലെ ഫിഷറീസ് വിദഗ്ദൻ ഡോക്ടർ ബി പ്രദീപ് എന്നിവർ ആയിരുന്നു ടീമിൽ ഉണ്ടായിരുന്നത്. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ, റീജിയണൽ കോ-ഓർഡിനേറ്റർ ഷീന ആന്റണി എന്നിവർ സന്ദർശനത്തിന് നേതൃത്വം നൽകി.

**നബാർഡ് പുലിക്കാട് നീരുറവ സംരക്ഷണ പദ്ധതി വിവര ശേഖരണം ആരംഭിച്ചു.**

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എടവക ഗ്രാമപഞ്ചായത്തിലെ പുലിക്കാട് നീർത്തട പ്രദേശത്ത് അടുത്ത 03 വർഷക്കാലം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന നീരുറവ സംരക്ഷണ പദ്ധതിയുടെ ഭാഗമായി വീടുകൾ കേന്ദ്രീകരിച്ചുള്ള വിവരശേഖരണം ആരംഭിച്ചു. നീരുറവ സംരക്ഷണ പദ്ധതിയുടെ ഭാഗമായി കർമ്മപരിപാടികൾക്ക് നേതൃത്വം നൽകുന്നതിന് വേണ്ടിയാണ് വിവര ശേഖരണം നടത്തുന്നത്.നീർത്തട പ്രദേശത്തെ മുഴുവൻ ഭവനങ്ങളിലും സന്ദർശിച്ച് അവരുടെ ഭൗതിക സാഹചര്യങ്ങൾ മനസ്സിലാക്കുന്നതിനും കൃഷിയിടത്തിന്റെ അവസ്ഥ മനസ്സിലാക്കുന്നതിനും പദ്ധതിയുടെ ഭാഗമായി അടുത്ത മൂന്ന് വർഷക്കാലം ഓരോ കൃഷിയിടത്തിലും നടപ്പിലാക്കേണ്ട പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും വേണ്ടിയിട്ടാണ് വിവര ശേഖരണം നടത്തുന്നത്. വിവര ശേഖരണം പുലിക്കാട് ജോസഫ് ചെട്ടിക്കത്തോട്ടത്തിലിന്റെ ഭവനത്തിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. ജിനോജ് പാലത്തടത്തിൽ, എടവക ഗ്രാമപഞ്ചായത്ത് മെമ്പർ ഷിൽസൺ മാത്യു എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു. പ്രോഗ്രാംഓഫീസർജോസ്പി.എപദ്ധതിവിശദീകരണംനടത്തി.വിവര ശേഖരണത്തിന് നീർത്തട കമ്മിറ്റി പ്രസിഡന്റ് വർഗീസ് കിഴക്കേപറമ്പിൽ, സെക്രട്ടറി സിനോജ് പിലാപ്പള്ളിൽ, ബാംഗ്ലൂർ ജഗദീഷ് ഷേത് സ്കൂൾ ഓഫ് മാനേജ്മെന്റിലെ എം. ബി. എ വിദ്യാർത്ഥികൾ, റീജിയണൽ കോഡിനേറ്റർമാരായ ആലീസ് സിസിൽ, ബിൻസി വർഗീസ്, ഷീന ആന്റണി, ഷില്ലി ജോസഫ്, ജിനി ഷിനു എന്നിവർ നേതൃത്വം നൽകി.

**വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ആഗോള ലഹരി വിരുദ്ധ ദിനാചരണം നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കാരിത്താസ് ഇന്ത്യയുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കി വരുന്ന സജീവം പദ്ധതിയുടെ ഭാഗമായി ആഗോള ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് സെമിനാറുകൾ, തെരുവ് നാടകം, ലഹരി വിരുദ്ധ പ്രതിജ്ഞ, സന്നദ്ധ സേന രൂപീകരണം തുടങ്ങി വിവിധ പരിപാടികൾ സംഘടിപ്പിച്ചു. തൃശിലേരി, പടമല, മംഗലശ്ശേരി, ഏലപ്പീടിക, പാടിച്ചിറ, മരകാവ്, ആടികൊല്ലി, അമരക്കുനി, കാട്ടിമൂല, എടത്തന

തറവാട്, പുതുശ്ശേരി, പുതുശ്ശേരിക്കടവ്, തുടങ്ങിയ സ്ഥലങ്ങളിൽ ആണ് പരിപാടികൾ സംഘടിപ്പിച്ചത്. ആധുനിക സമൂഹത്തെ കാർന്നു തിന്നുകൊണ്ടിരിക്കുന്ന ലഹരിയെന്ന വൻ വിപത്തിനെ തിരെ ജനകീയ മുന്നേറ്റവും ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തുന്ന ഒരു പദ്ധതിയാണ് സജീവം. കേരളത്തിലെ എല്ലാ രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റികളും ഈ പദ്ധതി നടപ്പിലാക്കു ന്നുണ്ട്. കേരള സോഷ്യൽ സർവ്വീസ് ഫോറം ആണ് സംസ്ഥാനത്ത് സജീവം പദ്ധതിക്ക് നേതൃത്വം നൽകുന്നത്. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സ്കൂളുകൾ, കോളേജുകൾ, സോഷ്യൽ വെൽഫയർ സൊസൈറ്റികൾ, സ്വാശ്രയ സംഘങ്ങൾ, ആദിവാസി കോളനികൾ എന്നിവ കേന്ദ്രീകരിച്ചാണ് സജീവം പദ്ധതി നടപ്പി ലാക്കി വരുന്നത്. ആഗോള ലഹരി വിരുദ്ധ ദിനാചരണത്തോടനു ബന്ധിച്ച് നടത്തിയ പരിപാടികൾക്ക് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാല ത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ, പ്രൊജക്ട് കോഡി നേറ്റർ ദീപു ജോസഫ്, റീജിയണൽ കോഡിനേറ്റർമാരായ ബിൻസി വർഗീസ്, ആലീസ് സിസിൽ, ഷീന ആന്റണി, ജിനി ഷിനു, ഷില്ലി ജോസഫ് എന്നിവർ നേതൃത്വം നൽകി.

മാനേജ്മെന്റ് വിദ്യാർത്ഥികൾ പഠനത്തിനായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സാമൂഹ്യ വികസന മേഖലയിൽ നടപ്പിലാക്കി വരുന്ന വിവിധ വികസന പദ്ധതികൾ നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിന് ബാംഗ്ലൂർ ജഗദീഷ് ഷേത് സ്കൂൾ ഓഫ് മാനേജ്മെന്റിലെ 26 എം. ബി. എ വിദ്യാർത്ഥികൾ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ എത്തിച്ചേർന്നു. സുസ്ഥിര വികസനം, പരി സ്ഥിതി സംരക്ഷണം, കാർഷിക മേഖലയിലെ ഇടപെടലുകൾ, ആദിവാസി മേഖലയിലെ ഇടപെടലുകൾ, കമ്മ്യൂണിറ്റി റേഡിയോ പ്രോഗ്രാം, കാർഷിക ഉത്പ്പന്നങ്ങളുടെ സംസ്ക്കരണം, മൂല്യവർദ്ധനവ്, വിപണനം തുടങ്ങിയ മേഖലകളിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ പഠന വിധേയമാക്കു ന്നതിന് വേണ്ടിയാണ് 10 ദിവസം നീണ്ടുനിൽക്കുന്ന പഠനത്തിന് ടീം എത്തിച്ചേർന്നത്. വയനാട് സോഷ്യൽ സർവ്വീസ് സൊസൈ റ്റിക്ക് പുറമേ റേഡിയോ മാറ്റൊലി, ബോയ്സ് ടൗൺ ബൊട്ടാണി ക്കൽ ഗാർഡൻ, ബയോവിൻ അഗ്രോ റിസേർച്ച്, പുലിക്കാട് നീരുറവ സംരക്ഷണ പദ്ധതി പ്രദേശം, എടത്തന തറവാട്, എന്നിവിടങ്ങളിൽ

ടീം സന്ദർശിച്ചു. ടീം സന്ദർശനത്തിന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ എന്നിവർ നേതൃത്വം നൽകി. സ്ത്രീകളുടെ ആരോഗ്യം, സുരക്ഷ, ക്ഷേമം എന്നിവ മെച്ചപ്പെട്ട രീതിയിൽ തിരികെ കൊണ്ടുവരുന്ന പദ്ധതിയുടെ ഭാഗമായി മെഗാ ഈവന്റ് സംഘടിപ്പിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി , യു. എൻ വുമൺ, സ്പൈസസ് ബോർഡ് ഓഫ് ഇന്ത്യ, ദി ജെൻഡർ പാർക്ക്, വനിതാ ശിശു ക്ഷേമ വകുപ്പ് എന്നിവരുടെ സഹകരണത്തോടെ സ്ത്രീകളുടെ ആരോഗ്യം, സുരക്ഷ, ക്ഷേമം എന്നിവ മെച്ചപ്പെട്ട രീതിയിൽ തിരികെ കൊണ്ടു വരിക എന്ന പദ്ധതിയുടെ ഭാഗമായി മെഗാ ഈവന്റ് സംഘടിപ്പിച്ചു. പയ്യംപള്ളി പാരീഷ് ഹാളിൽ നടന്ന മെഗാ ഈവന്റ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. ജിനോജ് പാലത്തടത്തിൽ ഉദ്ഘാടനം ചെയ്തു. പയ്യംപള്ളി സെന്റ് കാതറിൻസ് ഫൊറോന പള്ളി വികാരി റവ.ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ അദ്ധ്യക്ഷത വഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി. എ പദ്ധതി വിശദീകരണം നൽകി. പ്രൊജക്റ്റ് കോ-ഓർഡിനേറ്റർ റോബിൻ ജോസഫ്, അസിസ്റ്റന്റ് വികാരി റവ. ഫാ. ജൂഡ് വട്ടക്കുന്നേൽ, മുൻസിപ്പൽ കൗൺസിലർ ആലീസ് സിസിൽ എന്നിവർ സംസാരിച്ചു. മെഗാ ഈവന്റിന്റെ ഭാഗമായി വടംവലി മത്സരം, ശിൽപ്പശാല, ഗ്രൂപ്പ് ചർച്ച, കേസ് സ്റ്റഡി തയ്യാറാക്കൽ എന്നിവ നടത്തി. അടുത്ത 05 വർഷക്കാലം യു. എൻ വുമണിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് ജില്ലയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന്റെ ഭാഗമായിട്ടാണ് മെഗാ ഈവന്റ് സംഘടിപ്പിച്ചത്. പരിപാടിക്ക് പ്രൊജക്റ്റ് ടീം അംഗങ്ങളായ ദീപു ജോസഫ്, ചിഞ്ചു മരിയ, ജാൻസി ജിജോ, ഷീന ആന്റണി, ജിനി ഷിനു, ബിൻസി വർഗീസ്, ഷില്ലി ജോസഫ്, സീന തറപ്പേൽ, സാലി ബേബി അരഞ്ഞാണിയിൽ എന്നിവർ നേതൃത്വം നൽകി.

**മൈക്രോ ക്രെഡിറ്റ് ശിൽപ്പശാല നടത്തി.**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ, ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ എന്നിവയുടെ സാമ്പത്തിക സഹായത്തോടെ വയനാട് ജില്ലയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന മൈക്രോ ക്രെഡിറ്റ് പദ്ധതിയുടെ ഭാഗമായി ശിൽപ്പശാല നടത്തി.

ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 30 സ്വാശ്രയ സംഘങ്ങളിലെ 626 അംഗങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽമൂന്ന് കോടി രൂപ വായ്പ നൽകും. കൃഷി, മൃഗസംരക്ഷണ മേഖലകളിൽ വരുമാന വർദ്ധക പരിപാടികൾ ആരംഭിക്കുന്നതിന് മൂന്ന് വർഷത്തേക്കാണ് വായ്പ അനുവദിക്കുക. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പദ്ധതി രേഖ തയ്യാറാക്കുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനും പരിശീലനവും സാമ്പത്തിക സഹായവും നൽകും. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ നടന്ന ശിൽപ്പശാല എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. ജിനോജ് പാല ത്തടത്തിൽ ഉദ്ഘാടനം ചെയ്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി.എ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ പ്രൊജക്ട് അസി സ്റ്റന്റ് പ്രശോബ് പി.എസ്, സീനിയർ അസിസ്റ്റന്റ് ദീപക് യു എന്നിവർ ശിൽപ്പശാലയിൽ ക്ലാസ്സുകൾ എടുത്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി റീജിയണൽ കോഡിനേറ്റർമാരായ ഷീന ആന്റണി, ആലീസ് സിസിൽ, ജിനി ഷിനു, ബിൻസി വർഗീസ്, ഷില്ലി ജോസഫ് എന്നിവർ നേതൃത്വം നൽകി.

**സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)**

സോഷ്യൽ വെൽഫയർ സൊസൈറ്റി യോഗങ്ങൾ പയ്യമ്പള്ളി, മഞ്ഞൂറ, കണിയാരം, പടമല, കുറുമണി, ചെന്നലോട്, ചെറുകാട്ടൂർ, തൃശിലേരി, കമ്മന, ദ്വാരക, ഒണ്ടയങ്ങാടി, ആറാട്ടുത്തറ, എടയൂർക്കുന്ന്, ഒഴുക്കന്മൂല, മംഗലശ്ശേരി, തലപ്പുഴ, കോട്ടത്തറ, കാരക്കാമല, പ്രശാന്ത ഗിരി, കരിമ്പിൽ, പുതുശ്ശേരിക്കടവ്, ആലാറ്റിൽ, അരിഞ്ചേർമല, സീതാമൗണ്ട്, കല്ലോടി, മുതിരേരി, മൊതക്കര, പോരൂർ, യവനാർ കുളം, തവിഞ്ഞാൽ,സീതാമൗണ്ട്, പട്ടാണികൂപ്പ്, നടവയൽ, മരകാവ്, ആടിക്കൊല്ലി, അമരക്കുനി, പാടിച്ചിറ, വെള്ളൂന്നി, ചുങ്കക്കുന്ന്, പാൽ ചുരം, കൊട്ടിയൂർ, പാറത്തോട്ടം, അമ്പായത്തോട് എന്നീ യൂണിറ്റു കളിൽ സെമിനാറുകൾ- യോഗങ്ങൾ എന്നിവ നടത്തി. ഫാ. സെബാ സ്റ്റ്യൻ ഏലംകുന്നേൽ, ഫാ.തോമസ് പൊൻതൊട്ടി, ഫാ. സോണി വാഴക്കാട്ട്, ഫാ. ചാക്കോച്ചൻ വാഴക്കാലായിൽ, റീജിയണൽ കോഡി നേറ്റർമാരായ ഷീന ആന്റണി, ആലീസ് സിസിൽ, ജിനി ഷിനു, ബിൻസി വർഗീസ്, ഷില്ലി ജോസഫ് എന്നിവർ നേതൃത്വം നൽകി.

**സജീവം പദ്ധതി**

കാരിത്താസ് ഇന്ത്യയുടെ സാമ്പത്തിക സഹായത്തോടെ വയ നാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കുന്ന ലഹരി

വിരുദ്ധ ബോധവത്ക്കരണ ക്യാമ്പയിന്റെ ഭാഗമായി ഏലപ്പീടിക, വെള്ളൂന്നി, പടമല, മരകാവ്, പാടിച്ചിറ, ആടിക്കൊല്ലി, സീതാമൗണ്ട്, പുതുശ്ശേരി, മംഗലശ്ശേരി, കൊറ്റുകുളം എന്നീ സ്ഥലങ്ങളിൽ ലഹരി ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു.

**ആശാകിരണം**

കാരിത്താസ് ഇന്ത്യയുടെ സാമ്പത്തിക സഹായത്തോടെ കേരള സോഷ്യൽ സർവ്വീസ് ഫോറം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിലൂടെ നടപ്പിലാക്കുന്ന ക്യാൻസർ ബോധവത്ക്കരണ പരിപാടിയുടെ ഭാഗമായി ഒഴുക്കന്മൂല, പുതിയിടം, ചുങ്കക്കുന്ന് എന്നീ സ്ഥലങ്ങളിൽ ക്യാൻസർ ബോധവത്ക്കരണ ക്ലാസുകൾ നടത്തി. ജിനി ഷിനു, ബിൻസി വർഗീസ് എന്നിവർ നേതൃത്വം നൽകി.

**സോപ്പുത്പ്പന്നങ്ങളുടെ നിർമ്മാണ പരിശീലനം**

പെരുവക, ഒയങ്ങാടി, വെള്ളൂന്നി, ചുങ്കക്കുന്ന്, തവിഞ്ഞാൽ, കാപ്പിസെറ്റ്, മുള്ളൻകൊല്ലി, പട്ടാണികൂപ്പ്, എന്നീ സ്ഥലങ്ങളിൽ പരിശീലനം നൽകി. റീജിയണൽ കോഡിനേറ്റർമാരായ ഷീന ആന്റണി, ആലീസ് സിസിൽ, ജിനി ഷിനു, ബിൻസി വർഗീസ്, ഷില്ലി ജോസഫ് എന്നിവർ നേതൃത്വം നൽകി.

**സ്വാശ്രയ സംഘ രൂപീകരണം**

വെള്ളരിവയൽ, കൽപ്പറ്റ, പുതിയിടം, പുൽപ്പള്ളി, ശശിമല, നടവയൽ, മാനന്തവാടി, പെരുവക, ഒഴക്കോടി, ഇല്ലത്തുമൂല, അമ്പലവയൽ എന്നീ സ്ഥലങ്ങളിൽ ഗ്രൂപ്പുകൾ രൂപീകരിച്ചു.

**ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി (FDGT)**

ഏറെ തൊഴിൽ സാധ്യതകളുള്ള FDGT (2 years) കോഴ്സിലേക്ക് 2024-2026 വർഷത്തേക്കുള്ള അഡ്മിഷൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ ആരംഭിച്ചിരിക്കുന്നു. കേരള ടെക്നിക്കൽ എഡ്യുക്കേഷന്റെ പി.എസ്.സി അംഗീകാരത്തോട് കൂടിയ കോഴ്സാണിത്. SSLC യോഗ്യത ഉള്ള ദ്വിവർഷ കോഴ്സിലേക്ക് അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ 9645430856, 9048229197 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

**ഫാ. ജിനോജ് പാലത്തടത്തിൽ**
ഡയറക്ടർ, WSSS

# ജീവസ് & കെ. എൽ. എം

(Department for  Labour and Welfare - Diocese of Mananthavady)

**ജീവസ്  ജനറൽ ബോഡി**

രൂപതയുടെ സോഷ്യൽ സെക്യൂരിറ്റി & വെൽഫയർ ഡിപ്പാർട്ട്മെന്റായ ജീവസിന്റെ പ്രഥമ ജനറൽബോഡി യോഗം ജൂൺ 22 ന് WSSS ൽ വച്ച് അഭിവന്ദ്യ ജോസ് പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. വികാരിജനറാൾമോൺ. പോൾമുണ്ടോളിക്കൽ, പ്രൊക്യുറേറ്റർ ഫാ. ജോസ് കൊച്ചറയ്ക്കൽ എന്നിവരും പങ്കെടുത്തു. ജീവസിന്റെ നിയമാവലി അംഗീകരിക്കുകയും വികാരി ജനറാൾ ചെയർമാൻ ആയുള്ള ഗവേർണിംഗ് ബോഡിയെ തെരഞ്ഞെടുക്കുകയും ചെയ്തു. രൂപതാ ഡയറക്ടർ സെബാസ്റ്റ്യൻ പാലംപറമ്പിൽ സ്വാഗതവും WSSS ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ നന്ദിയും അറിയിച്ചു. കോഡിനേറ്റർ മിനി ഉണ്ണികൃഷ്ണൻ വാർഷികറിപ്പോർട്ട് അവതരിപ്പിച്ചു.

**പാരീഷ് സെമിനാറുകൾ**

സാമൂഹ്യ സുരക്ഷാ പദ്ധതികളെകുറിച്ചും ജീവസ് & കെ.എൽ. എം പ്രവർത്തനങ്ങളെകുറിച്ചും അവബോധം നൽകുന്നതിനായി നടത്തിവരുന്ന സെമിനാറുകൾ ഇടവകകളിലൂടെ നടന്നുവരുന്നു.

ജൂലൈ 23 ന് അരിഞ്ചേർമലയിൽ നടന്ന സെമിനാർ വികാരി ഫാ. ജോസ് തേക്കനാടി ഉദ്ഘാടനം ചെയ്തു. സെബാസ്റ്റ്യൻ പാലം പറമ്പിൽ ക്ലാസ് നയിച്ചു. അന്നേ ദിവസം തന്നെ നടവയൽ ഇടവകയിൽ നടന്ന രണ്ടാംഘട്ട സെമിനാർ വികാരി. ഫാ. ഗർവ്വാസിസ് മറ്റം ഉദ്ഘാടനം ചെയ്തു. WSSS ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ സാമൂഹ്യ സുരക്ഷാ  പദ്ധതികളെകുറിച്ചും ശ്രീ. ബിനോയ് വിളമ്പുകണ്ടം പോസ്റ്റോഫീസ് പദ്ധതികളെ കുറിച്ചും ക്ലാസ്സുകൾ എടുത്തു. കോഡിനേറ്റർ ബിനു പാറാനി നേതൃത്വം നൽകി.

ജൂൺ 30 ന് വാളവയൽ ഇടവകയിൽ നടന്ന സെമിനാർ വികാരി ഫാ. ബാബു മാപ്ലശേരിൽ ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ക്ലാസുകൾ നയിച്ചു.

വൈത്തിരി ഇടവകയിൽ നടന്ന സെമിനാർ വികാരി ഫാ. ടോമി പുത്തൻപുരഉദ്ഘാടനം ചെയ്തു. രൂപതാടീം അംഗംസാലു അബ്രാഹം മേച്ചേരിൽ ക്ലാസെടുത്തു.

ജൂലൈ 13ന് മരകാവ് ഇടവകയിൽ നടന്ന സെമിനാർ വികാരി

ഫാ. ജെയിംസ് പുത്തൻപറമ്പിൽ ഉദ്ഘാടനം ചെയ്തു. ടീം അംഗവും ജില്ലാ ഓംബുഡ്സ്മാനുമായ ഒ.പി അബ്രാഹം ക്ലാസെടുത്തു.

ജൂലൈ 14 ന് കൽപ്പറ്റ ഡി പോൾ ഇടവകയിൽ നടന്ന സെമിനാർ വികാരി ഫാ.ജോഷി പെരിയപ്പുറം ഉദ്ഘാടനം ചെയ്തു. അസിസ്റ്റന്റ് വികാരി ഫാ. ജിജോ, കോഡിനേറ്റർ ബിനു പയ്യനാട്ട് എന്നിവർ നേതൃത്വം നൽകി. സെമിനാറുകൾ ക്രമീകരിച്ച വികാരി അച്ചന്മാരെയും പാരീഷ് കോഡിനേറ്റേഴ്സിനെയും അനുമോദിക്കുകയും ക്ലാസുകൾ നയിച്ച വർക്ക് നന്ദി അറിയിക്കുകയും ചെയ്യുന്നു.

**ഫൊറോന കോഡിനേറ്റേഴ്സ് മീറ്റിംഗ്**

നടവയൽ ഫൊറോനയിലെ ഇടവകാ കോഡിനേറ്റർമാരുടെ യോഗം ജൂൺ 23 ന് നടവയൽ ഫൊറോന ദേവാലയത്തിൽ ഫൊറോന വികാരി ഫാ. ഗർവ്വാസിസ് മറ്റത്തിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. രൂപതാ ഡയറക്ടർ സംബന്ധിച്ചു. ശ്രീ. മനോജ് നെല്ലിയാനിയിൽ പറളി ക്കുന്നിനെ ഫൊറോന കോഡിനേറ്ററായി തെരഞ്ഞെടുക്കുകയും പ്രവർ ത്തന പദ്ധതികൾ തയ്യാറാക്കുകയും ചെയ്തു.

**കെ. എൽ. എം മലബാർ സോണൽ മീറ്റിംഗ്**

കെ. എൽ. എം മലബാർ സോണൽ മീറ്റിംഗും ചെറുകിട തോട്ടം തൊഴിലാളി ഫോറം ജനറൽ അസംബ്ലിയും മാനന്തവാടിയിൽ നടന്നു. താമരശ്ശേരി, കണ്ണൂർ, കോഴിക്കോട്, മാനന്തവാടി രൂപതാ ഭാരവാഹികൾ പങ്കെടുത്തു. സംസ്ഥാന പ്രസിഡന്റ് ബാബു തണ്ണിക്കോട്ട് അദ്ധ്യക്ഷത വഹിച്ചു. സോണൽ ഡയറക്ടർ ഫാ. ജയ്സൺ താമരശ്ശേരി സ്വാഗതവും സോണൽ സെക്രട്ടറി ബിജുപോൾ നന്ദിയും പറഞ്ഞു. മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ ഉദ്ഘാ ടനം നിർവ്വഹിച്ച യോഗത്തിൽ WSSS ഡയറക്ടർ ഫാ. ജിനോജ് പാല ത്തടത്തിൽ, സംസ്ഥാന സെക്രട്ടറി ജോസ് മാത്യു. സംസ്ഥാന ട്രഷറർ ഡിക്സൺ മനിക് എന്നിവർ പ്രസംഗിച്ചു. യോഗത്തിൽ വെച്ച് ചെറുകിട തോട്ടം തൊഴിലാളി ഫോറം സംസ്ഥാന സെക്രട്ടറി യായി റിട്ട. പ്ലാന്റേഷൻ ഇൻസ്പെക്ടർ ജോബി മാത്യു (മാനന്തവാടി) വിനെ തിരഞ്ഞെടുത്തു.

**പാരീഷ് ക്യാമ്പുകൾ**

സാമൂഹിക സുരക്ഷാ പദ്ധതികൾ ജനങ്ങളിലേക്ക് എത്തിക്കു ന്നതിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന ക്യാമ്പുകൾ വിളമ്പുകണ്ടം ഇടവ കയിൽ ജൂൺ 21 ന് നടന്നു. വികാരി ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. കോഡിനേറ്റർ ബിനോയ് സ്വാഗതം ആശംസിച്ചു.

രൂപതാ ഡയറക്ടർ, രൂപതാ കോഡിനേറ്റർ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ പങ്കെടുത്തു. 25 പേർ വിവിധ പദ്ധതികളിൽ ചേരുകയുണ്ടായി.

വെള്ളമുണ്ട ഇടവകയിൽ ജൂൺ 23ന് നടന്ന ക്യാമ്പ് വികാരി ഫാ. ജോളി കളപ്പുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. രൂപതാ കോഡിനേറ്റർ മിനി ഉണ്ണികൃഷ്ണൻ, പാരീഷ് കോഡിനേറ്റർ ജോൺ. സി.ജെ, റെജിമോൻ പുന്നോലിൽ എന്നിവർ നേതൃത്വം നൽകി. വിവിധ സ്കീമുകളിലായി 65 പേർ ചേരുകയുണ്ടായി.

**മേഖലാ കൺവെൻഷനുകൾ**

മൈനോറിറ്റി വിഭാഗങ്ങൾക്ക് പിന്നോക്ക വികസന കോർപ്പറേഷൻ, ന്യൂനപക്ഷ വികസന കോർപ്പറേഷൻ എന്നിവ വഴി നടപ്പാക്കുന്ന പദ്ധതികൾ പരിചയപ്പെടുത്തുന്നതിനായുള്ള മേഖലാ കൺവെൻഷനുകൾ ആരംഭിച്ചു. മണിമൂളി – നിലമ്പൂർ റീജിയണൽ കൺവെൻഷൻ ജൂലൈ 13ന് മണിമൂളി പാസ്റ്ററൽ സെന്ററിൽ നടന്നു സിഞ്ചെല്ലൂസ് ഫാ. ബെന്നി മുതിരക്കാലായിൽ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. നിലമ്പൂർ ഫൊറോന വികാരി ഫാ. ജെയ്സൺ കുഴികണ്ടത്തിൽ അദ്ധ്യക്ഷത വഹിച്ചു. മലപ്പുറം പോസ്റ്റൽ ഡിവിഷണൽ ഓഫീസർ ദിനേശ് കുമാർ, WSSS ഡറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. റീജിയണൽ കോഡിനേറ്റർ ജോയി ചാച്ചിറ, അനീഷ് മൂലയിൽ എന്നിവർ നേതൃത്വം നൽകി. ഓരോ ഇടവകയിൽ നിന്നും പത്ത് പേർ വീതം 170 പേർ പങ്കെടുത്തു.

ജൂലൈ 13 ന് കൽപ്പറ്റയിൽ നടന്ന കൽപ്പറ്റ, തരിയോട് ഫൊറോന കൺവെൻഷനിൽ 205 പേർ പങ്കെടുത്തു. കൽപ്പറ്റ ഫൊറോന വികാരി ഫാ. ജോഷി പെരിയപ്പുറം ഉദ്ഘാടനം ചെയ്തു. തരിയോട് ഫൊറോന വികാരി ഫാ. തോമസ് പ്ലാശനാൽ അദ്ധ്യക്ഷനായിരുന്നു. ഫൊറോന കോഡിനേറ്റർമാരായ വിനീത മഞ്ഞളി, ബെന്നി പുത്തൻപുര, ബിനു പയ്യനാട്ട് എന്നിവർ നേതൃത്വം നൽകി. പിന്നോക്ക വികസന കോർപ്പറേഷൻ ജില്ലാ ഓഫീസർ ക്ലീറ്റസ് ഡിസിൽവ, രൂപതാ ഡയറക്ടർ സെബാസ്റ്റ്യൻ പാലംപറമ്പിൽ എന്നിവർ ക്ലാസ് നയിച്ചു പാരീഷ് ക്യാമ്പ് വഴി ലഭിക്കുന്ന ക്ഷേമനിധി അപേക്ഷകൾക്ക് അടുത്ത മാസം രജിസ്ട്രേഷൻ നടത്താനുള്ള ക്രമീകരണം നടത്തുന്നു.

**സ്കോളർഷിപ്പ്**

വിവിധ ക്ഷേമനിധികളിൽ ചേർന്ന അംഗങ്ങളുടെ മക്കൾക്ക് SSLC, +1, +2 എന്നീ ക്ലാസ്സുകളിൽ ലഭിക്കേ സ്കോളർഷിപ്പിനുള്ള അപേക്ഷ അതാത് ക്ഷേമനിധി ഓഫീസിൽ സമർപ്പിച്ചു.

**സ്വാവലംബൻ**

കേന്ദ്രഗവൺമെന്റിന്റെ സ്വാവലംബൻ പദ്ധതിയിൽ ചേർന്ന് 60 വയസ്സ് പൂർത്തിയായതിനെ തുടർന്ന് ആനുകൂല്യം ലഭിക്കുന്നതിന് സമർപ്പിക്കുന്ന രേഖകൾക്ക് (ആധാർ, പാൻകാർഡ്, ബാങ്ക് പാസ്ബുക്ക് കോപ്പി) നിലവിലുള്ള പ്രാൺ കാർഡുമായി (PRAN) പേരിനോ ജനന തീയതിക്കോ വ്യത്യാസം ഉണ്ടെങ്കിൽ 20 രൂപ മുദ്രപേപ്പറിൽ AFFIDAVIT ആവശ്യമാണ്. സംശയനിവാരണത്തിന് ഓഫീസുമായി ബന്ധപ്പെടുക.

**അനുശോചനം**

ജീവസ് & കെ.എൽ.എം രൂപതാ ഡയറക്ടർ സെബാസ്റ്റ്യൻ പാലം പറമ്പിലിന്റെ പിതാവിന്റെ നിര്യാണത്തിൽ കെ.എൽ.എം രൂപതാ സമിതിയും WSSS ഡയറക്ടറും ജീവനക്കാരും അനുശോചനം അറിയിക്കുകയും സംസ്കാര ശുശ്രൂഷകളിൽ സംബന്ധിക്കുകയും ചെയ്തു.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
രൂപതാ ഡയറക്ടർ, KLM

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

## 1. NABARD Programmes

NABARD JLG's Programme: നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ജോയിന്റ് ലൈബിലിറ്റി ഗ്രൂപ്പുകളുടെരൂപീകരണവുമായി ബന്ധപ്പെട്ട് ധർമ്മഗിരി, വിമലഗിരി, കൽപ്ര യൂണിറ്റുകളിൽ മീറ്റിംഗ് നടത്തുകയും പുതിയ ജോയിന്റ് ലൈബിലിറ്റി ഗ്രൂപ്പുകളുടെ രൂപീകരണം നടത്തുകയും ചെയ്തു. NDS സ്റ്റാഫ് ജൂഡ് മാർട്ടിൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി.

**NABARD Watershed Project:** നബാഡിന്റെ സഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന Watershed പ്രോജക്ടുമായി ബന്ധപ്പെട്ട വിവരശേഖരണാർത്ഥം 13.07.2024 ന് പാട്ടവയലിൽ ഒരു മീറ്റിംഗ് നടത്തുകയും ചെയ്തു. NDS അസിസ്റ്റന്റ് ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ, സ്റ്റാഫംഗങ്ങളായ ജോഷി, ജൂഡ് മാർട്ടിൻ, വാർഡ് മെമ്പർമാരായ ശ്രീ. അനൂപ്, ബഷീർ എന്നിവരുമായി കൂടികാഴ്ച്ച നടത്തുകയും വിവരശേഖരണം നടത്തുകയും ചെയ്തു. 22.07.2024 ന് NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ, WSSS ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ, NDS അസിസ്റ്റന്റ് ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ, WSSS സ്റ്റാഫംഗങ്ങളായ ജോസ്, ദീപു, NDS സ്റ്റാഫംഗങ്ങളായ ജോഷി, ജൂഡ് മാർട്ടിൻ എന്നിവരുടെ നേതൃത്വത്തിൽ Watershed Project ന്റെ ഏരിയാ മാപ്പിംഗ് നടത്തി.

## 2. Staff Meeting

2024 ജൂൺ 24, ജൂലൈ 01, 08, 15 തീയതികളിൽ രാവിലെ 9:30ന് NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ എന്നിവരുടെ നേതൃത്വത്തിൽ സ്റ്റാഫ് മീറ്റിംഗ് നടത്തി. NDS സ്റ്റാഫംഗങ്ങളായ ജൂഡ് മാർട്ടിൻ, ജോഷി എന്നിവർ മീറ്റിംഗിൽ പങ്കെടുത്തു. തലേ ആഴ്ച്ചയിലെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും അവയുടെ വിശദാംശങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു.

## 3. യൂണിറ്റ് ഓഡിറ്റിംഗ്

2023-24 സാമ്പത്തിക വർഷത്തെ ക്രഡിറ്റ് യൂണിയൻ വരവ് ചിലവ് കണക്കുകളുടെ ഓഡിറ്റിംഗ് പൂർത്തിയാക്കി. ബോസ്പാറ,

കൽപ്ര, വിമലഗിരി, ധർമ്മഗിരി യൂണിറ്റുകളുടെ കണക്കുകളാണ് മേഖലയുടെ നേതൃത്വത്തിൽ പരിശോധിച്ച് കണക്കുകളുടെ കൃത്യത ഉറപ്പുവരുത്തിയത്.

**4. CEI പ്രോജക്ട്: പശുലോൺ**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന CEI പ്രോജക്ടിന്റെ ഭാഗമായി, നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന കയ്യൂന്നി, വിമലഗിരി, ധർമ്മഗിരി, ബോസ്പാറ, കൽപ്ര, പെരിയശോല യൂണിറ്റുകളിലെ 25 ക്ഷീരകർഷകർക്ക് 50000 രൂപ വീതം 16.04.2024 ന് പലിശ രഹിത ലോൺ അനുവദിച്ചു. NDS ന്റെ നേതൃത്വത്തിൽ ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ നേരിട്ട് സന്ദർശിക്കുകയും, പദ്ധതിയിലൂടെ അവർക്ക് ലഭിച്ച ഉപകാരങ്ങളെകുറിച്ച് ചോദിച്ചറിയുകയും, പദ്ധതി നടപ്പിലാക്കിയതിന്റെ ഫോട്ടോ എടുക്കുകയും ചെയ്തു.

**5. സമൃദ്ധകുടുംബം പദ്ധതി: Phase 2**

WSSS ഉം ബയോവിൻ അഗ്രോ റിസേർച്ച് സെന്ററും സംയുക്തമായിനടപ്പിലാക്കുന്നസമൃദ്ധകുടുംബംപദ്ധതിയുടെരണ്ടാംഘട്ടത്തിലേക്ക് ഗുണഭോക്താക്കളായി തിരഞ്ഞെടുക്കപ്പെട്ട 25 പേരെയും ഓഫീസിൽ നിന്നും ഫോണിൽ വിളിക്കുകയും, അവർക്ക് ആദ്യ ഘടുവായി ലഭിച്ച തുക കൊണ്ട് നടപ്പിലാക്കിയ വരുമാന ഉത്പാദന മാർഗ്ഗങ്ങളെകുറിച്ച് ചോദിച്ചറിയുകയും ചെയ്തു.

**6. Tharang Animation Services and Counselling Centre**

Tharang Animation Services and Counselling Centre ന്റെ നേതൃത്വത്തിൽ ഈ മാസം ഒരു കൗൺസിലിംഗ് നടത്തപ്പെട്ടു. ഇതിനുപുറമേ വയനാട് ജില്ലയിലെ 10 സ്കൂളുകളിൽ വിളിച്ച് കുട്ടികൾക്കുള്ള ട്രയിനിംഗിനെകുറിച്ച് സംസാരിച്ചു.

**7. പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ കരുണൈ ആംബുലൻസ് സർവ്വീസ്**

പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ മാനന്തവാടി രൂപത സുവർണ്ണ ജൂബിലി നീലഗിരി പ്രോജക്റ്റിന്റെ ഭാഗമായി ആരംഭിച്ച പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ കഴിഞ്ഞ ഒരു മാസം നല്ല രീതിയിൽ മുന്നോട്ട് പോയി. ദേവർഷോല, ദേവാല, കുന്നലാടി , പാട്ടവയൽ, അയ്യങ്കല്ലി, കയ്യോന്നി, പന്തല്ലൂർ പ്രദേശങ്ങളിൽ, രോഗികൾ ഉള്ള ഭവനങ്ങൾ സന്ദർശിക്കുകയും, അവർക്ക് വേണ്ട അടിസ്ഥാന മെഡിക്കൽ സൗകര്യങ്ങൾ നൽകുകയും ചെയ്തു. കിടപ്പ് രോഗികളായവരുടെ വീടുകളിൽ പോയി മുറിവുകൾ വെച്ച് കെട്ടി, നിരവധി സ്ഥലങ്ങളിൽ പോയി ബിപി, ഷുഗർ എന്നിവ ചെക്ക് ചെയ്തു.

**Ambulance Service**

ഗൂഡല്ലൂർ, ബത്തേരി, കൽപ്പറ്റ, മേപ്പാടി എന്നീ സ്ഥലങ്ങളിലേക്ക് അടിയന്തരമായി ആംബുലൻസ് സഹായം നൽകുകയുണ്ടായി.

**8. Bank of Baroda: CSR പ്രോജക്ട്**

ബാങ്ക് ഓഫ് ബറോഡയുടെ ഊട്ടി ബ്രാഞ്ചിൽനിന്നും CSR പ്രോജക്ടിന്റെ ഭാഗമായി ലഭിച്ച പണം ഉപയോഗിച്ച് കാളംമ്പുള ട്രൈബൽ കോളനിയിൽ കമ്പിളിപ്പുതപ്പും, ജീവൻ രക്ഷാഭവനിൽ കുട്ടികൾക്ക് പഠനത്തിനാവശ്യമായ നോട്ട്ബുക്കും, കമ്പിളിപ്പുതപ്പും വിതരണം ചെയ്തു.

**9. യൂണിറ്റ് തല പ്രവർത്തനങ്ങൾ**

**ബോസ്പാറ യൂണിറ്റ്:** മഴക്കാല രോഗങ്ങളെക്കുറിച്ച് ഗ്രൂപ്പുകളിൽ ക്ലാസെടുത്തു. യൂണിറ്റ് ഇവാലുവേഷൻ മീറ്റിംഗ് നടത്തി. രോഗീ സന്ദർശനം നടത്തി. ക്രഡിറ്റ് യൂണിയനിൽ നിക്ഷേപങ്ങൾ സ്വീകരിക്കുകയും, ലോണുകൾ നല്കുകയും ചെയ്തു.

**വിമലഗിരി യൂണിറ്റ്:** മഴക്കാല രോഗങ്ങളെക്കുറിച്ചുള്ള ക്ലാസ് നൽകി, പരിസര ശുചീകരണം നടത്തി, റോഡ് സൈഡ് കാട്വെട്ടി വൃത്തിയാക്കി, വൃക്ഷതൈകളും, ചെടികളും നട്ടു. യൂണിറ്റ് കമ്മിറ്റി മീറ്റിംഗ് നടത്തി. പുതിയ ഒരു അയൽകൂട്ടം (തേജസ്) രൂപീകരിച്ചു.

**ധർമ്മഗിരി യൂണിറ്റ്:** യൂണിറ്റ് കർമ്മസമിതി, ഇവാലുവേഷൻ മീറ്റിംഗ് എന്നിവ നടത്തി. ക്രഡിറ്റ് യൂണിയനിൽ നിക്ഷേപം സ്വീകരിക്കുകയും, ലോൺ വിതരണം നടത്തുകയും ചെയ്തു. മഴക്കാല രോഗങ്ങളെക്കുറിച്ചും, രോഗ പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചും ഗ്രൂപ്പുകളിൽ ചർച്ച നടത്തി. കർക്കിടക കിറ്റിന്റെ വിതരണം നടത്തി.

**കയ്യൂന്നി യൂണിറ്റ്:** യൂണിറ്റ് ഇവാലുവേഷൻ മീറ്റിംഗ് നടത്തി. മഴക്കാല രോഗങ്ങളെക്കുറിച്ചും, രോഗപ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചും ഡോ. നിവ്യ ക്ലാസ് നയിച്ചു. JLG ഗ്രൂപ്പുകൾ രൂപീകരിച്ചു. ആനത്താര വരുന്നതിനെതിരെ പ്രതിഷേധ പ്രവർത്തനങ്ങൾ നടത്തി.

**കൽപ്ര യൂണിറ്റ്:** ആരോഗ്യ പരിപാലനത്തെക്കുറിച്ചും, മഴക്കാല രോഗങ്ങളെക്കുറിച്ചും ഗ്രൂപ്പുകളിൽ ക്ലാസ് നയിച്ചു. രോഗീ സന്ദർശനങ്ങൾ നടത്തി. ഗ്രൂപ്പുകളിലേക്ക് പുതിയ അംഗങ്ങളെ ചേർത്തു. യൂണിറ്റ് ഇവാലുവേഷൻ മീറ്റിംഗ് നടത്തി. മഴയിൽ വെള്ളം കയറിയ വീടുകൾ സന്ദർശിച്ചു.

**ഫാ. ബിനോയി കെ. സെബാസ്റ്റ്യൻ**
ഡയറക്ടർ, നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി (NDS)

# കത്തോലിക്കാ കോൺഗ്രസ്സ് AKCC




**ബത്തേരി മേഖല**

**സെന്റ് ആൻറണീസ് ചർച്ച് പഴൂർ**

കൃത്യമായ മാസ മീറ്റിങ്ങുകൾ നടത്തി വരുന്നു. വിലയിരുത്തലുകളും രേഖപ്പെടുത്തലുകളും നടത്തുന്നു. ഇടവകയിലെ എല്ലാ കുടുംബങ്ങളെയും ഔദ്യോഗികമായി അംഗത്വം നൽകി കത്തോലിക്കാ കോൺഗ്രസിൽ ചേർത്തു. കൽപ്പറ്റയിൽ വച്ച് നടത്തിയ ബാങ്ക് ജപ്തി നടപടികൾക്കെതിരെയുള്ള രൂപതാതല ധർണയിൽ ഡയറക്ടർബഹുമാനപ്പെട്ടജോസ്മേച്ചേരിഅച്ചൻഅടക്കംഭാരവാഹികൾ എല്ലാം പങ്കെടുത്തു. കുട്ടികളുടെ പഠന മികവിനുള്ള പ്രോഗ്രാം ആസൂത്രണം ചെയ്തു നടത്തിവരുന്നു.

KLM ന്റെ ആഭിമുഖ്യത്തിലുള്ള ഇൻഷുറൻസ് ക്ഷേമസഹായ ബോധവൽക്കരണവും അംഗത്വം എടുപ്പിക്കലും ഓഗസ്റ്റ് 20 ന് നടത്താൻ തീരുമാനിച്ചു.

തോമാട്ടുചാൽ കത്തോലിക്ക കോൺഗ്രസ് യൂണിറ്റ് എസ്. എസ്. എൽ. സി, പ്ലസ് ടു വിജയികളെ ആദരിച്ചു. സെന്റ് തോമസ് ഇടവകയിൽ നിന്ന് പത്താം ക്ലാസിലും പ്ലസ്ടുവിനും വിജയിച്ച മുഴുവൻ കുട്ടികളെയും വേദപാഠം പന്ത്രണ്ടാം ക്ലാസ് പാസായ മുഴുവൻ വിദ്യാർഥികളെയും മെമന്റോ നൽകി ആദരിച്ചു. വിശുദ്ധ കുർബാനയ്ക്കുശേഷം നടന്ന ചടങ്ങിൽ കത്തോലിക്കാ കോൺഗ്രസ് യൂണിറ്റ് പ്രസിഡണ്ട് തോമസ് ചേലക്കൽ അധ്യക്ഷത വഹിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. വിൻസെന്റ് കളപ്പുര സമ്മാനങ്ങൾ വിതരണം ചെയ്തു. രൂപത പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ , യൂണിറ്റ് സെക്രട്ടറി ജിൻസൺ പുളിമൂട്ടിൽ എന്നിവർ പ്രസംഗിച്ചു.

**ഫൊറോന സന്ദർശനം:** രൂപതാ ഡയറക്ടർ ജോബി മുക്കാട്ടുകാവുങ്കൽ അച്ചന്റെ നേതൃത്വത്തിൽ രൂപത ഭാരവാഹികൾ ചുങ്കക്കുന്ന്, മാനന്തവാടി, പയ്യമ്പള്ളി, തരിയോട്, കൽപ്പറ്റ, ബത്തേരി തുടങ്ങിയ ഫൊറോനകളിൽ സന്ദർശനം നടത്തി. ഫൊറോന വികാരി, ഫെറോന ഡയറക്ടർ എന്നിവരെ സന്ദർശിച്ച് സംഘടനാകാര്യങ്ങൾ ചർച്ച ചെയ്തു. കൂടുതൽ യൂണിറ്റുകൾ സ്ഥാപിക്കേണ്ടതിന്റെയും യൂണിറ്റ്, ഫെറോന കമ്മറ്റികൾ ശാക്തീകരിക്കേണ്ടതിന്റെയും ആവശ്യകത ചർച്ച ചെയ്തു.

**നടവയൽ മേഖല**

കത്തോലിക്കാ കോൺഗ്രസ് നടവയൽ മേഖല പ്രവർത്തന വർഷം ഉദ്ഘടനം ചെയ്തു. ചെറുകാട്ടൂർ സെന്റ് സെബാസ്റ്റ്യൻ പള്ളിയിൽവെച്ച് നടന്ന ഉദ്ഘാടന സമ്മേളനത്തിൽ ഫാ. ജോസ് കപ്പിയാരുമല നേതൃത്വം വഹിക്കുകയും ഉദ്ഘാടനകർമ്മം റവ. ഫാ. ജോബി മുക്കാട്ടുകാവുങ്കൽ നിർവഹിക്കുകയും ചെയ്തു. മേഖലയിലെ കത്തോലിക്ക കോൺഗ്രസ് നേതാക്കന്മാരെ ആദരിക്കുകയും ഈ വർഷത്തെ കർമ്മപദ്ധതികളുടെ ഉദ്ഘാടന കർമ്മം നടത്തുകയും ചെയ്തു. മേഖലാ പ്രസിഡണ്ട് ശ്രീ. വിൻസന്റ് ചേരവേലിൽ, ശ്രീ. സജി ഇരട്ടമുണ്ടക്കൽ, ശ്രീ. ജോസ് മടത്തിക്കുന്നേൽ, രൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പുരക്കൽ എന്നിവർ സംസാരിച്ചു.

**മുള്ളൻകൊല്ലി മേഖല**

പുൽപ്പള്ളി സേക്രട്ട് ഹാർട്ട്ചർച്ച് ഓഡിറ്റോറിയത്തിൽ AKCC മേഖല ഭാരവാഹികളുടെ യോഗം മേഖല പ്രസിഡന്റ് ശ്രീ. സുനിൽ പാലമറ്റത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗം ബഹു: ഫൊറോന ഡയറക്ടർ ഫാ. ജയിംസ് പുത്തൻപറമ്പിൽ ഉദ്ഘാടനം ചെയ്തു. യോഗത്തിൽ സംഘടനാ ശാക്തീകരണത്തിന്റെ ഭാഗമായി വിവിധ ഇടവകകൾ സന്ദർശിക്കുന്നതിനും തീരുമാനിച്ചു.

കത്തോലിക്ക കോൺഗ്രസ്സ് രൂപത സമിതിയുടെ നേതൃത്വത്തിൽ കല്പറ്റ ലീഡ് ബാങ്കായ കാനറ ബാങ്കിന്റെ മുൻപിൽ നടത്തിയ ജപ്തിനടപടികൾ നിർത്തിവയ്ക്കണമെന്ന ആവശ്യമുന്നയിച്ചു കൊണ്ട് നടത്തിയ പ്രതിഷേധ ധർണയിൽ പുൽപ്പള്ളി മേഖലയിൽ നിന്നും നിരവധി ആളുകൾ ധർണയിൽ പങ്കാളികളായി.

സീതാമൗണ്ട്, മരക്കടവ് ഇടവകകൾ ബഹു: ജയിംസ് പുത്തൻപറമ്പിൽ അച്ചന്റെ നേതൃത്വത്തിൽ സന്ദർശിക്കുകയും, വന്യമൃഗശല്യം രൂക്ഷമായ ഫൊറോനയുടെ വിവിധ ഭാഗങ്ങളിൽ സർക്കാരിന്റെയും വിവിധ വകുപ്പുകളുടെയും അടിയന്തിര ഇടപെടലുകൾ ആവശ്യമാണെന്ന് കമ്മിറ്റികൾ വിലയിരുത്തി.

കബനിഗിരി, ശിശുമല ഇടവകകളിൽ ബഹു: ജയിംസ് പുത്തൻപറമ്പിൽ അച്ചന്റെ നേതൃത്വത്തിലുള്ള ഫൊറോന സമിതി അംഗങ്ങൾ സന്ദർശനം നടത്തുകയും പാടിച്ചിറ കുടുംബാരോഗ്യ കേന്ദ്രത്തിൽ സ്ഥിരമായി കൂടുതൽ ഡോക്ടർമാരെ നിയോഗിക്കണമെന്നും പകർച്ചവ്യാധികൾ വർദ്ധിച്ചു വരുന്ന ഗൗരവ സാഹചര്യത്തിൽ സർക്കാരിന്റെ അടിയന്തിര ഇടപെടൽ ഉണ്ടാവണമെന്നും കമ്മിറ്റി ആവശ്യപ്പെട്ടു.

പാടിച്ചിറ, മുള്ളൻകൊല്ലി ഇടവകകൾ സന്ദർശിക്കുകയും യോഗത്തിൽ, ന്യൂനപക്ഷ സ്കോളർഷിപ്പുകൾ ഫണ്ട് വകമാറ്റിയത് CAG കണ്ടെത്തിയതുമായി ബന്ധപ്പെട്ട ചർച്ചകൾക്ക് ഗ്ലോബൽ സമിതി വൈസ് പ്രസിഡന്റ് ശ്രീ. Dr.സാജു ഗജ വിഷയാവതരണം നടത്തുകയും ചെയ്തു. യോഗം ബഹു: ഫൊറോന ഡയറക്ടർ ജയിംസ് പുത്തൻപറമ്പിൽ ഉദ്ഘാടനം ചെയ്തു. ഫാദർ.ജസ്റ്റിൻ മൂന്നനാൽ അദ്ധ്യക്ഷത വഹിച്ചു. ശ്രീ. സുനിൽ പാലമറ്റം സ്വാഗതവും ആശംസിച്ചു.

**സെബാസ്റ്റ്യൻ പുരയ്ക്കൽ**
ജനറൽ സെക്രട്ടറി

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാപദ്ധതി**

ജൈവകൃഷി വ്യാപനം, പാരിസ്ഥിതിക സന്തുലനം, ചെറുകിട കർഷകരുടെ ഉന്നമനം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണന ത്തിലൂടെ ലഭ്യമാകുക എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറി ക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 19099 കർഷകരാണ് 1115 ഗ്രൂപ്പുകളിലായി (48 ICS Internal control system) അംഗങ്ങളായു ള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICS ൽ 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

**പദ്ധതിയിൽ അംഗത്വം**

ബയോവിൻ നടപ്പിലാക്കുന്ന ജൈവസുസ്തിര മാനദണ്ഡ പ്രകാരം കൃഷിരീതികൾ അനുവർത്തിക്കുന്നതിനും, ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും ഒരേക്കർ എങ്കിലും കൃഷി യിടമുള്ള ആർക്കും സാധ്യമാണ്. പ്രസ്തുത രീതിയിൽ പ്രവർത്തി ക്കുന്ന മറ്റ് സംഘടനകളിൽ അംഗത്വം ഇല്ലാത്ത, ബയോവിനിൽ ചേർന്ന് പ്രവർത്തിക്കുവാൻ താൽപര്യപ്പെടുന്ന കർഷകർക്ക് നിങ്ങളുടെ പഞ്ചായത്തിലെ ഫീൽഡ് കോർഡിനേറ്ററുമായി (FCH) ബന്ധപ്പെ ടാവുന്നതാണ്.

**കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും, ഫെയർ ട്രേഡ് സംവിധാനം, റയിൻഫോറെസ്റ്റ് അലയൻസ് സർട്ടിഫിക്കേഷൻ എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ വിവിധ കർഷക ഗ്രൂപ്പുകളിലായി നടക്കുകയും അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ പങ്കെടുക്കുകയും കർഷരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും, കർഷകരിൽ നിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

**ഇന്റേണൽ ഇൻസ്പെക്ഷൻ നടന്നു വരുന്നു**

കൃഷിയിടങ്ങൾ സന്ദർശിക്കുകയും ബയോവിൻ നടപ്പിലാക്കുന്ന സുസ്ഥിര ജൈവ മാനദണ്ഡ പ്രകാരമാണോ കൃഷിയിടങ്ങളിൽ കർഷകർ കൃഷിരീതി അനുവർത്തിക്കുന്നത് എന്നറിയുന്നതിനുമായി

നടത്തുന്ന ഇന്റേണൽ ഇൻസ്പെക്ഷൻ മുഴുവൻ പഞ്ചായത്തുകളിലും നടന്നുവരുന്നു. ഫീൽഡ് കോർഡിനേറ്റർമാരുടെ നിയന്ത്രണത്തിൽ, തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഇന്റേർണൽ ഇൻസ്പെക്ടർമാരാണ് പരിശോധന നടത്തിവരുന്നത്.

**കർഷക ഗ്രൂപ്പ് ലീഡേഴ്സ് മീറ്റ് സംഘടിപ്പിച്ചു**

വേഫ സംഘടനയിൽ ഉൾപ്പെടുന്ന കർഷക ഗ്രൂപ്പ് ലീഡർമാർക്കായി പഞ്ചായത്തുതലത്തിൽ യോഗങ്ങൾ നടന്നുവരുന്നു. ബയോവിൻ അസോ. ഡയറക്ടർ ഫാ. ബിനു പൈനുങ്കൽ, ശ്രീ. ഷാജി ജോസ്, ശ്രീ. ജോബി വർഗീസ്, എന്നിവർ ക്ലാസുകൾ നയിക്കുകയും ആവശ്യമായ മാർഗ്ഗ നിർദേശങ്ങൾ നൽകുകയും ചെയ്തു ഫീൽഡ് കോർഡിനേറ്റർമാരായ ശ്രീമതി മിനി, ശ്രീമതി സോണിയ, ശ്രീമതി സുജ ജോയ്, ശ്രീമതി ലിനി അലക്സ്, ശ്രീ. ബിൻസ്, ശ്രീ. ജോസ്, ശ്രീമതി ജിൻസി, ശ്രീ. എൽദോ എന്നിവർ ആവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും കർഷകരെ ഏകോപിപ്പിക്കുകയും ചെയ്തു.

മുള്ളൻകൊല്ലി, പുൽപ്പള്ളി, പൂതാടി, മേപ്പാടി, മൂപ്പൈനാട്, അമ്പലവയൽ, മീനങ്ങാടി, നെന്മേനി, തരിയോട്, കോട്ടത്തറ, വൈത്തിരി, വെങ്ങപ്പള്ളി, ബത്തേരി, നൂൽപ്പുഴ, കൽപ്പറ്റ, പൊഴുതന, പടിഞ്ഞാറത്തറ, മുട്ടിൽ, കണിയാമ്പറ്റ എന്നീ പഞ്ചായത്തുകളിലെ ലീഡേഴ്സ് മീറ്റിങ്ങുകളാണ് ജൂലൈ മാസം 9, 10, 11, 12 മുള്ളൻകൊല്ലി മിൽക്ക് സൊസൈറ്റി ഹാൾ, സെന്റ് സെബാസ്റ്റ്യൻ പാരിഷ് ഹാൾ കേണിച്ചിറ, അസംഷൻ ചർച്ച് സുൽത്താൻ ബത്തേരി, തോമാട്ടുചാൽ വ്യാപാരഭവൻ, സെന്റ് ജോസഫ് പാരിഷ്ഹാൾ റിപ്പൺ, ലൂർദ് മതാ പാരിഷ് ഹാൾ കാവുംമന്ദം, പടിഞ്ഞാറത്തറ മിൽക്ക് സൊസൈറ്റി ഹാൾ, ഫാത്തിമ മാതാ ചർച്ച് തെനേരി എന്നിവിടങ്ങളിൽ വച്ച് നടന്നത്. ഫെയർട്രേഡ് ഓഡിറ്റ് ക്രമീകരണങ്ങൾ, ഗ്രൂപ്പ് മീറ്റിങ്ങുകളുടെ ആവശ്യകത, ഫാം ഡയറി പൂരിപ്പിക്കേണ്ട രീതികൾ, തുടങ്ങിയ വിഷയങ്ങൾ പ്രതിപാദിച്ചായിരുന്നു മീറ്റിങ്ങുകൾ നടത്തപ്പെട്ടത്.

**കഫെ വാർഷിക പൊതുയോഗം നടന്നു**

2024 ജൂൺ 11 നു WSSS ഓഡിറ്റോറിയത്തിൽ വച്ച് കഫെ (കേരള അഗ്രോ ഫൗണ്ടേഷൻ ഫോർ ഫെയർട്രേഡ് എൻഹാൻസ്മെന്റ്) യുടെ വാർഷിക പൊതുയോഗം നടന്നു. സംഘടനാ വൈസ് ചെയർമാൻ ശ്രീമതി സെലീനാമ്മ സ്വാഗതം ആശംസിച്ചു. ചെയർമാൻ ഫാ. ബിനു പൈനുങ്കൽ അദ്ധ്യക്ഷത വഹിച്ച യോഗം ബയോവിൻ ചെയർമാനും, കഫെ ഉപദേഷ്ടാവുമായ അഡ്വ.ഫാ. ജോൺ ചൂരപ്പുഴയിൽ ഉദ്ഘാടനം നിർവഹിച്ചു. 2023-24 വർഷത്തെ പ്രവർത്തന റിപ്പോർട്ടും

വരവ് ചെലവ് കണക്കുകളും, 2024-25 വർഷത്തെ ബജറ്റും സെക്രട്ടറി ശ്രീ. കുര്യാച്ചൻ സി.വി അവതരിപ്പിക്കുകയും യോഗം വിശദമായ ചർച്ചയ്ക്ക് ശേഷം അംഗീകരിക്കുകയും ചെയ്തു. 48/66 അംഗങ്ങൾ പങ്കെടുത്ത യോഗം ഫെയർട്രേഡ് സർട്ടിഫിക്കേഷൻ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിലാക്കണമെന്ന് ആവശ്യപ്പെടുകയും ജീവനക്കാരെ വിവരം ധരിപ്പിക്കുകയും ചെയ്തു. മറ്റ് ആവശ്യമായ ചർച്ചകൾക്ക് ശേഷം ശ്രീ. കുര്യാച്ചൻ സി.വി.യുടെ നന്ദിയോടെ യോഗം പിരിഞ്ഞു.

**വേപ്പിൻ പിണ്ണാക്ക് വിതരണം ചെയ്തു**

കഫെ സംഘടനയിൽ ഉൾപ്പെട്ട കർഷകർക്കായി വേപ്പിൻ പിണ്ണാക്ക് വിതരണം നടന്നുവരുന്നു, കർഷകരുടെ കൃഷിയിട വ്യാപ്തിക്ക് ആനുപാതികമായാണ് വിതരണം ചെയ്യുന്നത്. മാനന്തവാടി, പനമരം, എടവക, തിരുനെല്ലി, വെള്ളമുണ്ട, തവിഞ്ഞാൽ, ശ്രീ. മധുര, ഓവാലി, നെല്ലിയാളം, നെല്ലാക്കോട്ട, ചേരങ്കോട്, ഗുഡല്ലൂർ, നടുവട്ടം, ദേവർഷോല, തൊണ്ടർനാട്, എന്നീ പഞ്ചായത്തുകളിലെ കർഷകർക്കാണ് വേപ്പിൻ പിണ്ണാക്ക് വിതരണം പൂർത്തീകരിച്ചത്.

**സംഭരണം**

ജൂൺ മാസം കർഷകരിൽ നിന്നും 455549 കിലോ ഉണക്ക കാപ്പി കിലോയ്ക്ക് 220 രൂപ നിരക്കിൽ സംഭരിച്ചു.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്ല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ കാപ്പി, മഞ്ഞൾ, കുരുമുളക്, മാങ്ങ തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻവഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**എന്റെ അക്ഷരലോകം**

വായനാ പക്ഷാചരണത്തോടനുബന്ധിച്ച്, കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലിയുടെ ആഭിമുഖ്യത്തിൽ, എന്റെ അക്ഷര ലോകം എന്ന പേരിൽ ജൂൺ 29 ന് പുസ്തകാസ്വാദന മത്സരം സംഘടിപ്പിച്ചു. ജില്ലയിലെ യു.പി സ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തിയ മത്സരത്തിൽ 25 സ്കൂളുകളിൽ നിന്നുള്ള കുട്ടികൾ പങ്കെടുത്തു. പനമരം ക്രസന്റ് പബ്ലിക് സ്കൂളിലെ എ റൈഖ ഒന്നാം സ്ഥാനവും, കണിയാരം സെന്റ് ജോസഫ്സ് ടി.ടി.ഐ യിലെ അന്ന എലേന ബിജു രണ്ടാം സ്ഥാനവും, നടവയൽ സെന്റ് തോമസ് യു.പി. സ്കൂളിലെ മുഹമ്മദ് അമിൻഷാ മൂന്നാം സ്ഥാനവും നേടി. വിജയികൾക്ക് 2000, 1500, 1000 എന്നീ ക്രമത്തിൽ ക്യാഷ് അവാർഡുകൾ നൽകും. പങ്കെടുത്ത എല്ലാ വിദ്യാർത്ഥികൾക്കും സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. മികച്ച ആസ്വാദനങ്ങൾ റേഡിയോ മാറ്റൊലിയിൽ പ്രക്ഷേപണം ചെയ്തു. മാനന്തവാടി മേരിമാതാ ആർട്സ് ആന്റ് സയൻസ് കോളേജ് മലയാളം അധ്യാപകൻ ഫാ. അജയ് ആന്റണി, ബത്തേരി അസംപ്ഷൻ സ്കൂൾ അധ്യാപകനായിരുന്ന ഷാജൻ സെബാസ്റ്റ്യൻ, ദ്വാരക ഗുരുകുലം കോളേജ് പ്രിൻസിപ്പാളും, ജില്ലാ ലൈബ്രറി കൗൺസിൽ അംഗവുമായ ഷാജൻ ജോസ് എന്നിവർ വിധി നിർണയം നടത്തി.

**അക്ഷരങ്ങളിലെന്റെ നാട്**

വായന പക്ഷാചരണത്തിന്റെ ഭാഗമായി ജില്ലാ ലൈബ്രറി കൗൺസിലുമായി സഹകരിച്ച് അക്ഷരങ്ങളിലെന്റെ നാട് എന്ന പേരിൽ ജൂൺ 19 മുതൽ ജൂലൈ 7 വരെ പുസ്തക പരിചയം പ്രക്ഷേപണം ചെയ്തു. പ്രമുഖ എഴുത്തുകാരുടെ കൃതികൾ ജില്ലയിലെ സാഹിത്യമേഖലയിൽ പ്രവർത്തിക്കുന്ന ഹാരിസ് നെന്മേനി, മാർക്സീന ജോർജ്ജ്, റയാൻ സുജിത്, രഞ്ജിനി ഷമേജ്, ബാലൻ വേങ്ങര, ആലീസ് ജോസ്, സാദിർ തലപ്പുഴ, മേരി ജോസ്, ബിജു പോൾ കാരയ്ക്കാമല, പാർവ്വതി വി.വി, സത്താർ പി.കെ, ശോഭന കെ. എം, ഷാജി പുൽപ്പള്ളി, സിന്ധു ചെന്നലോട്, അനിൽ

കുറ്റിച്ചിറ, മുസ്തഫ ദ്വാരക, റഷീദ് തലപ്പുഴ, പ്രിയ കെ. എസ്, ഷീല ടോമി എന്നിവർ പങ്കുവെച്ചു.

**ലോകഭക്ഷ്യദിനം**

ലോകഭക്ഷ്യദിനത്തോടനുബന്ധിച്ച് പ്രോഗ്രാം റെക്കോർഡ് ചെയ്യുന്നതിന് ഫുഡ് സേഫ്റ്റി അസി. കമ്മീഷണർ ബിബി മാത്യു വന്നു.

**കമ്മ്യൂണിറ്റി റേഡിയോ സർവ്വേ-അക്കാദമി ഓഫ് മാനേജ്മെന്റ് സ്റ്റഡി**

കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലി സമൂഹത്തിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ കാര്യക്ഷമത വിലയിരുത്തുന്നതിനും പഠിക്കുന്നതിനുമായി അക്കാദമി ഓഫ് മാനേജ്മെന്റ് സ്റ്റഡിസെന്ററിന്റെ ആഭിമുഖ്യത്തിൽ ജൂൺ 21 മുതൽ നടത്തി. അക്കാദമി ഓഫ് മാനേജ്മെന്റ് സ്റ്റഡി സെന്റർ ഹൈദ്രാബാദ് പ്രതിനിധി സന്ദീപ്, ഗോപാൽ ചെന്നൈ എന്നിവരായിരുന്നു കോ ഓർഡിനേറ്റേഴ്സ്. സിബി തോമസ്, ജോബിഷ് ജോസ്, അഖിൻ ജോർജ്ജ്, ബിൻസി ജോഷി, രാജി എന്നിവർ സർവ്വേയിൽ പങ്കെടുത്തു.

**റേഡിയോ മാറ്റൊലി സർവ്വേ**

റേഡിയോ മാറ്റൊലിയുടെ പ്രക്ഷേപണത്തിന്റെ കാര്യക്ഷമത വിലയിരുത്തുന്നതിനായി സർവ്വേനടത്തി. ജില്ലയിലെ 23 പഞ്ചായത്തുകളിലേയും, 3 മുൻസിപ്പാലിറ്റികളിലേയും തെരഞ്ഞെടുക്കപ്പെട്ട 10 വാർഡുകളിൽ നിന്നും 50 പേരെ വീതം തെരഞ്ഞെടുത്ത് 500 പേരുടെ സർവ്വേ ആണ് നടത്തിയത്.

**പാനൽ ചർച്ച**

യു.എൻ ഇന്റർ നാഷണലിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന ലിംഗവിവേചനത്തിനെതിരെയുള്ള പ്രോഗ്രാമിന്റെ ഭാഗമായി പാനൽ ചർച്ച സംഘടിപ്പിച്ചു. പി.ജെ. ജോൺ (സംസ്ഥാന പ്രസിഡന്റ് ഹ്യൂമൻ റൈറ്റ്സ് ആന്റ് കൺസ്യൂമർ പ്രൊട്ടക്ഷൻ കൗൺസിൽ) സാമൂഹ്യ പ്രവർത്തകരായ ജെയിംസ് കെ.പി, ഷിജു ജോസ്, ഷാജു വി.പി, ഷാജി ഇ.ജെ. എന്നിവർ ചർച്ചയിൽ പങ്കെടുത്തു. പ്രോഗ്രാം പ്രൊഡ്യൂസർ ജോബിഷ് ജോസ് മോഡറേറ്ററായിരുന്നു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ടോണി ഏലംകുന്നേൽ കോർഡിനേറ്റ് ചെയ്തു.

**ഫാ. ജോസ് കാവുങ്കൽ**
അസി. ഡയറക്ടർ, റേഡിയോ മാറ്റൊലി

**June-July 2024**

**Four Year UG Programme (FYUGP)**

The FYUGP was launched at our college on July 1, 2024. The state-level inauguration, led by Honorable Chief Minister Pinarayi Vijayan, was attended by our first-year students and their parents via Google Meet. Later that day, the college-level inauguration was conducted in the college auditorium by Associate Manager Rev. Fr. Sibichan Chelakkappilly. The event also featured an orientation program led by FYUGP coordinator Sr. Elizabeth M. J.

**UGC – NET Examination**

The first UGC-NET examination at our college was held on June 18, 2024, coordinated by Mr. Regi Francis.

**Day Celebrations**

**National Reading Day**

. The B.Com Department conducted a reading compe
tition on June 19.

. The Department of English, in association with the Literary Club, organized a reading competition and a translation test on June 19.

. The Department of Social Science Economics, in asso ciation with the Malayalam

.Department, organized a program titled " Pust
hakangalilekkoru Yathra & quot; on June 19.

. The Department of Mathematics conducted a college-level online quiz competition on June 19.

. The Department of Physics organized an appreciation competition on June 21

**International Yoga day**

The Department of Physical Education, NCC, and NSS, in association with IQAC, celebrated International Yoga Day on June 21. Principal Dr. Geetha Antony Pullen and former Kannur University Yoga team member and alumnus Mr. Arjun M served as instructors. All students participated in practicing basic yoga as part of the event.

**Alan Turing Day**

The PG & Research Department of Computer Science organized a short documentary screening in connection with Alan Turing Day on June 24.

**World Population Day**

The Department of Commerce conducted a poster-making competition in connection with World Population Day on July 12.

**International Day Against Drug Abuse and Illicit Trafficking**

. The National Service Scheme organized an anti-drug awareness program as part of the International Day Against Drug Abuse and Illicit Trafficking on June 26. Sri. Prince T G, Civil Excise Officer, Mananthavady, served as the resource person for the event.

. The Department of Commerce organized an anti-drug awareness program, with Mr. Regi Francis serving as the resource person.

**Commemoration of Vaikom Muhammad Basheer**

The Department of Malayalam, in association with IQAC, organized a documentary screening titled & "Basheer the Man" & on July 5, 2024, followed by a discussion on the short story & "Poovan Pazham".

**Paper Publications**

. Ms. Sherin Chacko, Department of Zoology published a paper entitled “Proterodiplostomid no longer: Molecular phylogeny reveals the true position of Proalarioides (Digenea: Diplostomoidea)” in the journal Parasitology International’.

. Ms. Athira Jose, Department of Zoology published a paper entitled “ On three species of the genus Habrocestum Simon, 1876 (Araneae: Salticidae;hasarini) from India‘ in Zootaxa.

. Prof. Thomas Monoth, Ms. Lisha A. and Ms. Neetha Francis jointly published a paper titled “Exploring Recent Advances in Random Grid Visual Cryptography Algorithms” in the International Journal of Super Computing published by Springer.

**Students Achievements**

. Samuel Benny Varghese, Department of Comp.Science secured III prize in intercollegiate writing competition titled “Letter From Earth” organized by Navajyothi College, Cherupuzha as a part of environment month celebration.

**NCC cadets selected for the TSC (Thal Sainik Camp) pre-IGC (Inter Group Competition)**

. UO. Vivek K R was selected for TSC pre-IGC II (Obstacle Training)

. UO. Nandana Chalil is selected for TSC pre-IGC III (Firing)

**Dr. Geetha Antony Pullen**
Principal inCharge

**വിദ്യാലയ വാർത്തകൾ**

**എൽ. പി വിഭാഗം**

**I ദേവമാതാ എ. എൽ. പി സ്കൂൾ ആടിക്കൊല്ലി**

വായനവാരം സമുചിതമായി ആചരിച്ചു. ലഹരി വിരുദ്ധ വാരാചരണ പ്രവർത്തനങ്ങൾ നടത്തി. പി.ടി.എ ജനറൽബോഡി യോഗം ചേർന്ന് ഭാരവാഹികളെ തെരഞ്ഞെടുത്തു.

**II സെന്റ് തോമസ് എൽ. പി സ്കൂൾ അരിഞ്ചേർമല**

വായനവാരത്തിന്റെ സമാപനം വ്യത്യസ്തമായ രീതിയിൽ സമുചിതമായി ആഘോഷിച്ചു.വിദ്യാരംഗം കലാസാഹിത്യ വേദിയുടെയും വിവിധ ക്ലബുകളുടെയും നൂറ് ദിനം നൂറ് വായനക്കാർഡ് പദ്ധതിയുടെയും ഉദ്ഘാടനം നടത്തപ്പെട്ടു. ലഹരി വിരുദ്ധവാരാചരണത്തിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ നടത്തപ്പെട്ടു. ബഷീർ ദിനത്തിൽ വിദ്യാർത്ഥികൾക്ക് അദ്ദേഹത്തെ കൂടുതലറിയാൻ സാഹചര്യമൊരുക്കി. സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് നടത്തി.

**III എ. എൽ. പി സ്കൂൾ കണിയാരം**

വായനവാരാചരണത്തിൽ വായനശാല സന്ദർശിക്കുകയും മുഴുവൻ കുട്ടികൾക്കും അംഗത്വമെടുക്കുകയും ചെയ്തു.

**IV സെന്റ് ജോർജ് എൽ. പി സ്കൂൾ കൊളവയൽ**

വായനാമൃതം എന്ന പേരിൽ വായനദിന പരിപാടികൾ നടത്തി. ലഹരി വിരുദ്ധ വാരാചരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. രക്ഷിതാക്കൾക്ക് ബോധവൽകരണ ക്ലാസ് നൽകി.

**V സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ വാഴവറ്റ**

രക്ഷിതാക്കൾക്കായി ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ് നടത്തി. പി.ടി.എ ജനറൽബോഡി ചേർന്ന് ഭാരവാഹികളെ തെരഞ്ഞെടുത്തു. വായനവാരത്തിൽ പുസ്തകങ്ങൾ വിതരണം ചെയ്തു.

**VI സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ ഏലപ്പീടിക**

ലഹരി വിരുദ്ധ ദിനത്തിൽ പ്രത്യേക അസംബ്ലി ചേർന്നു. പി.ടി.എ ജനറൽബോഡി ചേർന്ന് ഭാരവാഹികളെ തെരഞ്ഞെ

ടുത്തു. ബട്ടർഫ്ളൈ പാർക്ക് പരിരക്ഷിച്ചു വരുന്നു. ക്വിസ്സുകൾക്കായി വിദ്യാർത്ഥികളെ ഒരുക്കുന്നതിനായി പുതിയ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

**VII സെന്റ് പോൾസ് എൽ. പി സ്കൂൾ പുതിയിടംകുന്ന്**

വായനദിനാചരണം നടത്തി. വിവിധ മത്സരങ്ങൾ നടത്തുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

**VIII സെന്റ്. മാർട്ടിൻസ് എൽ. പി സ്കൂൾ ഒണ്ടയങ്ങാടി**

വായനവാരാചരണത്തിന്റെ ഭാഗമായി വായനവീട് പ്രവർത്തനം ആരംഭിച്ചു. കവിതകളും കഥകളും എഴുതുന്നതിനായി വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി. ലഹരി വിമുക്ത വാരാചരണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

**IX സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ പോരൂർ**

വായനവാരാചരണം വിവിധ പ്രവർത്തനങ്ങളോടെ നടത്തപ്പെട്ടു. ലഹരി വിരുദ്ധവാരാചരണം സംഘടിപ്പിച്ചു. പ്രഥമ പി .ടി. എ ജനറൽബോഡി യോഗവും തെരഞ്ഞെടുപ്പും നടത്തി. ബഷീർ ദിനം സമുചിതമായി ആചരിച്ചു.

**X നിർമല എൽ. പി. എസ് ആലാറ്റിൽ**

ലഹരി വിരുദ്ധസന്ദേശവുമായി കോളനികൾ സന്ദർശിച്ചു. ബഷീർദിനം സമുചിതമായി ആചരിച്ചു. ലഹരി ബോധവൽക്കരണ സെമിനാർ നടത്തി. യോഗാ ക്ലാസ്സുകൾ ആരംഭിച്ചു. പഠനോപകരണ ചലഞ്ചിലൂടെ ലഭിച്ചവ വിതരണം ചെയ്തു. പൊതുസ്ഥാപനങ്ങൾ സന്ദർശിച്ചു. വായനശാല സന്ദർശിക്കുകയും എല്ലാവരും അംഗത്വം എടുക്കുകയും ചെയ്തു.

**XI സി. കെ. എൽ. പി. എസ് മണിമൂളി**

വായനദിന പ്രവർത്തനങ്ങൾ ഊർജിതമായി നടന്നു. ബക്രീദ് ദിനത്തിന്റെ ഭാഗമായി മെഹന്ദി മത്സരം നടത്തി. വിദ്യാരംഗം കലാസാഹിത്യ വേദിയുടെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ഇംഗ്ലീഷ് ഭാഷയ്ക്ക് പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചു. പി.ടി.എ ജനറൽബോഡി യോഗം ചേർന്ന് ഭാരവാഹികളെ തെരഞ്ഞെടുത്തു.

**XII പ്രൊവിഡൻസ് എൽ. പി സ്കൂൾ വെള്ളൂന്നി**

ബഷീർദിനം സമുചിതമായി ആചരിച്ചു. ലഹരി വിരുദ്ധ ദിനത്തിൽ പ്രതിജ്ഞ ചൊല്ലുകയും പോസ്റ്റർ നിർമാണം, കാർട്ടൂൺ വരയ്ക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

**XIII സെന്റ്. ജോർജ് എൽ. പി സ്കൂൾ അമ്പായത്തോട്**

വായനദിനാചരണവും വായനവാരാഘോഷങ്ങളുടെ ഉദ്ഘാടനവും നടന്നു. വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് നടത്തി.

**യു. പി വിഭാഗം**

**I സെന്റ് ആന്റണീസ് യു. പി സ്കൂൾ കോട്ടത്തറ**

വായനദിനം, ബഷീർദിനം എന്നീ ദിനങ്ങൾ വിവിധ പരിപാടികളോടെ സംഘടിപ്പിച്ചു.

**II സെന്റ് തോമസ് എ. യു. പി സ്കൂൾ ഇടിവണ്ണ**

ബക്രീദ് ദിനത്തിൽ വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ നടത്തി. വിദ്യാരംഗം കലാസാഹിത്യ വേദിയുടെയും വിവിധ ക്ലബുകളുടെയും ഉദ്ഘാടനം നടത്തി. പി. ടി. എ ജനറൽ ബോഡി കൂടുകയും ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു. സ്കൂൾ പാർലമെന്റ് ഇലക്ഷൻ നടത്തി. ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി വിവിധ മത്സരങ്ങൾ നടത്തി. ബഷീർ ദിനം സമുചിതമായി ആഘോഷിച്ചു.

**III അസംപ്ഷൻ എ. യു. പി സ്കൂൾ ബത്തേരി**

വായനദിനം വ്യത്യസ്ത പരിപാടികളോടെ സംഘടിപ്പിച്ചു. ലഹരി വിരുദ്ധ പ്രതിജ്ഞയോടെ വാരാചരണത്തിന് തുടക്കം കുറിച്ചു. ബോധവത്കരണ ക്ലാസ്സ്, ഫ്ളാഷ് മോബ് തുടങ്ങിയവ നടത്തി. ബഷീർ ദിനത്തിൽ വായനപക്ഷാചരണ സമാപനവും വിവിധ ക്ലബുകളുടെ ഉദ്ഘാടനവും നടത്തി. നീറ്റ് പരീക്ഷയിൽ വിജയിച്ച പൂർവ്വ വിദ്യാർത്ഥികളെ ആദരിച്ചു.

**IV സെന്റ് തോമസ് എ. യു. പി സ്കൂൾ മുള്ളൻകൊല്ലി**

വായനദിനവും യോഗാ ദിനവും വിവിധ പരിപാടികളോടെ നടത്തപ്പെട്ടു. വ്യത്യസ്തങ്ങളായ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തി. വിദ്യാരംഗം കലാസാഹിത്യ വേദിയുടെയും വിവിധ ക്ലബുകളുടെയും ഉദ്ഘാടനം നടത്തി. സ്കൂൾ ഇലക്ഷൻ സംഘടിപ്പിച്ചു. ബഷീർദിനം ആചരിച്ചു. സ്കൂൾതല പ്രവർത്തിപരിചയ മേള നടത്തി. നല്ലപാഠം പ്രവർത്തനങ്ങൾക്കുള്ള ക്യാഷ് അവാർഡും പുരസ്കാരവും ഏറ്റുവാങ്ങി.

**V അമ്പായത്തോട് യു. പി സ്കൂൾ**

വിദ്യാരംഗം കലാസാഹിത്യ വേദിയുടെയും വിവിധ ക്ലബുകളുടെയും ഉദ്ഘാടനവും പ്രതിഭോത്സവവും നടത്തി. മാഗസിൻ

പ്രകാശനം ചെയ്തു. വായനാ ദിനത്തിലും ലഹരി വിരുദ്ധ ദിനത്തിലും വിവിധ പരിപാടികൾ നടത്തപ്പെട്ടു. അക്ഷരക്കൂട്ട് പദ്ധതി ആരംഭിച്ചു.

**VI സെന്റ് ആന്റണീസ് യു. പി സ്കൂൾ പഴൂർ**

വായനദിനാചരണത്തിന്റെ ഭാഗമായി പ്രത്യേക അസംബ്ലി നടത്തി. രക്ഷിതാക്കൾക്കും കുട്ടികൾക്കും വിവിധ മത്സരങ്ങൾ നടത്തി. പ്രഥമ പി. ടി. എ ജനറൽബോഡി യോഗവും വിജയികളെ ആദരിക്കലും സംഘടിപ്പിച്ചു. യോഗാദിനം ആചരിച്ചു. നല്ലപാഠം പ്രവർത്തനങ്ങളുടെ ഭാഗമായി പഠനോപകരണങ്ങൾ ശേഖരിച്ചു വിതരണം ചെയ്തു. ലഹരി വിരുദ്ധവാരം വിവിധ പ്രവർത്തന ങ്ങളോടെ സംഘടിപ്പിച്ചു. ബഷീർദിനം ആചരിച്ചു. സ്കൂൾതല പ്രവർത്തി പരിചയമേള സംഘടിപ്പിച്ചു. സ്കൂൾ പാർലമെന്റ് തെര ഞ്ഞെടുപ്പ് നടത്തി.

**VII സെന്റ് ജോസഫ്സ് യു. പി സ്കൂൾ കല്ലോടി**

വായനദിനം വിവിധ പരിപാടികളോടെ ആഘോഷിച്ചു. രക്ഷി താക്കൾക്കും വിദ്യാർത്ഥികൾക്കും മത്സരങ്ങൾ നടത്തി. ലഹരി വിരുദ്ധവാരാചരണം വിവിധങ്ങളായ പ്രവർത്തനങ്ങളോടെ സംഘ ടിപ്പിച്ചു.

**VIII സെന്റ് മേരീസ് എ. യു. പി സ്കൂൾ തരിയോട്**

ഒരു മാസം നീളുന്ന വായന പ്രവർത്തനങ്ങൾക്ക് ജൂൺ 19 ന് തുടക്കം കുറിച്ചു. ലഹരിക്കെതിരായ മനുഷ്യച്ചങ്ങലയും വിവിധ പരിപാടികളും സംഘടിപ്പിച്ചു. അധ്യാപക രക്ഷാകർതൃ സംഗമവും ആരോഗ്യ സുരക്ഷാക്ലാസും നടത്തി. ബഷീർ അനുസ്മരണവും വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ഉദ്ഘാടനവും നടത്തി. നല്ലപാഠം പ്രവർത്തനങ്ങളുടെ ഭാഗമായി ഡോക്ടറെ ആദരിച്ചു.

**IX സെന്റ് സെബാസ്റ്റ്യൻസ് യു. പി സ്കൂൾ പാടിച്ചിറ**

വായനദിനം സമുചിതമായി ആചരിച്ചു. ലഹരി വിരുദ്ധ വാരാ ചരണത്തിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ നടത്തി. സ്കൂൾ ഇലക്ഷൻ നടത്തി. ബഷീർ ദിനം വിവിധ പരിപാടികളോടെ കൊണ്ടാടി.

**X എ. യു. പി സ്കൂൾ ദ്വാരക**

യോഗാദിനം വിപുലമായി ആചരിച്ചു. ലഹരി വിരുദ്ധവാരം വിവിധ പ്രവർത്തനങ്ങളോടെ സംഘടിപ്പിച്ചു. വായന വാരാചരണ സമാപനവും വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ഉദ്ഘാടനവും

സമുചിതമായി നടത്തപ്പെട്ടു. പ്രഥമ പി. ടി. എ ജനറൽ ബോഡി യോഗവും തെരഞ്ഞെടുപ്പും നടത്തപ്പെട്ടു. ബഷീർദിനം വിപുലമായി ആചരിച്ചു.

**XI സെന്റ് സെബാസ്റ്റ്യൻസ് യു. പി സ്കൂൾ കൊമ്മയാട്**

വിവിധ പരിപാടികളോടെ വായനദിനം ആചരിച്ചു. വിദ്യാർത്ഥികൾക്ക് യോഗദിനത്തിൽ പരിശീലനം നൽകി. വിവിധ പരിപാടികളോടെ ലഹരി വിരുദ്ധ വാരാഘോഷം സംഘടിപ്പിച്ചു. ബഷീർ ദിനത്തിൽ പൂവൻപഴം എന്ന കഥയുടെ ദൃശ്യാവിഷ്കാരം നടത്തി.

**XII സെന്റ് മേരീസ് യു. പി സ്കൂൾ കബനിഗിരി**

പ്രഥമ പി. ടി. എ ജനറൽ ബോഡിയോഗവും തെരഞ്ഞെടുപ്പും നടത്തി. സ്കൂൾ പാർലമെന്റ് ഇലക്ഷൻ സംഘടിപ്പിച്ചു. വായന വാരം സമുചിതമായി ആചരിച്ചു. യോഗ പരിശീലനവും, ബോധവത്കരണ ക്ലാസ്സും സംഘടിപ്പിച്ചു. ബഷീർ ദിനവും ലഹരി വിരുദ്ധ വാരാചരണവും വിവിധ പ്രവർത്തനങ്ങളോടെ നടത്തപ്പെട്ടു. ഡോക്ടേഴ്സ് ദിനത്തിൽ ആശുപത്രി സന്ദർശിക്കുകയും ഡോക്ടറെ ആദരിക്കുകയും ചെയ്തു.

**XIII സെന്റ് തോമസ് യു. പി സ്കൂൾ തവിഞ്ഞാൽ**

നല്ലപാഠം ക്ലബ്ബിന്റെ നേതൃത്വത്തിൽ പെൻബോക്സ് സ്ഥാപിച്ചു. വായന വാരാഘോഷം സംഘടിപ്പിച്ചു. കരാട്ടെ ക്ലാസ് ആരംഭിച്ചു. സംസ്കൃത പ്രദർശിനി സംഘടിപ്പിച്ചു. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, സ്കൂൾ ഇലക്ഷൻ, പി.ടി.എ തെരഞ്ഞെടുപ്പ് എന്നിവ സംഘടിപ്പിച്ചു.

**XIV സെന്റ് ജോസഫ്സ് ടി. ടി. ഐ മാനന്തവാടി**

വായനപക്ഷാചരണവും വിദ്യാരംഗം കലാസാഹിത്യ വേദിയുടെ പ്രവർത്തനങ്ങളും ഉദ്ഘാടനം ചെയ്തു. പി. ടി. എ ജനറൽ ബോഡി ചേർന്ന് ഭാരവാഹികളെ തെരഞ്ഞെടുത്തു.

**ഹൈസ്കൂൾ വിഭാഗം**

**I സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

വിദ്യാലയത്തിലെ വിജയോത്സവവും വിവിധ ക്ലബുകളുടെ ഉദ്ഘാടനവും നടന്നു. നല്ലപാഠം പ്രവർത്തനങ്ങളുടെ ഭാഗമായി രക്തദാനക്യാമ്പ് സംഘടിപ്പിച്ചു. വിവിധ പരിപാടികളോടെ വായന വാരാചരണവും യോഗാ ദിനവും നടത്തപ്പെട്ടു. ലഹരിക്കെതിരെ പ്രവർത്തിക്കാൻ ആഹ്വാനം ചെയ്തു കൊണ്ട് ലഹരി വിരുദ്ധവാരാചരണം സംഘടിപ്പിച്ചു. ബഷീർ ദിനം വിപുലമായി ആചരിച്ചു.

വിവിധ പരിശീലനങ്ങൾ ആരംഭിച്ചു. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പ്രവർത്തനങ്ങൾക്ക് തുടക്കമായി.

**II സെന്റ് കാതറൈൻസ് ഹൈസ്കൂൾ പയ്യമ്പള്ളി**

വായനവാരാഘോഷം സമുചിതമായി ആചരിച്ചു. വിജയോത്സവം സംഘടിപ്പിച്ചു. വിവിധ ക്ലബുകളുടെ ഉദ്ഘാടനം നടത്തി. പി. ടി. എ ജനറൽബോഡി യോഗം ചേർന്ന് ഭാരവാഹികളെ തെരഞ്ഞെടുത്തു. ലഹരി വിരുദ്ധവാരാചരണത്തിൽ വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തി. ബഷീർദിനം ആചരിച്ചു. ഔഷധസസ്യങ്ങൾ വിതരണം ചെയ്തു.

**III അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി**

വിജയികളെ ആദരിക്കൽ പരിപാടി സംഘടിപ്പിച്ചു. സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തക സമാഹരണം ആരംഭിച്ചു . വേൾഡ് മ്യൂസിക് ഡേയുടെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ നടത്തി. ലഹരി വിരുദ്ധ വാരാചരണത്തിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ നടത്തി. സ്കൗട്ട്, NCC, JRC യൂണിറ്റുകളിലേക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുത്തു.

**IV ഐ. ജെ. എം ഹൈസ്കൂൾ കൊട്ടിയൂർ**

വായന മാസാചരണം വിപുലമായി നടത്തി. യോഗദിനത്തിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി. വിജയോത്സവം സംഘടിപ്പിച്ചു. ഉന്നത വിജയം നേടിയവരെ ആദരിച്ചു. ലഹരി വിരുദ്ധ ദിനത്തിന്റെ ഭാഗമായി വ്യത്യസ്ത മത്സരങ്ങൾ നടത്തി. ബഷീർ ദിനാചരണം നടത്തി. ജില്ലയിലെ മികച്ച ലിറ്റിൽ കൈറ്റ്സിനുള്ള ഒന്നാം സ്ഥാനം കരസ്ഥമാക്കി.

**V സെന്റ് ജോസഫ്സ് ഹൈസ്കൂൾ കല്ലോടി**

ലഹരി വിരുദ്ധ ദിനത്തിൽ റാലിയും ബോധവത്കരണ ക്ലാസ്സും നടത്തി. YIP ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട ഓറിയന്റേഷൻ ക്ലാസ് നൽകി. വായന വാരാചരണത്തിൽ വിവിധ മത്സരങ്ങൾ നടത്തി.

**VI സെന്റ് ജോസഫ്സ് ഹൈസ്കൂൾ അടയ്ക്കാത്തോട്**

വായന ദിനവും വിവിധ ക്ലബുകളുടെ ഉദ്ഘാടനവും നടത്തപ്പെട്ടു. വിജയോത്സവം സംഘടിപ്പിച്ചു. ലഹരി വിരുദ്ധ വാരാചരണത്തിന്റെ ഭാഗമായി വിവിധ പരിപാടികൾ നടത്തി.

**VII ഫാ. ജി. കെ. എം ഹൈസ്കൂൾ കണിയാരം**

SSLC പരീക്ഷയിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥി

കളെ ആദരിച്ചു. പരിസ്ഥിതിദിനം, വായനാദിനം, യോഗദിനം, സംഗീതദിനം എന്നിവ വിവിധ പരിപാടികളോടെ സമുചിതമായി ആചരിച്ചു. ലഹരി വിരുദ്ധ വാരാചരണത്തിന്റെ ഭാഗമായി വിവിധ മത്സരങ്ങൾ നടത്തി.

**ഹയർ സെക്കണ്ടറി വിഭാഗം**

**I സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂൾ കല്ലോടി**

നവാഗതരെ ആഘോഷപൂർവം സ്വീകരിച്ചു. വിവിധ പ്രവർത്തനങ്ങളോടെ വായനദിനം ആചരിച്ചു. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് മോട്ടിവേഷൻ ക്ലാസ് നൽകി. പി. ടി. എ യോഗം ചേർന്നു. ലൈബ്രറി നവീകരിച്ചു.

**II സെന്റ് കാതറൈൻസ് ഹയർ സെക്കണ്ടറി സ്കൂൾ പയ്യമ്പള്ളി**

NCC, NSS, സ്കൗട്ട്, ഗൈഡ് യൂണിറ്റുകളുടെ നേതൃത്വത്തിൽ പരിസ്ഥിതി ദിനം ആചരിച്ചു. വായനദിനവും യോഗദിനവും വിവിധ പരിപാടികളോടെ ആചരിച്ചു. വിദ്യാർത്ഥികൾക്കായി ഓറിയന്റേഷൻ ക്ലാസ് സംഘടിപ്പിച്ചു. ലഹരി വിരുദ്ധദിനത്തിൽ ബോധവത്കരണ ക്ലാസ്സ് നൽകി.

**III ഐ. ജെ. എം ഹയർ സെക്കണ്ടറി സ്കൂൾ കൊട്ടിയൂർ**

വിദ്യാർത്ഥികൾക്കായി മോട്ടിവേഷൻ ക്ലാസ് സംഘടിപ്പിച്ചു. വായന ദിനം, യോഗദിനം എന്നിവ വിവിധ പ്രവർത്തനങ്ങളോടെ നടത്തപ്പെട്ടു. ഫ്രഷേഴ്സ് ഡേ, വിജയോത്സവം എന്നിവ നടത്തി. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. ഹെൽത്ത്ക്ലാസ് സംഘടിപ്പിച്ചു. രക്ഷിതാക്കളുടെ ജനറൽബോഡി യോഗവും ക്ലാസ് പി. ടി. എയും ചേർന്നു.

2024-25 അധ്യയന വർഷം വ്യത്യസ്തവും വിവിധങ്ങളുമായ പ്രവർത്തനങ്ങളാൽ സജീവമായിക്കൊണ്ടിരിക്കുന്ന നമ്മുടെ വിദ്യാലയങ്ങൾ ഇതിനോടകം തന്നെ ചെറുതും വലുതുമായ നിരവധി മേഖലകളിൽ വിജയങ്ങൾ കരസ്ഥമാക്കു കയും പുതിയ പ്രതീക്ഷകളുമായി മുന്നേറുകയും ചെയ്യുന്നുവെന്നുള്ളത് സന്തോഷകരമാണ്. വരുംനാളുകളിൽ നിരവധി അംഗീകാരങ്ങൾ ഓരോ വിദ്യാലയത്തെയും തേടിയെത്തട്ടെ.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ

**ജർമൻ പ്രോഗ്രാം**

കാട്ടിക്കുളം, കുഞ്ഞോം, കോട്ടയം FEDAR ജർമൻ ക്യാമ്പസുകളിൽ വിവിധ ബാച്ചുകളിലായി 160 ഓളം കുട്ടികൾ മെയ് ജൂൺ മാസങ്ങളിൽ ചേർന്ന് പഠനം തുടരുന്നു. കഴിഞ്ഞ ബാച്ചുകളിലെ കുട്ടികൾ പരീക്ഷകൾ എഴുതിയതിൽ മെയ്, ജൂൺ മാസങ്ങളിൽ വന്ന റിസൾട്ടിൽ 8 പേർ B2 വും 14 പേർ B1 ഉം വിജയിച്ചു. ആദ്യ ബാച്ചിലെ 17 ഓളം കുട്ടികൾ നിലവിൽ FEDAR ഫൌണ്ടേഷൻ വഴി വിവിധ വിസകളിലായി ജർമനിയിൽ എത്തിയിട്ടുണ്ട്. 45 ഓളം കുട്ടികൾ ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ജർമനിയിൽ എത്തിച്ചേരും.

**ഫെഡാർ കണക്ട്**

ഈ വർഷം നഴ്സിംഗ് പഠനത്തിന് പോകുന്ന വിദ്യാർത്ഥികൾക്കായുള്ള ഓറിയന്റേഷൻ പ്രോഗ്രാം രണ്ട് ബാച്ചുകളുടെ പരിശീലനം പൂർത്തിയായി. വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള പഠന സഹായ ഒരുക്ക ക്ലാസുകൾ കാട്ടിക്കുളം ക്യാമ്പസിൽ ജൂൺ 26 നും, കുഞ്ഞോം ക്യാമ്പസിൽ ജൂലൈ 2 നും നടത്തപ്പെട്ടു. സി. റെജിൻ MSMI ക്ലാസുകൾക്ക് നേതൃത്വം നൽകി. ഭാഷാപഠന വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള ഒരുക്ക സെമിനാർ ജൂലൈ 1 ന് കൂത്താട്ടുകുളം വല്ലംബ്രോസൻ ഇൻസ്റ്റ്യൂട്ടിൽ വച്ച് നടത്തപ്പെട്ടു. ഫാ. ഡൊമിനിക് വളകുടിയിൽ, ഫാ. റിൻസൺ പോൾ നെല്ലിമലയിൽ എന്നിവർ നേതൃത്വം നൽകി.

**Teclesia**

ഇടവക രേഖകൾ ഡിജിറ്റലൈസ് ചെയ്യുന്ന Teclesia യിൽ ഡാറ്റാ എൻട്രി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ബത്തേരി, പയ്യമ്പള്ളി, തരിയോട്, ബോയ്സ് ടൗൺ, കബനിഗിരി, കാട്ടിക്കുളം, മാനന്തവാടി ടൗൺ, ശിശുമല തുടങ്ങിയ ഇടവകകളിൽ ഫെഡാർ ഫൗണ്ടേഷൻ ട്രെയിനിംഗ് നൽകിയ ഉദ്യോഗാർത്ഥികൾ നേരിട്ട് ഡാറ്റാ എൻട്രി നടത്തി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ കൊമ്മയാട്, പറളിക്കുന്ന്, മരക്കടവ്, മൂലങ്കാവ്, ആലാറ്റിൽ തുടങ്ങിയ ഇടവകകൾ ട്രെയിനിംഗ് എടുക്കുകയോ ഫോൺ വഴി ബന്ധപ്പെട്ടോ സംശയനിവാരണം നടത്തി സ്വന്തം നിലയിൽ ഡാറ്റ എൻട്രി പൂർണ്ണമായോ നിശ്ചിത കാലഘട്ടത്തിലേതോ പൂർത്തിയാക്കിയിട്ടുണ്ട്. ഇവക്കുപുറമേ നിരവധി ഇടവകകളിൽ ഡാറ്റാ എൻട്രി കാര്യക്ഷമമായി നടക്കുന്നുണ്ട്. മതബോധന വിഭാഗത്തിന്റെ വിവിധ പ്രവർത്തനങ്ങൾ, KCYM, മിഷൻലീഗ് എന്നീ സംഘടനകളുടെ പ്രവർത്തനങ്ങൾക്കായുള്ള രജിസ്ട്രേഷൻ എന്നിവയും Teclesia പ്രോജെക്റ്റിന്റെ ഭാഗമായി എല്ലാ ഇടവകകളിലും തന്നെ നടന്നു വരുന്നു.

**ഫാ. അരുൺ മഠത്തിപറമ്പിൽ**
ജി. എം, ഫെഡാർ ഫൗണ്ടഷൻ

# Bishop's Programme



***August 2024***

*1 Thursday: .................... Appapara: Blessing of renovated church*

*3 Saturday: Morning:..... Board Meeting: Your neighbour Association*

*Evening: ..... Vianney Bhavan*

*4 Sunday - 10 Saturday: Ernakulam: KCBC Retreat*

*12 Monday:.................... Kaniyaram: Laying of foundation stone of ALP School*

*13 Tuesday:.................... Dwaraka: North Kerala Bishops' Meeting*

*14 Wednesday:............... Chemperi: Declaration of Basilica*

*17 Saturday: Morning:.. Dwaraka: Public Affairs Committee Seminar*

*Afternoon:. WSSS General Body Meeting*

*18 Sunday:..................... Ernakulam: Golden Jubilee Celebration of KLM*

*19 Monday-31 Saturday: Mount St Thomas: Synod & Major Archiepiscopal Assembly*

***September 2024***

*3 Tuesday: .................... Nadavayal: Blessing of school auditorium*

*6 Friday - 7 Saturday:.... Kunnoth Good Shepherd Major Seminary*

*8 Sunday: Morning:....... Edappetty : Parish Jubilee conclusion*

*Evening:.... Dwaraka Priests' retreat*

*9 Monday - 13 Friday:... Dwaraka: Priests' Retreat*

*18 Wednesday:............... Peresbyteral Council*

*26 Thursday:.................. Kalpetta: Blessing of the new block of De Paul School*

# *Auxiliary Bishop's Programme*



***August 2024***

*04 Sunday: ........................ Vianney Bhavan: Vianny Day Celebration & Holy Mass*

*04 Sun- 09 Fri: ................. Kakkanad: KCBC Retreat*

*10 Saturday:....................... Kilianthara: First Communion*

*11 Sunday:......................... Kottiyoor: Pastoral Visit*

*12 Mon- 13 Tues:.............. Dwaraka: North Kerala Bishop's Meet*

*14 Wednesday: Afternoon: Chembery: Declaration of Basilica*

*Evening:. WSS Gathering*

*18 Sunday:......................... Aloor: Holy Mass*

*19 Mon-31 Sat:................. Kakkanad: Synod & Major Archiepiscopal Assembly*

*26 Mon-30 Fri: ................ Priest's Retreat- Batch 1*

***September 2024***

*01 Sunday:......................... Padamala: Pastoral Visit*

*06 Friday: ......................... Mapranam: Holy Mass*

*07 Saturday:.......................Cherupuzha: Krupalayam: Holy Mass*

*08 Sunday: Morning:....... Karani: Pastoral Visit*

*Evening:........ Nadavayal: Holy Mass*

*08 Sun- 13 Fri:.................. Priest's Retreat- Batch 2*

*18 Wednesday:.................. Presbyteral Council*

*19 Thursday:...................... Nadavayal: La Sallete: Holy Mass*

*22 Sunday:......................... Manjoora: Pastoral Visit*

*29 Sunday: ......................... Kalpra: Pastoral Visit*